"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

## സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

### പാലാ രൂപതാ ബുള്ളറ്റിൻ

Vol. LX | APRIL 2010 | No. 4




**ഈസ്റ്റർ ആശംസകൾ**

## ഉൾത്താളുകളിൽ...


| | |
|---|---|
| സർക്കുലർ | - 221 |
| ലേഖനം | - 225 |
| ലേഖനം | - 233 |
| ലേഖനം | - 239 |
| കച്ചേരിക്കാര്യം | - 244 |
| വിയാനി ചിന്തകൾ | - 247 |
| കളക്ഷൻ ലിസ്റ്റ് | - 251 |
| അറിയിപ്പുകൾ | - 255 |
| പൗരോഹിത്യ ചിന്തകൾ | - 258 |
| പാലാ മിഷൻ വാർത്ത | - 265 |
| വാർത്തകൾ | - 267 |
| നിര്യാതരായി | - 280 |
| Prayer day | - 282 |
| പിതാവിന്റെ ഡയറിയിൽ നിന്ന് | - 283 |
| Bishop's Engagements | - 289 |




**2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച് സീറോമലബാർ സഭാ മെത്രാന്മാരുടെ 18-ാമത് സിനഡിന്റെ ആദ്യസമ്മേളനത്തിനു ശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ 18-ാമത്തെ സിനഡിന്റെ ആദ്യസമ്മേളനം 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരേയും അറിയിക്കുന്നതിന് എനിക്കേറെ സന്തോഷമുണ്ട്. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം മെത്രാന്മാർ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡിന് ആത്മീയമായി ഒരുങ്ങുകയും ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തു. ബിജ്നോർ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോൺ വടക്കേൽ സി.എം.ഐ. ഉൾപ്പെടെ 36 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. എന്റെ രോഗാവസ്ഥയിൽ വിവരങ്ങൾ അന്വേഷിച്ചും ആശ്വാസവചനങ്ങൾ അറിയിച്ചും പ്രാർത്ഥിച്ചും എന്നെ സഹായിച്ച നിങ്ങളെല്ലാവരോടും ഞാൻ നന്ദി പറയുന്നു. ഇനിയും നിങ്ങളുടെ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ സിനഡിലെ തീരുമാനങ്ങളും മറ്റും സർക്കുലർ വഴി നിങ്ങളെ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് വൈദികവർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ സഭയിലെ രൂപതാവൈദികരുടെയും സന്യാസവൈദികരുടെയും പ്രതിനിധിസമ്മേളനം സഭാകേന്ദ്രത്തിൽ വച്ച് നടത്തുകയുണ്ടായി. സഭയിൽ ഒരുമയുടെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്താൻ ഈ സമ്മേളനം ഉപകരിച്ചു എന്ന് സിനഡ് വിലയിരുത്തി. ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ ആയിരുന്ന ആർച്ചുബിഷപ് പെദ്രോ ലോപ്പസ് ക്വിന്താന കാനഡായി

ലേക്ക് സ്ഥലം മാറിപ്പോയ വിവരം നിങ്ങളറിഞ്ഞിരിക്കുമല്ലോ. സീറോ മലബാർ സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ നമുക്ക് നന്ദിയോടെ ഓർക്കാം.

പൗരസ്ത്യ സഭകളിലെ പാത്രിയർക്കീസുമാരുടെയും മേജർ ആർച്ചുബിഷപ്പുമാരുടെയും ഒരു സമ്മേളനം ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ പരിശുദ്ധ പിതാവ് വിളിച്ചുകൂട്ടിയിരുന്നു. ഞാനും അതിൽ സംബന്ധിക്കുകയുണ്ടായി. തദവസരത്തിൽ, ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന സീറോ മലബാർ സഭാംഗങ്ങളുടെ അജപാലനശുശ്രൂഷയ്ക്കും പ്രേഷിതപ്രവർത്തനത്തിനും സീറോ മലബാർ സഭയ്ക്കുള്ള ചുമതലയും അവകാശവും സംബന്ധിച്ച കാര്യങ്ങൾ ഞാൻ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ മനോഭാവമാണ് പരിശുദ്ധ പിതാവിനുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അനുകൂലസാഹചര്യങ്ങൾ നിലവിലുള്ള വിദേശരാജ്യങ്ങളിൽ വസിക്കുന്ന സീറോ മലബാർ സഭാംഗങ്ങൾക്ക് ആവശ്യമായ അജപാലനശുശ്രൂഷ ലഭ്യമാക്കുന്നതിന് വൈദികരെ അയയ്ക്കാൻ നാം ശ്രദ്ധിക്കുന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ പ്രതികൂലസാഹചര്യങ്ങൾ പരിഹരിക്കാനും ക്ഷമാപൂർവ്വം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതോടൊപ്പം ആഴമായ പ്രേഷിതചൈതന്യമുള്ള വൈദികരെ രൂപപ്പെടുത്തുന്നതിനും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗികമാർഗ്ഗങ്ങളെക്കുറിച്ചും സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ തീവ്രമായ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

പ്രവാസികളുടെയിടയിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യക്തമായ സഭാത്മക കാഴ്ചപ്പാടോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ബന്ധപ്പെട്ട കമ്മീഷന്റെ സഹകരണത്തോടെ സിനഡ് ശ്രദ്ധിക്കുന്നതാണ്. ഈ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ശക്തവും വിപുലവുമാക്കുന്നതിനുള്ള നടപടികളും സിനഡ് സ്വീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിട്ടുണ്ട്. സുവിശേഷവത്കരണത്തിന്റെയും പ്രവാസികളായ സഭാംഗങ്ങളുടെ അജപാലനത്തിന്റെയും ചുമ



തലയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ബന്ധപ്പെട്ട രൂപതാ ഡയറക്ടർമാരുടെയും സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും ഒരു സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം വളരെ ഫലപ്രദമായ ഒന്നായിരുന്നു എന്നാണ് വിലയിരുത്തപ്പെട്ടത്.

**വൈദികവിദ്യാർത്ഥികളുടെ പരിശീലനം**

വൈദികാർത്ഥികളുടെ പരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമായി സിനഡ് പിതാക്കന്മാർ ചർച്ച ചെയ്യുകയുണ്ടായി. സഭാശാസ്ത്രവിഷയങ്ങളിൽ, പ്രത്യേകിച്ച് ബൈബിളിൽ കൂടുതൽ ആഴവും സമഗ്രവുമായ അറിവും ബോദ്ധ്യവും ഉത്സാഹവും വൈദികാർത്ഥികൾക്ക് ഉണ്ടാകത്തക്കവിധം സെമിനാരി പരിശീലനം മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. ദൈവവചനവ്യാഖ്യാനത്തിൽ ഇന്ന് നേരിടുന്ന വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം ബൈബിൾ ജ്ഞാനം വൈദികവിദ്യാർത്ഥികൾക്കുണ്ടാകണം. സഭയോടും സഭാപാരമ്പര്യത്തോടും ബന്ധപ്പെടുത്തിയായിരിക്കണം ബൈബിൾ പഠനം നടക്കേണ്ടത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സെമിനാരി പ്രൊഫസേഴ്സ് അർപ്പണബോധത്തോടെ സ്വയം ഒരുങ്ങണമെന്നും അതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്നും പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

2010 ആഗസ്റ്റ് 20–22 തീയതികളിൽ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി നടക്കുന്ന എന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. അസംബ്ലിയുടെ ചർച്ചാവിഷയത്തെ സംബന്ധിച്ച് രൂപതകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 'വിശ്വാസം ജീവന്റെ സംരക്ഷണത്തിൽ' എന്ന വിഷയമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്. അസംബ്ലിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്. അസംബ്ലിയുടെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

**ആരാധനക്രമഗ്രന്ഥങ്ങൾ**

വിശുദ്ധ കുർബാനയിലെ പ്രോപ്രിയ പ്രാർത്ഥനകൾ മൂന്നു വർഷത്തെ പരീക്ഷണാർത്ഥമുള്ള ഉപയോഗത്തെത്തുടർന്ന് തിരഞ്ഞെ

ടുക്കപ്പെട്ടവ ഉൾപ്പെടുത്തി പുതിയ കുർബാനപ്പുസ്തകം പ്രസിദ്ധീകരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വിശുദ്ധ കുർബാനയിലെ സജീവ പങ്കാളിത്തത്തിന് ഈ നവീകരണം സഹായകമാകുമെന്ന് ഞാൻ കരുതുന്നു. കൂടാതെ പീഡാനുഭവവാരതിരുക്കർമ്മങ്ങളുടെയും സന്യാസപ്രഥമവ്രതവാഗ്ദാന ക്രമത്തിന്റെയും നിത്യവ്രതവാഗ്ദാനക്രമത്തിന്റെയും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമർപ്പണക്രമത്തിന്റെയും ടെക്സ്റ്റുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നതും സന്തോഷകരമായ കാര്യമാണ്. ഇവയും യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

**പുതിയ രൂപതകളും മെത്രാന്മാരും**

ഏറെ സന്തോഷകരമായ മറ്റൊരു കാര്യം സീറോമലബാർ സഭയ്ക്ക് രണ്ട് പുതിയ രൂപതകളും ആറ് പുതിയ മെത്രാന്മാരും ഉണ്ടായി എന്നുള്ളതാണ്. പാലക്കാട്, മാനന്തവാടി എന്നീ രൂപതകൾ വിഭജിച്ച് യഥാക്രമം രാമനാഥപുരം, മാണ്ഡ്യ എന്നീ രണ്ടു പുതിയ രൂപതകൾക്കൂടി ഉണ്ടായിരിക്കുന്നു. പുതിയ രൂപതകളുടെ ഇടയന്മാരായി യഥാക്രമം മാർ പോൾ ആലപ്പാട്ട്, മാർ ജോർജ് ഞരളക്കാട്ട് എന്നീ രണ്ടു മെത്രാന്മാരും നിയമിതരായിരിക്കുന്നു. 75 വയസ്സു തികഞ്ഞ താമരശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പള്ളിയും ഇരിഞ്ഞാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിലും സഭാനിയമപ്രകാരം സഭാഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. തൽസ്ഥാനങ്ങളിലേയ്ക്ക് യഥാക്രമം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മാർ പോളി കണ്ണൂക്കാടനും നിയമിതരായിരിക്കുന്നു. കൂടാതെ തൃശൂർ അതിരൂപത സഹായമെത്രാനായി മാർ റാഫേൽ തട്ടിലും ആദ്യത്തെ കൂരിയാ മെത്രാനായി മാർ ബോസ്കോ പുത്തൂരും നിയമിതരായിരിക്കുന്നു. പുതിയ രൂപതകൾക്കും മെത്രാന്മാർക്കും വിരമിക്കുന്ന പിതാക്കന്മാർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ സഭയുടെ വളർച്ചയ്ക്ക് ഇവ ഉപകരിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

**വർക്കി കാർഡിനൽ വിതയത്തിൽ,**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

കാക്കനാട്
10 മാർച്ച് 2010



<u>ലേഖനം</u>

# വി. പത്രോസിന്റെ ഊർബി എത്ത് ഓർബി പ്രഭാഷണം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപതാ മെത്രാൻ**

"ജീവന്റെ നാഥനെ നിങ്ങൾ വധിച്ചു. എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ്" (നടപടി 3: 15). പത്രോസ് ലോകത്തോടു നടത്തിയ ആദ്യത്തെ ഈ ഉത്ഥാനപ്രസംഗമാണ് യഥാർത്ഥത്തിലുള്ള ഊർബി ഏത്ത് ഓർബി. ഈ ഉത്ഥാനപ്രഭാഷണത്തിലാണ് സഭ പിറന്നുവീണത്. പട്ടണത്തിലും ലോകത്തിന്റെ അതിർത്തികളിലും താമസിക്കുന്ന എല്ലാവർക്കും എല്ലാ കാലത്തേക്കുമുള്ള സന്ദേശമിതാണ്. കുരിശുമരണത്തെ ഉത്ഥാനത്തിൽനിന്നും ഉത്ഥാനത്തെ കുരിശിൽനിന്നും വേർതിരിക്കാനാവില്ല. അവ തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമാണുള്ളത്. "അവന്റെ സഹനമാണ് നമ്മുടെ ഉത്ഥാനം" എന്ന് അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് പറഞ്ഞല്ലോ. "തന്റെ അഭിഷിക്തൻ ഇവയെല്ലാം സഹിക്കണമെന്ന് പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അരുളിച്ചെയ്തത് ഇങ്ങനെ പൂർത്തിയാക്കി" (നടപടി 3: 18). അതായത്, ശൂന്യമായ കല്ലറയോടുകൂടിയല്ല, കാൽവരിയിലാണ് ഉത്ഥാനരഹസ്യം ആരംഭിക്കുന്നത്. ഈശോയുടെ ഉത്ഥാനമാകുന്ന ചരിത്രസംഭവം, ചരിത്രത്തിലെ ഒരു കഴിഞ്ഞകാല സംഭവമായി മാത്രം ഒതുക്കാനാവില്ല. അതൊരു തുടർചരിത്രമാണ്. ഭാവിയിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ യാത്രയിലും കുരിശും ഉത്ഥാനവും ഒരുമിച്ചാണു പോകുന്നത് എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. "കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല" (മർക്കോ. 16: 6). അധർമ്മികളുടെ കൈകളാൽ നിങ്ങൾ അവനെ കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവം

അവനെ മൃത്യുപാശത്തിൽനിന്ന് വിമുക്തനാക്കി ഉയിർപ്പിച്ചു" (നടപടി 2: 23) . "ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? -അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു" (ലൂക്കാ 24: 5). കുരിശ് മിശിഹായെക്കുറിച്ചുള്ള മനുഷ്യന്റെ വിധിത്തീർപ്പായിരുന്നെങ്കിൽ, ശൂന്യമായ കല്ലറ മിശിഹായെക്കുറിച്ചുള്ള ദൈവത്തിന്റെ വിധിതീർപ്പായിരുന്നു.

**1. ഉത്ഥാനം ഒരു കടന്നുപോകൽ**

ഈശോയുടെ ഉയിർപ്പ് ഓരോ മനുഷ്യന്റെയും ജീവിതത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്നതാണു ചിന്തനീയമായ കാര്യം. ഉത്ഥാനം ഒരു കടന്നുപോകലാണ് - ലോകത്തിൽനിന്നു ദൈവത്തിങ്കലേക്ക്. ഈ ലോകത്തിൽനിന്ന് ദൈവപിതാവിന്റെ പക്കലേക്കുള്ള ഈശോയുടെ പാസ് ഓവർ - കടന്നുപോകലാണ് - ഉത്ഥാനം. പുറപ്പാട്, കടന്നുപോകൽ, കുടിയേറ്റം, പുറത്തേക്കു പോകൽ എല്ലാം വലിയ ആത്മീയ അർത്ഥമുള്ള കാര്യങ്ങളാണ്. ഇസ്രായേൽ ജനതയുടെ ചരിത്രം ഹെബ്രായലേഖനകർത്താവ് സംക്ഷിപ്തമായി പറയുന്നു: "തങ്ങൾ ഭൂമിയിൽ അന്യരും പരദേശികളുമാണെന്ന് ഏറ്റുപറഞ്ഞു" (ഹെബ്രാ. 11: 13). പുതിയ നിയമജനതയെക്കുറിച്ചുള്ള വിശുദ്ധ പത്രോസിന്റെ ലേഖനവും ഇതു വ്യക്തമാക്കുന്നു.

കടന്നുപോകലിന്റെ ഒരു വലിയ ആത്മീയതയാണ് ഈശോയുടെ ഉത്ഥാനം നമുക്കു നല്കുന്നത്. അത് പുറംലോകത്തുനിന്ന് അകംലോകത്തേക്കുള്ള കടന്നുപോകലാണ്. ശബ്ദത്തിൽനിന്നു നിശബ്ദതയിലേക്കുള്ള യാത്രയാണ്. ശ്രദ്ധ വ്യതിചലിക്കലിൽനിന്ന് ശ്രദ്ധയിലേക്കുള്ള പിൻതിരിയലാണ്. ചിതറിക്കപ്പെടലിൽനിന്ന് ഒരുമിച്ചു കൂട്ടുന്നതിലേക്കുള്ള യാത്രയാണ്. തിന്മയിൽ നിന്നു നന്മയിലേക്കുള്ള യാത്രയാണ്. ലോകത്തിൽ നിന്നു ദൈവത്തിങ്കലേക്കുള്ള യാത്രയാണ്. കുഴിമാടത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്കുള്ള യാത്രയാണ്. ഓരോ ധൂർത്തപുത്രന്റെയും മടങ്ങിവരലാണിത്. മരണത്തെ ജയിക്കുന്ന പ്രക്രിയയാണ് ഇതെല്ലാം. ശിരസ്സായ ഈശോ കടന്നു



പോയി. ഈ കടന്നുപോകൽ ഈശോതന്നെയാണെന്ന് സഭയുടെ പിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു. ശരീരമാകുന്ന നമ്മുടെ കടന്നുപോകലിൽ ഈ ആത്മീയഉന്നങ്ങൾ ശ്രദ്ധിക്കപ്പെടുന്നുണ്ടോ എന്നതാണു കാതൽ. പരിശുദ്ധ ത്രിത്വത്തിന്റെ വാഴ്ത്തപ്പെട്ട എലിസബത്ത് പറയുന്നു: "ഞാൻ ഭൂമിയിൽ പറുദീസാ കണ്ടു. പറുദീസാ ദൈവമാണ്. ദൈവം എന്റെ ഹൃദയത്തിനുള്ളിലാണ്." മാനസാന്തരത്തിനു മുമ്പുള്ള കാര്യത്തെക്കുറിച്ച് അഗസ്റ്റിൻ പറയുന്നു: "നാഥാ, നീ എന്റെ ഉള്ളിലായിരുന്നു. പക്ഷേ ഞാൻ പുറത്തായിരുന്നു."

ഈ 'കടന്നുപോകലിലാണ്' സഭ നിരന്തരമായി ജനിക്കുന്നത്. അടച്ചിട്ടിരിക്കുന്ന ഹൃദയവാതിലുകൾ കർത്താവു തുറക്കട്ടെ. അടച്ചുപൂട്ടിയ ഹൃദയങ്ങളിലും സംസ്കാരങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും ഉത്ഥിതൻ പ്രവേശിക്കണം. സഭയുടെ പ്രഘോഷണത്തിലാണ് ഇന്ന് ഉത്ഥാനം തുടരേണ്ടത്. അവൻ ഉയിർത്തെഴുന്നേല്ക്കാൻ തയ്യാറായി നില്ക്കുകയാണ്. വിശ്വാസവും ചൈതന്യവും നിറഞ്ഞ് നാം പ്രസംഗിക്കണം. ഈ ഈസ്റ്ററിന് ശക്തമായ ഉയിർത്തെഴുന്നേല്പ് ഉണ്ടാകണം. അത് സഭയുടെ, നമ്മുടെ പ്രഘോഷണത്തിലൂടെയാണ്. "ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ. 1: 1) എന്ന് ഓരോ പുരോഹിതനും പറയാൻ സാധിക്കണം.

മിശിഹായെക്കുറിച്ചുള്ള ഉത്ഥാനപ്രഘോഷണത്തിന് സഭ മനോഹരമായ ക്രമീകരണമാണ് ചെയ്തിരിക്കുന്നത്. മൂന്ന് റിഥങ്ങളാണ്: 1. വർഷത്തിൽ ഒരിക്കൽ - ഈസ്റ്റർ തിരുനാൾ, 2. ആഴ്ചയിലൊരിക്കൽ - ഞായറാഴ്ച ആചരണം, 3. ദിവസത്തിലൊരിക്കൽ - അനുദിന വിശുദ്ധ കുർബാന. ഈശോ തന്റെതന്നെ മരണമാകുന്ന ഉറക്കത്തിൽ നിന്ന് ഉണർന്നതിന്റെ സന്ദേശമാണ് സഭ നൽകുന്നത്. "ഞാനുറങ്ങി, പക്ഷേ എന്റെ ഹൃദയം ഉണർന്നിരുന്നു" (സഭാ.പ്രസം. 5: 2). "ഇസ്രായേലിന്റെ കാവൽക്കാരൻ ഉറങ്ങുകയോ മയങ്ങുകയോ ചെയ്യുന്നില്ല" (സങ്കീ. 121: 4). ഈ ഉണർവ്വാണ് ഉത്ഥാ

നം. പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിൽ പകരാനുള്ള അവസരമാണിത്. പഴയ തോൽക്കുടങ്ങൾ പൊട്ടി ഒഴുകുന്ന സമയമാണിത്.

ഉത്ഥാനത്തെക്കുറിച്ചുള്ള ഏറ്റവും നല്ല പ്രഭാഷണം വിശുദ്ധ കുർബാനയാണ്. തിരുവുത്ഥാനത്തെക്കുറിച്ചു നമ്മെ കേൾപ്പിക്കുന്ന നിത്യതയുടെ പ്രതിധ്വനി തന്നെയാണ് വിശുദ്ധ കുർബാന; ഒപ്പം, ഈശോയെ ഭക്ഷിക്കുവാനുള്ള അവസരവും. ഉത്ഥാനത്തെക്കുറിച്ച് നിരന്തരമായി കേൾക്കുവാൻ നമുക്കു സാധിക്കണം. കർമ്മങ്ങൾക്കായി വന്ന് ഓടിപ്പോകുന്നവർക്ക് ഈ സന്ദേശം കിട്ടിയെന്നു വരില്ല. വിശുദ്ധ കുർബാനയോടും വചനപ്രഘോഷണത്തോടുംകൂടെ നമ്മൾ ആയിരിക്കുമ്പോൾ മാത്രമാണ് നമുക്ക് ഉത്ഥാനാനുഭവം ഉണ്ടാകുന്നത്. ഈ ദിവ്യരഹസ്യങ്ങൾക്ക് ചുറ്റും ആയിരിക്കുവാൻ നമുക്കു ശ്രമിക്കാം. ശ്രദ്ധയോടെ ഈ രഹസ്യങ്ങളോടു ചേർന്നിരിക്കുന്നവർക്കു മാത്രമേ അതു കിട്ടൂ. ഉത്ഥിതൻ യാത്ര തുടരുകയാണ്. ഉത്ഥിതനെ അന്വേഷിച്ചു നാം കല്ലറയിലേക്കല്ല ഓടേണ്ടത്. പുതിയ മനുഷ്യത്വത്തിലേക്കും പുതിയ സാഹചര്യത്തിലേക്കുമുള്ള യാത്രയാണ് ഉത്ഥാനം. ഉത്ഥിതന്റെ കൂടെ നമ്മൾ യാത്ര ചെയ്യുമ്പോൾ മാത്രമാണ് നമുക്ക് എമ്മാവൂസ് അനുഭവം ഉണ്ടാകുന്നത്. ഉത്ഥിതൻതന്നെ നമ്മുടെ മനസ്സു തുറക്കണം. ഇന്നു സഭ ഒന്നാകെ വി. ഗ്രന്ഥം തുറക്കുകയും ഗ്രഹിക്കുകയും ചെയ്യേണ്ടതുണ്ട്. നമ്മുടെ സംശയങ്ങൾ നീക്കേണ്ടതുണ്ട്. വി. ഗ്രിഗറി പറയുന്നു: "അവന്റെ മുറിപ്പാടുകൾ കാണിച്ചത്, നമ്മുടെ സംശയത്തിന്റെ മുറിവുകൾ മാറ്റിയെടുക്കാനാണ്." അവന്റെ മുറിവുകളെ ധ്യാനാത്മകമായിട്ട് സമീപിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾക്കുണ്ടാകുന്ന സ്വർഗ്ഗോന്മുഖമായ തുറവിയാണ് ഉത്ഥാനാനുഭവം.

**2. ഉത്ഥാനം: ശരീരത്തിന്റെയും മനസ്സിന്റെയും**

ഈസ്റ്റർ നമുക്കൊരു ആത്മീയ ഈസ്റ്റർ ആകണം. "ലൗകിക മനുഷ്യന് ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അത് സ്വീകരിക്കുന്നില്ല" (1 കോറി. 2:14). ശരീരത്തെ



ആത്മാവാക്കാൻ സാധിക്കാത്ത, ഭൗതികതയുടെ നേർക്കുള്ള ആത്മീയവീക്ഷണം പരിരക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയാണ് പലപ്പോഴും നാം കാണുന്നത്. സുവിശേഷം ഒരുപിടി ഉദാഹരണങ്ങൾ നൽകുന്നുണ്ട്. ബുദ്ധിമാനും സമർത്ഥനുമായ നിക്കൊദേമോസിന്, ഒരു മനുഷ്യൻ ക്രിസ്റ്റ്യൻ ആകുന്നത്, ആത്മീയനാകുന്നത് എപ്രകാരമാണെന്ന് രുചിച്ചറിയാൻ സാധിച്ചില്ല. ലോകത്തിൽ പലരും ഒരിക്കൽ മാത്രമേ ജനിക്കുന്നുള്ളു; അതായത് മാംസരക്തങ്ങളിൽനിന്നുമാത്രം. ക്രിസ്തീയത രണ്ടാമതൊരു ജനനമാണ്. മുകളിൽനിന്ന്, ഉന്നതത്തിൽനിന്ന്, സ്വർഗ്ഗത്തിൽനിന്നുള്ള ഈശോയുടെ ഉയിർപ്പിന്റെ സന്ദേശമിതത്രേ. സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്നവൻ അവന്റെ താത്പര്യങ്ങളാകുന്ന കല്ലറയിൽ കുടുങ്ങിക്കിടക്കുകയാണ്. സ്വാർത്ഥത ത്യജിച്ച് ഈശോയെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോൾ മാത്രമാണ് ഉത്ഥിതന്റെകൂടെ യാത്രചെയ്യാൻ സാധിക്കുന്നത്. മനുഷ്യന്റെ താത്പര്യങ്ങളനുസരിച്ച് ആദർശം മാറ്റുന്നവനല്ല ദൈവം. മറിച്ച്, മനുഷ്യന് ആദർശങ്ങൾ നൽകുവാൻ മനുഷ്യന്റെ തെറ്റായ വഴികൾ തിരുത്തുന്നവനാണ് ദൈവം. ദൈവം മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്.

ഈശോയുടെ ഉത്ഥാനത്തിന് നമ്മുടെ ജീവിതത്തിൽ പലമാനങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ശരീരത്തിന്റെ ഉത്ഥാനം. 'ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയുള്ളതാണ്. ദൈവം കർത്താവിനെ ഉയിർപ്പിച്ചു; അവിടുത്തെ ശക്തിയാൽ നമ്മെയും അവിടുന്നു ഉയിർപ്പിക്കും. നിങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ അവയവങ്ങളാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?" (1 കോറി. 6:14-15). ഇത് സഭയുടെ വലിയൊരു പ്രഘോഷണമാണ്. ഇതൊരു പുരോഹിത ധർമ്മവും കൂടിയാണ്. പുരോഹിതവർഷത്തിൽ ഇതിന് പ്രത്യേക പ്രാധാന്യവുമുണ്ട്. ഈ ശാരീരികതയിൽനിന്ന് നല്ലൊരു രൂപം മെനഞ്ഞെടുക്കുക എന്നതാണ് പുരോഹിതധർമ്മം. വികൃതമെന്നും, മരിച്ചതെന്നും തോന്നുന്നതിൽനിന്ന്

നല്ല പാത്രങ്ങൾ മെനഞ്ഞെടുക്കും. ഒരു വ്യക്തിക്ക് ഈ ശാരീരികതയിൽനിന്ന് ആത്മീയതയിലേക്കു കരേറാനുള്ള വഴി പറഞ്ഞുകൊടുക്കുന്ന പുരോഹിതൻ, ഈശോയുടെ ശൂന്യമായ കല്ലറയെ സമകാലികമാക്കുകയാണ്. മറ്റൊരുവനെ ഉയർത്തുമ്പോൾ അദ്ദേഹം തന്റെതന്നെ ഉയർത്തപ്പെടലിന്റെ ഒരു റിഹേഴ്സൽ കൂടെ നടത്തുകയാണ് ചെയ്യുന്നത്. "പാപിയെ തെറ്റായ മാർഗ്ഗത്തിൽനിന്നു പിന്തിരിക്കുന്നവൻ, തന്റെ ആത്മാവിനെ മരണത്തിൽനിന്നു രക്ഷിക്കുകയും തന്റെ നിരവധിയായ പാപങ്ങൾ തുടച്ചുമാറ്റുകയും ചെയ്യുന്നു എന്ന് അറിഞ്ഞുകൊള്ളുവിൻ" (യാക്കോബ് 5:20).

മറ്റൊന്ന് മനസ്സിന്റെ ഉയിർത്തെഴുന്നേൽപ്പാണ്. മാനസികമായി ക്ലേശമനുഭവിക്കുന്ന ഏറെപ്പേർ ഇന്നുണ്ട്. അവർ പട്ടാളക്കാരെപ്പോലെ ശവകുടീരത്തിനു കാവൽ നിൽക്കുന്നവരാണ്. ഉത്ഥാനം കെട്ടുകഥയും സ്ത്രീകളുടെ സംസാരവും ഒക്കെയാണെന്ന് അവർ ധരിച്ചുവശാകുന്നു. യഥാർത്ഥ സത്യം മനസിലാക്കാതെ യാഥാർത്ഥ്യത്തിനു പുറത്തുനിൽക്കുന്നവരാണിക്കൂട്ടർ. ഇത്തരം കല്ലറകളിൽനിന്നു പുറത്തുവരുവാൻ പലർക്കും ഇഷ്ടമില്ല. "ദൈവപുത്രാ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? സമയത്തിനു മുമ്പ് ഞങ്ങളെ പീഡിപ്പിക്കുവാൻ നീ ഇവിടെ വന്നിരിക്കുകയാണോ?" (മത്താ. 8:29). ഇതായിരിക്കാം ഇത്തരക്കാരിൽനിന്നുള്ള പ്രതികരണം. ഈ വ്യക്തികൾ ജീവിച്ചിരിക്കുന്നവരാണെങ്കിലും കല്ലറയിൽ അടയ്ക്കപ്പെട്ടവരാണ്. മാനസികമായി തകർന്നവരോടും ദൈവരാജ്യം തങ്ങൾക്കുള്ളിലാണ് എന്ന സത്യം പ്രഘോഷിക്കേണ്ട മറ്റൊരു പുരോഹിതധർമ്മമാണ് ഇവിടെ കാണുന്നത്. തകർന്ന മനസ്സുകൾക്ക് ഉണർവ്, ഉയർത്തൽ നൽകുക സഭയുടെ ധാർമ്മികമായ ദൗത്യം കൂടിയാണ്. ഉണർവ് സാധ്യവുമാണ്. "ഞങ്ങളിലെ ബാഹ്യമനുഷ്യർ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരികമനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു. ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ, അനുപമമായ മഹത്വവും. ദൃശ്യമായവയല്ല, അദൃശ്യമായവയാണ് ഞങ്ങളുടെ



ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരങ്ങളാണ്; അദൃശ്യങ്ങൾ അനശ്വരങ്ങളും (2 കോറി. 4:16-17).

ഈ ബോദ്ധ്യം ജനങ്ങൾക്കു നൽകുക എന്നതാണ് ഉത്ഥാനത്തിന്റെ കാതൽ. ഫ്രാൻസിസ് അസ്സീസ്സി സമ്പത്തിന്റെ കല്ലറയിൽനിന്ന് ദാരിദ്ര്യാരൂപിയുടെ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടവനായിരുന്നു. അഗസ്റ്റിൻ ഭൗതികതയുടെ ലോകത്തിൽനിന്ന് ആത്മീയതയുടെ ലോകത്തിലേക്ക് ഉയർത്തപ്പെട്ടവനാണ്. സക്കേവൂസ് ആൾക്കൂട്ടത്തിന്റെ കോലാഹലങ്ങളിൽനിന്നു ഹൃദയത്തിന്റെ നിശ്ശബ്ദതയിലേക്ക് ഉയർത്തപ്പെട്ടവനാണ്. ആൾക്കൂട്ടത്തിനിടയിലും മരത്തിനു മുകളിലിരുന്ന സക്കേയോട് ഈശോ പറഞ്ഞു: "ഇതു പോരാ. നീ വേഗം ഇറങ്ങി വീട്ടിലേക്കു വരിക. നിന്റെ ഹൃദയമാകുന്ന വീട്ടിൽ എന്നെ സ്വീകരിക്കുക." പുനരുത്ഥാനം നൽകുന്ന ഉയർത്തൽ അതിന്റെ തീവ്രതയിൽ അദ്ദേഹത്തിന് അനുഭവിക്കാൻ കഴിഞ്ഞു. പുനരുത്ഥാനം എന്നത് ഒരുവന്റെ പുറംലോകത്തുനിന്ന് അവന്റെ അകത്തേക്ക് കടക്കുന്നതാണ്. തന്റെ കുമ്പസാരക്കാരനായ ഈശോയോട് തനിക്കാവശ്യമായ പ്രായശ്ചിത്തങ്ങൾ പറഞ്ഞു കേൾപ്പിക്കുന്ന വേറിട്ടൊരു കുമ്പസാരമായിരുന്നു സക്കേയുടേത്. ഏതൊരു കല്ലിനുള്ളിൽനിന്നും മനോഹരമായ ഒരു രൂപം ജനിക്കാനുള്ള എല്ലാ സാദ്ധ്യതയുമുണ്ടെന്നു കണ്ട മൈക്കിൾ ആഞ്ചലോ, ഈ സന്ദേശം തന്നെയാണു നൽകുന്നത്. പാപിനിയായ സ്ത്രീയെ ശിഷ്യയാക്കിയപ്പോഴും ഞാങ്ങണയെ പത്രോസാക്കിയപ്പോഴും ഭീരുക്കളെ രക്തസാക്ഷികളാക്കിയപ്പോഴും ഇതു തുടരുന്നു. ഉയിർപ്പ് തുടരുകയാണ്.

ഈ ആദ്ധ്യാത്മിക ജനനത്തിനുള്ള സാദ്ധ്യതകൾ ഇന്ന് അടിച്ചമർത്തപ്പെടുകയാണ്. നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ രോഗലക്ഷണവുമിതത്രേ. ഉയിർപ്പില്ലാതെ കുഴിമാടങ്ങളിൽ കഴിയുന്നവരുടെ എണ്ണം കൂടുന്നു. ഇന്നത്തെ സമൂഹത്തിന്റെ ഞരമ്പുരോഗമാണിത്. ഉത്ഥാനത്തിന്റെ രാജവീഥികൾ തുറന്നാണു കിടക്കുന്നതെന്ന് ഇവർ അറിയുന്നില്ല. കതകു തുറന്നതാണ്; പക്ഷേ, അന്വേ

ഷിക്കുന്നില്ല. ഈശോയെ മരണം ആക്രമിച്ചെങ്കിലും മരണത്തിന് ഈശോയെ ദഹിപ്പിക്കുവാൻ (Digest) പറ്റിയില്ല. ഇത്തരക്കാരെക്കൊണ്ട് 'ഞാൻ ഉത്ഥിതനെ കണ്ടു' എന്നു പറയിപ്പിക്കുന്ന പൗരോഹിത്യധർമ്മം നാം തിരിച്ചറിയണം. "ശരീരങ്ങളുടെ ഉയിർപ്പിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് ആത്മാർത്ഥമായി നമുക്ക് ഏറ്റുപറയണം. ഒരു പുരോഹിതൻ കുറെ നല്ല കുമ്പസാരങ്ങൾ കേൾക്കുമ്പോൾ ഒരുപിടി കല്ലറകൾ ശൂന്യമാകുന്നതുപോലെ അനുഭവപ്പെടും. അപ്പോൾ, തക്കസമയത്തു ഭക്ഷണംനൽകുന്ന അനുഗ്രഹീതരായ കാര്യസ്ഥൻ ആവുകയാണ് പുരോഹിതൻ. കുരിശും ഉത്ഥാനവും തമ്മിലുള്ള സഹജസംയോഗം ജീവിതത്തിന്റെ വിശ്വാസനിയമമായിട്ട് മാറുമ്പോൾ മാത്രമേ ഈ ആത്മീയശുശ്രൂഷ പുരോഹിതർക്ക് നന്നായി ചെയ്യാനാവൂ. മിശിഹായിൽ ബന്ധിതരായവർ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്നുള്ളു. മിശിഹായിൽ എല്ലാം സാദ്ധ്യമാണ്. "സഭയോടു പറയുക. ഇനിമേൽ കരയരുത്" (വെളി. 5:5). ഈശോ ഉത്ഥാനം ചെയ്തു എന്നത് ശിഷ്യന്മാരുടെ ഓർമ്മയിൽ ഉള്ളതുകൊണ്ടു മാത്രമല്ല, നമ്മിൽ അവൻ വ്യക്തിയായി ജീവിക്കുന്നതുകൊണ്ടാണ് ഇത് സാധ്യമാകുന്നത്. ഉത്ഥാനം ഒരു തത്ത്വമല്ല; ചരിത്രയാഥാർത്ഥ്യമാണ്.





<u>ലേഖനം</u>

# വിദ്യാഭ്യാസംകൊണ്ട് രാഷ്ട്രീയം കളിക്കുമ്പോൾ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപതയുടെ മെത്രാൻ**

ഏതൊരു രാജ്യവും സംപൂജ്യമായി കരുതുന്ന ഒന്നാണ് പൊതുവിദ്യാഭ്യാസ മേഖല. മനുഷ്യയന്ത്രത്തെ ചലിപ്പിക്കുന്ന ഊർജ്ജസംഭരണിയാണ് വിദ്യാഭ്യാസം. ഒരു രാജ്യം അതിന്റെ സമ്പത്തിന്റെ ഏറിയ പങ്കും, പ്രതിഭാശാലികളായ വ്യക്തികളുടെ കാഴ്ചപ്പാടുമെല്ലാം ഇവിടെ നിക്ഷേപിക്കുന്നതിന്റെ കാരണവും ഇതാണ്. ഈ പ്രവർത്തനശൈലി എന്നത് വിദ്യാഭ്യാസമേഖലയിലെ ജാഗ്രതയുള്ള കാവൽ പോലെയാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന പ്രതിസന്ധി ദർശനവൈകല്യമോ ദർശനരാഹിത്യമോ ആണ്. ഡോ. രാധാകൃഷ്ണൻ ഇന്ത്യൻ പ്രസിഡന്റായപ്പോൾ ബർട്രാന്റ് റസ്സൽ പറഞ്ഞു: "ഒരു ദാർശനികൻ രാഷ്ട്രത്തിന്റെ തലപ്പത്തു വരുമ്പോൾ രാജ്യത്തിന് ഔന്നത്യം ഉണ്ടാകുന്നു". വിദ്യാഭ്യാസമേഖലയിലും രാജ്യത്തിനു പൊതുവിലും അദ്ദേഹംവഴി കിട്ടിയ ഔന്നത്യം അവിതർക്കിതവുമാണല്ലോ. എന്നാൽ ഈ ഔന്നത്യത്തിൽനിന്ന് താഴെ വീണു കിടക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തെ കേവലം ഒരു വകുപ്പായും തൊഴിൽ മേഖലയായും സമരമുഖമായും രാഷ്ട്രീയ കുപ്രചാരോപാധിയായും സമൂഹങ്ങളോട് പകവീട്ടാനുള്ള ആയുധമായും കാണുന്നവർ സംസ്കാരത്തിന്റെ ആത്മാവായി നിൽക്കുന്നവരല്ല അവരുടെ പ്രവർത്തനം കണ്ടാൽ, ആത്മാവിന്റെ സംസ്കാരത്തെ അവഗണിക്കുന്നവരാണ്. ഏതോ ഒരുതരം തീരാപ്പക വച്ചുപ്രവർത്തിക്കുന്നതുപോലെ തോന്നും. വിദ്യാഭ്യാസരംഗത്ത് മതവൈരംവച്ചു ചിന്തിക്കുന്നത് എത്രയോ അപക്വമായ ഒരു പെരുമാറ്റക്രമമാണ്.

മാനവസമൂഹത്തിന്റെ അതിപുരാതനപൈതൃകം മതങ്ങളാണ്. മതങ്ങൾ മനുഷ്യനോടൊപ്പം ഉത്ഭവിച്ച ആദ്യജീവന്റെ തുടർച്ചകളാണെന്നുതന്നെ പറയാം. സമുദായങ്ങളെയും സമൂഹങ്ങളെയും ശക്തിപ്പെടുത്തുന്ന പ്രധാനഘടകങ്ങളിലൊന്ന് മതമാണ്. ഇന്ത്യ ഉൾപ്പെടെയുള്ള

കിഴക്കൻ രാജ്യങ്ങളാണ് മതങ്ങളുടെ പെറ്റമ്മയും മുത്തശ്ശിയും. ഇടമുറിയാതെ മനുഷ്യനോടൊപ്പം വളരുകയും തുടരുകയും ചെയ്യുന്ന പ്രതിഭാസമാണ് മതങ്ങൾ. മതസംസ്കാരം മനുഷ്യജീവിതത്തിന്റെ സമഗ്രമായ അനുഭവമാണ്. കിഴക്കൻ രാജ്യങ്ങളിലെ മരിക്കാത്ത സംസ്കാരവും ഇതുതന്നെയാണ്. രാഷ്ട്രീയ പാർട്ടികളുടെ പിളർപ്പുകൾക്കിടയിൽ സംഭവിച്ച ഏതോ അപഭ്രംശമായി മതത്തെ കാണുന്നവർ ചരിത്രമറിയില്ലാത്തവരും മതം എന്തെന്ന ധാരണ ഇല്ലാത്തവരുമാണ്. കേരളസമൂഹത്തിന്റെ വിദ്യാഭ്യാസ പ്രതിസന്ധികളിൽ രണ്ടാമത്തേത് ഈ രാഷ്ട്രീയഅൽപ്പത്തമാണ്. പ്രത്യയശാസ്ത്ര നിബിഡമായ രാഷ്ട്രീയസമൂഹം വിദ്യാഭ്യാസസമൂഹത്തിന്റെമേൽ യജമാനത്വം സ്ഥാപിക്കുന്ന സ്ഥിതിവിശേഷമാണ് കേരളത്തിൽ കാണുന്നത്. മതങ്ങൾ പ്രഘോഷിക്കുന്നത് ശാശ്വതമൂല്യങ്ങളാണ്. രാഷ്ട്രീയത്തിന്റെ പരിമിതികളെക്കുറിച്ച് പഠിപ്പിക്കാൻ യോഗ്യതയുള്ളതും മതങ്ങൾക്കാണ്. മതങ്ങൾ പ്രദാനം ചെയ്യുന്ന സത്യസന്ധത മൂർച്ചയുള്ളതാണ്. പാഠപുസ്തകങ്ങൾ മൂല്യസംഭരണികളാകുന്നതിൽ മതങ്ങൾക്ക് നിർണ്ണായകമായ പങ്കുണ്ട്. നമ്മുടെ പാഠപുസ്തകങ്ങൾ പലതും കേവലം രാഷ്ട്രീയരചനകളാണല്ലോ. അത്തരം പാഠാവലികൾക്ക് സംസ്കാരത്തിന്റെ സൂക്ഷിപ്പുകാരാകാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസം വിലപ്പെട്ടതാകണമെങ്കിൽ അത് രാഷ്ട്രീയക്കാർക്ക് മാത്രമായി വിട്ടുകൊടുക്കരുത്. രാഷ്ട്രീയയന്ത്രത്തിന്റെ പിടിയിലമരുന്ന വിദ്യാഭ്യാസപദ്ധതി രാജ്യത്തെ നിഷ്ക്രിയത്വത്തിലേക്കും വന്ധ്യതയിലേക്കും നയിക്കും. പാഠ്യപദ്ധതി രാഷ്ട്രീയത്തേക്കാൾ വിലപ്പെട്ടതാണെന്ന് ഇനിയും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

കേരളത്തിലെ രാഷ്ട്രീയ സമൂഹത്തിന് വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രമായ ഒരു ദർശനമുണ്ടോ? പള്ളികൾക്കൊപ്പം പള്ളിക്കൂടങ്ങൾകൂടി വേണം എന്നു നിർദ്ദേശിച്ച വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും, ഇനിയും നമുക്കു വേണ്ടത് കൂടുതൽ ക്ഷേത്രങ്ങളല്ല, സ്കൂളുകളാണ് എന്നു പഠിപ്പിച്ച ശ്രീ നാരായണഗുരുവും കേരളസമൂഹത്തിനു നൽകുന്ന അനശ്വരചിന്തകളെ നാം കണ്ടില്ലെന്ന് നടിക്കണമോ? വാദിക്കുവാനും ജയിക്കുവാനുമല്ല അറിയുവാനും അറിയിക്കുവാനുമാണ് എന്ന് ബാനർ എഴുതിച്ച, ആർദ്രമാനവികതയുടെ പുണ്യരൂപമായി അറബിക്കടലിന്റെ തീരത്തുകൂടി നടന്നുനീങ്ങിയ കാഷായ



വസ്ത്രധാരി, ചരിത്രത്തെ അഗാധമാക്കിമാറ്റിയ ഗുരുവായി മാറിയത് അക്ഷരങ്ങളുടെ ദിവ്യത്വം ദർശിച്ചതിനാലാണ്. അർണോസ് പാതിരിയെപ്പോലെയുള്ള യുഗപ്രേഷിതർ കേരള വിദ്യാഭ്യാസമേഖലയ്ക്കു ചെയ്ത സേവനങ്ങളെ ആർക്കാണ് വിസ്മരിക്കാനാവുക? ഈ ചരിത്രസത്യങ്ങൾ കണ്ടില്ല എന്നു നടിച്ച് വിദ്യാഭ്യാസംകൊണ്ട് രാഷ്ട്രീയം കളിക്കുന്നവർ കേരളത്തിന്റെ വരുംതലമുറയുടെ മുമ്പിൽ ദീപം തെളിക്കുകയല്ല, കണ്ണിൽ തീക്കനൽ കൊണ്ടു കുത്തി ക്ഷതമേൽപ്പിക്കുകയാണ്. ഈ തീക്കളിയാണ് കേരളസമൂഹം വിദ്യാഭ്യാസരംഗത്ത് അനുഭവിക്കുന്ന നിരവധി പീഡനങ്ങൾക്കു കാരണം. ഇടതുപക്ഷത്തോട് കടുത്ത ആഭിമുഖ്യം കാണിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിന്റെ സാംസ്കാരികചരിത്രത്തെത്തന്നെ താറുമാറാക്കും.

മതവിദ്വേഷമുള്ളതും അമിതരാഷ്ട്രീയഗന്ധമുള്ളതുമായ വിദ്യാഭ്യാസമാണ് സംസ്കാരത്തിന്റെ സമുന്നതപടികൾ ചവുട്ടിക്കയറുന്നതിന് കേരളത്തിന് തടസ്സം സൃഷ്ടിക്കുന്നത്. മതാത്മകത നൽകുന്ന വിദ്യാഭ്യാസ ദർശനവും മതനിഷേധകരുടെ വിദ്യാഭ്യാസ കാല്പനികതയും തമ്മിൽ സ്ഥായിയായ അന്തരമുണ്ട്. അവയിൽ പ്രധാനമായ ഒന്ന്, ജീവിതത്തെയും വിദ്യാഭ്യാസത്തെയും തുറവിയോടെ സ്വീകരിക്കുന്നതിനും കൈമാറുന്നതിനും മതാത്മക ദർശനമുള്ളവർ തയ്യാറാകുമ്പോൾ, മതനിഷേധികൾ മറ്റെല്ലാ കാര്യങ്ങളിലും എന്നപോലെ വിദ്യാഭ്യാസത്തെയും അടച്ച ഭിത്തികൾക്കുള്ളിലും ഇരുമ്പുമറകൾക്കു പിന്നിലുമായി തളച്ചിടുന്നു എന്നതത്രേ. എല്ലാ വശങ്ങളിൽനിന്നും ഉത്കൃഷ്ടചിന്തകൾ ഞങ്ങളിലേക്ക് എത്തട്ടെ എന്ന് മുനിമാർ പ്രാർത്ഥിച്ചപ്പോൾ, മറ്റൊരു ചിന്തയും ഞങ്ങൾക്ക് ആവശ്യമില്ല, മറ്റെല്ലാ ചിന്തകളും നിഷിദ്ധങ്ങളാണെന്ന്, മതവിരോധികൾ ശഠിച്ചു. ഈ ദുശാഠ്യത്തിന്റെ തിക്തഫലങ്ങൾ ഇന്ന് കേരള വിദ്യാഭ്യാസരംഗത്ത് വളരെ പ്രകടമാണ്. വിദ്യാഭ്യാസരംഗം ശരിയായില്ലെങ്കിൽ കേരളം ഭാവിയില്ലാത്ത ഒരു സംസ്ഥാനമായി മാറും. എവിടെ വിദ്യാഭ്യാസം സമഗ്രമാണോ അവിടെ ഭാവിയുമുണ്ട്. വിദ്യാഭ്യാസമേഖലയിലെ പ്രത്യയശാസ്ത്രപരമായ മയക്കുമരുന്നിൽനിന്ന് കേരളം മോചനം പ്രാപിക്കണം. സത്യത്തിലും ധാർമ്മികതയിലും സനാതന മൂല്യങ്ങളിലും അധിഷ്ഠിതമായ ദർശനദാരിദ്ര്യം ഇന്ന് ഇവിടത്തെ വിദ്യാഭ്യാസമേഖലയെ

കാർന്നുതിന്നുന്നുണ്ട്. ചരിത്രത്തിന്റെ മുമ്പിൽ തോറ്റുപോകുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളുമായിട്ടാണ് നമ്മൾ നടക്കുന്നത്.

തുറന്ന മനസ്സോടെ ലോകത്തെ കാണുവാനും സമൂഹത്തെ വിലയിരുത്തുവാനും സാധിക്കാത്തവർ, ഞങ്ങൾ പറയുന്നതുമാത്രം പഠിച്ചാൽ മതി, പഠിപ്പിച്ചാൽ മതി എന്ന ദുശ്ശാഠ്യക്കാരായി നിൽക്കുന്നു. കാലത്തിന്റെ കാറ്റു സൃഷ്ടിക്കുന്ന ശബ്ദങ്ങൾ ശ്രദ്ധിക്കുന്നതിന് ശ്രമിക്കാത്തവർക്ക് വരുംതലമുറയ്ക്ക് വഴികാട്ടുന്ന ഊർജ്ജനക്ഷത്രങ്ങളാകുവാൻ സാധിക്കുകയില്ല. വിദ്യാഭ്യാസത്തിലൂടെ ഒരു ലോകവീക്ഷണം കിട്ടണം. വഴിവെളിച്ചങ്ങളാകുവാൻ കഴിയുന്ന ഊർജ്ജനക്ഷത്രങ്ങളെയാണ് കേരളത്തിന്റെ വിദ്യാഭ്യാസമേഖലയ്ക്ക് ഇന്നാവശ്യം. വഴിമുടക്കുന്ന വേലിക്കല്ലുകളെ നമുക്കാവശ്യമില്ല. വിദ്യാഭ്യാസ ദർശനങ്ങൾ രാഷ്ട്രീയതാത്പര്യങ്ങളിലേക്ക് ഒതുങ്ങിക്കൂടി ചുരുങ്ങരുത്. സ്വന്തം നിലനിൽപ്പിനുവേണ്ടി രാഷ്ട്രീയസമൂഹം സാംസ്കാരിക സമൂഹത്തെ ഉപയോഗിക്കുന്നിടത്തോളം കാലം വിദ്യാഭ്യാസം കേവലം രാഷ്ട്രീയക്കാർക്ക് കൈകാര്യം ചെയ്യാവുന്ന വിഷയമേയല്ല. കാരണം വ്യക്തം: ഇപ്പോൾ ശുദ്ധ ജനാധിപത്യരാഷ്ട്രീയമില്ല, കക്ഷിരാഷ്ട്രീയങ്ങളും രാഷ്ട്രീയ താത്പര്യങ്ങളുമേയുള്ളു. വെറുക്കപ്പെടേണ്ടതിനെ ആരാധ്യമാക്കുന്ന സംവിധാനങ്ങൾക്കുള്ളിലാണല്ലോ നാം ജീവിക്കുന്നത്. തന്മൂലം വിദ്യാഭ്യാസം നൽകേണ്ട പ്രസാദാത്മകത്വം ഇന്ന് ലഭിക്കുന്നില്ല, നഷ്ടപ്പെടുകയാണ്. അക്ഷരങ്ങളിൽ രക്തം പൊടിപ്പിക്കുന്നതല്ല വിദ്യാഭ്യാസം; ക്ഷയമില്ലാത്ത അനശ്വരതയുടെ വിത്തുകളായി ഓരോ പദവും അക്ഷരവും വിദ്യാർത്ഥികളുടെ മനസ്സിൽ മുള പൊട്ടുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം. അക്ഷരങ്ങളെ ക്ഷയിപ്പിക്കുന്നു എന്നതാണ് വിദ്യാഭ്യാസമേഖലയിലെ മറ്റൊരു വിപത്ത്. വാക്കുകൾക്ക് ചാരുത നഷ്ടപ്പെട്ടും പദങ്ങൾക്ക് അർത്ഥം ചോർന്നും ദുരർത്ഥം വന്നുഭവിച്ചും ജീവിതത്തിന്റെ കാമ്പു നഷ്ടമായും പൊള്ള മനുഷ്യരെ സൃഷ്ടിക്കുന്ന അരോചകശാലകളായി നമ്മുടെ സർവ്വകലാശാലകൾ മാറുന്നു. സംസ്കാരത്തെ സംബന്ധിച്ച ഒരു വേദവിചാരം ഇവിടെ നമുക്കുണ്ടാവണം. മഹാത്മാഗാന്ധി, ഡോ. രാധാകൃഷ്ണൻ തുടങ്ങിയവരെപ്പോലുള്ള ദാർശനികരും ദിവ്യഭാവനയുള്ളവരുമായ വിദ്യാഭ്യാസ ചിന്തകർ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു. ഡോ. രാധാകൃഷ്ണൻ പറയുന്നു: "വിദ്യാഭ്യാസം കഴിയുമ്പോൾ മതങ്ങളേയും മതാ



ത്മക മൂല്യങ്ങളേയും നിഷേധിക്കാനാണ് ഒരു കുട്ടി പഠിക്കുന്നതെങ്കിൽ അവന് കിട്ടിയത് ശരിയായ വിദ്യാഭ്യാസമല്ല". സാംസ്കാരിക നായകന്മാർ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്നവരും വിദ്യാഭ്യാസ മേഖലയെ അവഗണിച്ചിരിക്കുന്നു എന്ന ദുഃഖസത്യം നാം മറച്ചുവയ്ക്കേണ്ടതില്ല. ജീവിതം എളുപ്പം വഴങ്ങിത്തരുന്ന ഒരു ലഘുസമസ്യയല്ല എന്ന ബോധ്യത്തോടെ ആദർശാന്വേഷണവും അതീന്ദ്രിയജ്ഞാനവും പ്രായോഗിക പരിജ്ഞാനങ്ങളും മൂല്യപോഷണങ്ങളും സമാസമം ചേർത്തുള്ള ഒരു യാഗവും യജ്ഞവുമായി വിദ്യാഭ്യാസത്തെ കാണണം. പ്രായോഗിക ജീവിതവിജയത്തിനും ഇന്നിന്റെ ആസക്തികൾക്കും പരിഹാരം നൽകുന്ന, പ്രായോഗിക വാദത്തിൽ മാത്രം ചുവടുറപ്പിച്ച, രസകരമായ വാദകോലാഹലങ്ങളുടെയും സമരമുഖങ്ങളുടെയും കൊഴുത്ത പ്രതിഫലങ്ങളുടെയും താൽക്കാലികതകളിൽമാത്രം വിശ്വാസം അർപ്പിക്കുന്ന ഒരു ശുദ്ധ പ്രായോഗികവാദം നമ്മുടെ വിദ്യാഭ്യാസമേഖലയെ അനൽപ്പമായി ക്ഷതമേൽപ്പിച്ചിട്ടുണ്ട്. സ്പർശിച്ച് അനുഭവിക്കാവുന്ന വർത്തമാനകാലത്തെ മാത്രം ലക്ഷ്യം വച്ചുള്ള കർമ്മ പരിപാടികൾ നമ്മുടെ വിദ്യാഭ്യാസത്തെ മൂല്യശോഷണത്തിന്റെയും മൂല്യനിരാസത്തിന്റെയും തമോഗർത്തത്തിലേക്ക് നയിക്കുന്നു. ഡോ. രാധാകൃഷ്ണന്റെ ഭാഷയിൽ പറഞ്ഞാൽ  ഇതാണ് തെറ്റായ വിദ്യാഭ്യാസ പദ്ധതി. ഒരു കെട്ടിടത്തിന്റെ ജീർണ്ണോദ്ധാരണം പോലെ അത്ര പെട്ടെന്ന് ചെയ്തുതീർക്കാവുന്ന ഒന്നല്ല വിദ്യാഭ്യാസമേഖലയിലെ ജീർണ്ണോദ്ധാരണം.

ധർമ്മാധർമ്മങ്ങളെ തിരിച്ചറിയുന്നതും ആത്മീയവിദ്യയും ഭൗതികജ്ഞാനവും തമ്മിൽ സമന്വയിപ്പിക്കുന്നതും തർക്കവിധിയും ശ്രവണ, മനന, ദൃഷ്ടാന്ത, ഉപദേശവിധികളുമെല്ലാം ചേരുന്ന ഒരു സമഗ്ര വിദ്യാഭ്യാസ ദർശനം നാം സ്വീകരിക്കണം. ശിഷ്യൻ, ഗുരു, ബ്രഹ്മചാരി തുടങ്ങിയ മഹാസങ്കൽപ്പങ്ങൾ കൈമോശം വന്നുകൂടാ. അഹിംസയും സത്യവും അസ്തേയവും ആസ്തികത്വവും മനനവും സ്ഥൈര്യവും ക്ഷമയും നിർഭയത്വവും പാഠപുസ്തകപദ്ധതികൾക്ക് അന്യമാകുന്നു. മനോമണ്ഡലവും വൈകാരിക മണ്ഡലവും ശിഷ്യരുടെ ജീവിതത്തിൽ ശ്രദ്ധിക്കപ്പെടേണ്ട തലങ്ങളാണെന്ന് മറക്കരുത്. ഭക്തിചിന്തയും മുക്തിചിന്തയും അനാവശ്യങ്ങളായി പരിഗണിക്കപ്പെടരുത്.

ചുരുക്കത്തിൽ മൂല്യങ്ങളുടെ ഒരു വിസ്മയപ്രപഞ്ചമുണ്ട് എന്ന യാഥാർത്ഥ്യത്തിലേക്ക് സമൂഹത്തെ നയിക്കുന്നതിൽ നമ്മുടെ വിദ്യാഭ്യാസ പദ്ധതിക്ക് കഴിയാതെ വരുന്നു എന്നതാണ് ഏറ്റവും വലിയ വിപത്ത്. ഒരിക്കലും അസ്തമിക്കില്ലാത്ത നന്മയുടെ ഒരു സൂര്യോദയം ഹൃദയനഭോമണ്ഡലത്തിൽ ഉണ്ടാവണം. മനസ്സിലെ ഇരുൾ അകറ്റുന്നവനാണ് ഗുരു എന്നതിന്റെ അർത്ഥം ഇതാണ്. എന്നും ഒരു പഠിതാവായിരുന്നുകൊണ്ടു മാത്രമേ വിദ്യാഭ്യാസമേഖലയിലെ ശാശ്വതസത്യങ്ങൾ തിരിച്ചറിയാനാവൂ.

പുസ്തകങ്ങൾക്കും ആശയങ്ങൾക്കും എതിരെ കണ്ണുകളടയ്ക്കുന്നത് അജ്ഞതയാണ്. ജീവിക്കുവാൻ പഠിപ്പിക്കുക, ജീവിതത്തിന്റെ കാലികവും കാലാതിശായിയുമായ അർത്ഥങ്ങൾ കണ്ടെത്താൻ സഹായിക്കുക, സാമൂഹിക ജീവിതത്തിനാവശ്യമായ സൽപാഠങ്ങൾ ആർജ്ജിക്കുക, സൃഷ്ടപ്രപഞ്ചത്തെ മുഴുവനും സ്നേഹിക്കുവാനും സംരക്ഷിക്കുവാനുമുള്ള പ്രതിബദ്ധത വളർത്തുക, സ്വതന്ത്രവും വിമർശനാത്മകവുമായി ചിന്തിക്കുന്നതിനു സഹായിക്കുക, ജോലിയിലൂടെ ജീവിതത്തിൽ പൂർണ്ണത നേടുക, അങ്ങനെ ഒരു നല്ല വ്യക്തിയായി ജീവിക്കുവാൻ സഹായിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പ്രസ്ഥാനം വളരുകയും പ്രസ്ഥാനത്തെ നയിക്കേണ്ട ദർശനം തളരുകയും ചെയ്താൽ സാക്ഷ്യത്തിനു പകരം വിരുദ്ധസാക്ഷ്യമാവും നൽകുക.

കേരളത്തിന്റെ വിദ്യാഭ്യാസ പരിസ്ഥിതി മലീമസമായിരിക്കുന്നു. ഈ പരിസ്ഥിതിയെ കളങ്കിതയാക്കുന്ന സകല മാലിന്യങ്ങളെയും ഏകപക്ഷീയമായ വിലയിരുത്തലുകൾ, കച്ചവട താത്പര്യങ്ങൾ, ഗൂഢരാഷ്ട്രീയ അജണ്ടകൾ, ദർശന വൈകല്യം, ഗുരുത്വമില്ലായ്മ, അരാജകത്വം, അച്ചടക്കമില്ലായ്മ, മൂല്യശോഷണം തുടങ്ങിയവയെ എല്ലാം ദൂരീകരിക്കുന്നതിൽ, വരുന്ന തലമുറയെ സ്നേഹിക്കുന്ന സർവ്വരും പ്രതിജ്ഞാബദ്ധരാവണം. രാഷ്ട്രീയ ഉദയാസ്തമയങ്ങൾക്കനുസരിച്ച് മാറിമാറിവരുന്ന സർക്കാരുകളുടെയും ഇടയ്ക്കിടയ്ക്കുള്ള ശൂന്യവേളകളുടെയും കാലുഷ്യങ്ങൾ കലരാതെ സ്വച്ഛമായി യുവഹൃദയങ്ങളിലേക്ക് ഒഴുകിയെത്തുന്ന വിജ്ഞാനത്തിന്റെ തെളിനീർപ്രവാഹമായി മാറുമ്പോൾ വിദ്യാഭ്യാസ മേഖല ഒരു ദിവ്യമേഖലയായി ശോഭിക്കും.

○



<u>ലേഖനം</u>

# ജനാധിപത്യത്തിലും വേണ്ടേ ആത്മീയത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

പരിഷ്കൃതസമൂഹത്തിനു ഏറ്റവും ഉചിതമായ ഭരണക്രമം ഡെമോക്രസി (ജനാധിപത്യം) ആണ്. സംസ്കൃതചിത്തരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം സംപൂജ്യമായ ഒരു ഭരണക്രമമാണിത്. ജനാധിപത്യം നിലനില്ക്കുന്ന രാജ്യത്ത് സകല പൗരന്മാരും സമന്മാരാണ്. നിയമത്തിന്റെ മുമ്പിൽ അവരെല്ലാവരും ഒരുപോലെയാണ്. ജനാധിപത്യത്തിന്റെ ആത്മാവ് എന്നുപറയുന്നത് ഇതത്രെ. ഇവിടെയാണ് ആത്മീയതയും ധാർമ്മികതയും പാലിക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയേണ്ടതും. ഈ സമഭാവന പാലിക്കപ്പെടണമെങ്കിൽ അതുമായി ബന്ധപ്പെടുന്ന എല്ലാവർക്കും രാഷ്ട്രീയ ആത്മീയതയേയും ധാർമ്മികതയേയുംകുറിച്ച് ഒരു സാർവ്വത്രികവീക്ഷണം കൂടിയേ തീരൂ. രാഷ്ട്രീയക്കാർക്ക് മാത്രമല്ല, ഏതൊരു പൗരനും ജനാധിപത്യത്തെക്കുറിച്ച് പറയാൻ അവകാശമുണ്ട് എന്നുപറഞ്ഞാൽ ഉപരിപ്ലവമായി ചിന്തിക്കുന്നവർക്കും, സ്വാർത്ഥമോഹികൾക്കും ജനാധിപത്യത്തിൽ സ്ഥാനമില്ല. ജനാധിപത്യം രാഷ്ട്രീയസംവിധാനത്തിൽ ഉപയോഗിക്കുന്ന ഒരു പദമാണെങ്കിലും മുകളിൽ പറഞ്ഞ വീക്ഷണങ്ങളാണ് അതിനെ ഉയർത്തിപ്പിടിക്കേണ്ടത്. ഒരു രാഷ്ട്രീയ ധാർമ്മികതയുടെ നീതിബോധത്തിൽ അധിഷ്ഠിതമായ ആത്മീയതയുടെ പേരിൽമാത്രമേ ജനാധിപത്യത്തിന് ശരിയായ രീതിയിൽ വളരാൻ പറ്റൂ. സാധുക്കളായ മനുഷ്യരിൽനിന്നും വോട്ടും ധനവാന്മാരിൽനിന്ന് പണവും ഉറപ്പുവരുത്തുന്ന ഒരു രാഷ്ട്രീയ കളിയായി ജനാധിപത്യം അധഃപതിക്കരുത്. ജനാധിപത്യത്തിനു ഒരു പുതിയ 'ഭാഷയും' ആവേശവും നല്കാൻ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യങ്ങളിലൊന്നായ ഭാരതത്തിലെ പൗരന്മാർക്കു കടമയുണ്ട്. രണ്ടായിരത്തിഅഞ്ഞൂറു വർഷങ്ങൾക്കുമുമ്പ് ചീനയിൽ ജീവിച്ചിരുന്ന കൺഫ്യൂഷിയസ് പറയുന്നു: "ഭരിക്കുക എന്നുവച്ചാൽ നേർവഴിക്കു ജീവിക്കുക

എന്നാണ്”. രാഷ്ട്രീയം നേർവഴിയിലൂടെയുള്ള നടത്തമാകുമ്പോൾമാത്രമേ അത് ജനങ്ങൾക്ക് ഉപകാരപ്രദമാകൂ. പനമ്പള്ളി ഗോവിന്ദമേനോൻ, ജവഹർലാൽ നെഹ്റു, കെ.പി. കേശവമേനോൻ, വിൻസ്റ്റൺ ചർച്ചിൽ, അബ്രാഹം ലിങ്കൺ തുടങ്ങിയ നേതാക്കന്മാരിൽനിന്ന് ജനാധിപത്യത്തിന്റെ മൂല്യങ്ങൾ ഇന്ത്യൻ രാഷ്ട്രീയരംഗം ഇനിയും സ്വാംശീകരിക്കേണ്ടതുണ്ട്.

ജനാധിപത്യത്തിൽ പാർട്ടികളുണ്ട്. അതു സ്വാഭാവികം മാത്രം. എന്നാൽ പാർട്ടികൾ ജനങ്ങളെ ചെറുതായി കാണാൻ പാടില്ല. പാർട്ടിയുടെ ചുറ്റുമതിലുനുള്ളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു പ്രവർത്തനമായി ഡെമോക്രസിയേയും കാണാൻ പാടില്ല. ജനാധിപത്യം വിലപ്പെട്ടതാകുന്നത് ഒന്നാം സ്ഥാനം ജനങ്ങൾക്ക് നല്കുമ്പോഴാണ്. ജനാധിപത്യം പാർട്ടിയാധിപത്യമാകരുത്. പാർട്ടി എന്നത് ജനങ്ങൾക്ക് പൊതുനന്മ ഉറപ്പുവരുത്തുന്ന ഉപകരണം മാത്രമാണ്. യഥാർത്ഥ ജനാധിപത്യരാഷ്ട്രീയചിന്തകളെ രാഷ്ട്രീയപാർട്ടിയുടെ പിടിയിൽനിന്നു മോചിപ്പിക്കേണ്ടതായി വരും. ഡെമോക്രസിയിൽ നേതാവിനുള്ള അധികാരം ജനങ്ങളിൽനിന്നാണ്. ജനങ്ങൾ ധർമ്മം, നീതി, സത്യസന്ധത, ദൈവവിചാരം എന്നീ മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ്. നേതാവിൽ അമാനുഷത്വം കല്പിച്ച് ജനങ്ങൾ അഭിപ്രായം പറയാതിരിക്കുമ്പോഴും ഡെമോക്രസി തകരും. മൂല്യഭാവിയിലേക്കുള്ള ദർശനങ്ങളായി കാണുകയും നിരന്തരം പഠനവും ആഴപ്പെടലും നടത്തുകയും ചെയ്യുമ്പോൾ മാത്രമാണ് ഡെമോക്രസി വളരുന്നത്. ഇത്തരത്തിലുള്ള ആധികാരികമായ രാഷ്ട്രീയ നിരീക്ഷണങ്ങൾ കുറയുമ്പോൾ ഡെമോക്രസി ബലഹീനമാകും. രാഷ്ട്രീയ ഇച്ഛാശക്തി സൃഷ്ടിക്കുന്നവരും കക്ഷിരാഷ്ട്രീയത്തിന് അപ്പുറത്തേക്ക് കടന്നുചിന്തിക്കാൻ പറ്റുന്നവരും രാഷ്ട്രമീമാംസകരായ ദാർശനികരും നിരന്തരം ജനിക്കണം. രാഷ്ട്രീയം രാഷ്ട്രീയതാത്പര്യങ്ങൾ മാത്രമായി അധഃപതിക്കരുത്. ഇന്ന് ഡെമോക്രസിയിലും സ്വേച്ഛാധിപത്യപ്രവണതകളും ഒരുതരം ‘ബുൾഡോസർ സംസ്ക്കാര’വും നുഴഞ്ഞുകയറിയിട്ടുണ്ട്. അതായത് പൗരൻ പാർട്ടിയുടെ പിടിയിലാണ്. അവന് മതിയായ സ്വാതന്ത്ര്യമോ ശരിയായ പഠനമോ ഇല്ല. എപ്പോഴും ജനാധിപത്യത്തെക്കുറിച്ച് പറയുമ്പോഴും യഥാർത്ഥ ഡെമോക്രസി അവിടെനിന്നെല്ലാം വളരെ അകലയത്രേ. ഒരു ‘ഡെമോക്രാറ്റിക് വന്ധ്യത’ ഇന്ന് രാഷ്ട്രീയരംഗത്തുണ്ട്. പകയും



വെറുപ്പും പകപോക്കലും തഴച്ചിലും കൊലപാതകവുമെല്ലാംകൊണ്ട് കലുഷിതമായ ഒരു രാഷ്ട്രീയരംഗമാണ് നമ്മുടേത്. അതായത് ഡെമോക്രസിയിൽ വന്നുകയറിയ അപാകതകൾ അതിന്റെ കുലീനത്വത്തെയും വിശുദ്ധിയേയും ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷം. സമത്വമാണ് ഡെമോക്രസിയുടെ ആത്മാവെന്ന് അതിന്റെ സജീവപ്രവർത്തകർക്കുപോലും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ. ഡെമോക്രസിയിൽനിന്നു പാർട്ടികളുടെ സർവ്വാധിപത്യം തുടച്ചുനീക്കിയാൽ മാത്രമേ അതിന്റെ നഷ്ടപ്പെട്ട ചൈതന്യം വീണ്ടെടുക്കാനാവൂ. ഡെമോക്രസി എന്താണ്, എന്തല്ല എന്ന് നമ്മുടെ ജനങ്ങളെ നിരന്തരമായി പഠിപ്പിക്കണം. നിതാന്ത ജാഗ്രതവേണ്ട ഈ രംഗത്താണ് അല്പംപോലും ജാഗ്രതയില്ലാത്ത പെരുമാറ്റക്രമങ്ങൾ കാണുന്നത്. ലോകത്തിൽ മറ്റേതെങ്കിലും ഒരു രംഗത്ത് അടിസ്ഥാന യോഗ്യതകൾ ഇല്ലാതെ അതിന് നേതൃത്വം നല്കുന്ന സംവിധാനമുണ്ടോ? വ്യാജഡെമോക്രസിയുടെ പരിവേഷം തകർക്കപ്പെടുമ്പോൾ മാത്രമേ ഡെമോക്രസിയാണ് രാഷ്ട്രീയത്തിലെ ഉഷസ് എന്ന് നമുക്ക് തിരിച്ചറിയാനാവൂ.

ഡെമോക്രസിയുടെ മർമ്മം കണ്ട വിൻസ്റ്റൺ ചർച്ചിൽ പറയുന്നു: “ഡെമോക്രസി നടപ്പുള്ള രാജ്യങ്ങളിൽ ജനങ്ങളാണ് ഗവൺമെന്റിനെ നയിക്കുന്നത്. ഗവൺമെന്റ് ജനങ്ങളെ അമർത്തിവയ്ക്കുകയില്ല.... ഡെമോക്രസിയിൽ ജനങ്ങളും ഗവൺമെന്റുമായുള്ള അടുത്ത ബന്ധം നിരന്തരം നിലനില്ക്കും. അക്രമംകൊണ്ടോ ഭീഷണി കൊണ്ടോ അല്ല ഡെമോക്രസി സുഗമമായി പ്രവർത്തിക്കുന്നത്. പിന്നെയോ, ഡെമോക്രസിയുടെ അടിസ്ഥാനം ന്യായവാദമാണ്. ഡെമോക്രസി പൗരന്മാരുടെ അവകാശങ്ങളെ മാനിക്കണം.” കൂട്ടായ്മയുടെയും ഐക്യത്തിന്റെയും വലിയ ഒരു ശുശ്രൂഷ ആയിട്ടാണ് ചർച്ചിൽ ജനാധിപത്യത്തെ കാണുന്നത്. ഈ കാഴ്ചപ്പാട് പരിരക്ഷിക്കാനാണ് കറ തീർന്ന ആത്മീയത വേണ്ടത്. സാധാരണജനങ്ങളുടെ ഒരു സമന്വയം ഡെമോക്രസിയിൽ നിർബന്ധമായും ഉണ്ടാവണം. ഈ സമന്വയമാണ് ജനാധിപത്യത്തിന്റെ പ്രസാദാത്മകത. ഇതൊരു ദാർശനിക ലെൻസാണ്. ആ ലെൻസിലൂടെ നോക്കി നമ്മുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ പുനഃപരിശോധിക്കേണ്ടതുണ്ട്. ഡെമോക്രസിയുടെ സായുധശക്തി എന്നുപറയുന്നത് ഇത്തരം ആദർശലെൻസുകളാണ്.

ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ബാൽഫറിന്റെ വാക്കുകൾ ഡെമോക്രസിയുടെ അടിനൂലായി വർത്തിക്കേണ്ടതത്രേ: "രാജ്യത്തോട് കൂറില്ലാതിരിക്കുക, നിയമത്തെ ആദരിക്കാതിരിക്കുക, അക്രമങ്ങളുടെയും അനീതിയുടെയും നേരെ കണ്ണടയ്ക്കുക, വാഗ്ദാനങ്ങൾ ചെയ്യുന്നതിൽ നിയന്ത്രണം പാലിക്കാതിരിക്കുക, അഴിമതികൾ കണ്ടിട്ടും അതിനെ അകറ്റാൻ ശ്രമിക്കാതിരിക്കുക, ഭിന്നിപ്പിൽ ആഴവും വീതിയും കൂട്ടുക" – ഇതെല്ലാം ഉണ്ടായാൽ ഒരു നാട്ടിലെ ഡെമോക്രസിയുടെ പ്രവർത്തനം അസാധ്യമാകും. ഡെമോക്രസി എന്തല്ല എന്ന് അദ്ദേഹം ശക്തമായ ഭാഷയിൽ നമ്മെ പഠിപ്പിക്കുകയാണ്. ഡെമോക്രസിയുടെ കരിപുരണ്ട വശങ്ങളെയെല്ലാം തുറന്നുകാണിച്ച്, ഒരു വിളക്കിൽ എണ്ണ ആവശ്യമായിരിക്കുന്നതുപോലെ, ഡെമോക്രസിയിലെ ധാർമ്മിക–ആത്മീയ മാനങ്ങൾ തുറന്നുകാണിക്കുകയാണ് അദ്ദേഹം. എങ്ങനെയാണ് ഡെമോക്രസി നേരിന്റെ ലോകമാകുന്നത് എന്നുതന്നെയാണ് ഈ ചിന്തയുടെ കാതൽ. ജനാധിപത്യരീതിയിലുള്ള ഭരണക്രമം എന്നത് ജനാധിപത്യത്തിന്റെ തുടക്കം മാത്രമാണ്. നിരന്തരമായിട്ട് പഠിച്ചും പഠിപ്പിച്ചും ഭരിച്ചും കണ്ടെത്തേണ്ട ഒരു ജീവിതക്രമമാണിത്. ജനങ്ങളുടെ അധികാരം എന്നത് വലിയ ന്യൂക്ലിയർ ശക്തിയാണ്. തന്മൂലം ഡെമോക്രസി വെറും കടത്തിണ്ണവർത്തമാനമല്ല; വിലകുറഞ്ഞ തത്തമ്മ സംഭാഷണവുമല്ല. യഥാർത്ഥ ഡെമോക്രസിക്ക് അതിന്റേതായ ഒരു രാഷ്ട്രീയശബ്ദകോശം തന്നെയുണ്ടാകണം. ഇളകിവശാകുന്ന ജനങ്ങളുടെ വെറും വികാരകമ്പനങ്ങളല്ല രാഷ്ട്രീയം. ദൈവവിചാരവും ദേശസ്നേഹവും മതബോധവും ശത്രുസ്നേഹവും മനസ്സിൽ സൂക്ഷിക്കുന്ന പ്രബുദ്ധരായ ജനങ്ങളുടെ രാഷ്ട്രനിർമ്മാണപ്രവർത്തമാണ് യഥാർത്ഥരാഷ്ട്രീയം. മറ്റുള്ളവരെ ചീത്തവിളിക്കാനുള്ള വേദിയല്ല രാഷ്ട്രീയം. ഒരു രാജ്യത്തിലെ ഒരു പൗരനുപോലും അസംതൃപ്തിയില്ല എന്ന് ഉറപ്പാക്കേണ്ട ധാർമ്മിക–ആത്മീയഫോറമാണ് ഡെമോക്രസി. ഇത്തരത്തിലുള്ള ആധികാരികമായ ഒരു സാന്മാർഗ്ഗികപരിവർത്തനത്തിനാണ് ഡെമോക്രസി ദർശനങ്ങൾ നല്കേണ്ടത്. ഈ വെളിച്ചം ഡെമോക്രസിയിൽ വിസ്മരിക്കപ്പെടരുത്. മൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ ഡെമോക്രസി കേവലം ഒരു ജഡവസ്തുവായി തളരും. ആന്തരികവെളിച്ചം മങ്ങിയ ഒരു പ്രസ്ഥാനം മാത്രമാകും.



ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ശ്രദ്ധേയമത്രേ: "ഡെമോക്രസിയുടെ പ്രവർത്തനം വിജയകരമാകണമെങ്കിൽ തികഞ്ഞ ഉത്തരവാദിത്വബോധവും വിജ്ഞാനപ്രദമായ അഭിപ്രായപ്രകടനത്തിനുള്ള കഴിവും ആവശ്യമാണ്. .... പട്ടിണിയും ദാരിദ്ര്യവും അസമത്വവും ഉണ്ടാവുന്ന കാലത്തോളം ഒരു നാട്ടിൽ ഡെമോക്രസിക്ക് വളർച്ച ഉണ്ടാവില്ല. അതിന്റെ നിലനില്പിന് അച്ചടക്കം – ആത്മസംയമനം അത്യാവശ്യമാണ്.... മനുഷ്യന്റെ വളർച്ചയ്ക്കും സമുദായത്തിന്റെ വികസനത്തിനും അതു കൂടിയേ തീരൂ. പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അധികാരം മാത്രമല്ല ഡെമോക്രസി. അതിന്റെ അടിസ്ഥാനം സഹിഷ്ണുതയാണ്. നമ്മോട് യോജിക്കുന്നവരോട് മാത്രമല്ല, നമ്മെ എതിർക്കുന്നവരോടും. ജനാധിപത്യസമ്പ്രദായങ്ങൾ ഇനിയും വളരണം. ലാത്തിചാർജ്ജുകൊണ്ടോ ബോംബേറുകൊണ്ടോ മുദ്രാവാക്യങ്ങൾ വിളിച്ചതുകൊണ്ടോ ഡെമോക്രസി വളരുന്നില്ല. വ്യക്തികളുടെ സ്വഭാവസവിശേഷതകളാണ് ഡെമോക്രസിക്ക് ശക്തിയും ഉറപ്പും നല്കുന്നത്." ഇവിടെ ഡെമോക്രസിയുടെ ആധികാരികമായ ഒരു വ്യാഖ്യാനം തന്നെയാണ് നെഹ്റു നല്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ജനാധിപത്യഭരണക്രമത്തിൽ ജനങ്ങളുടെ മനസ്സിന്റെ ശബ്ദം കേൾക്കപ്പെടണം. അവരുടെ മനസ്സുകളുടെ ഇരമ്പലായിരിക്കണം ഭരണം. മികവുറ്റവരും തികവുറ്റവരുമായ ഭരണകർത്താക്കൾക്കുമാത്രമേ ഇത് വായിച്ചെടുക്കാൻ കഴിയൂ. നേതൃത്വപരമായ ഈ ആത്മീയവഴി നഷ്ടപ്പെടുമ്പോൾ ജനാധിപത്യം അപകടത്തിലാകും. ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന അസ്വസ്ഥതയും അക്രമങ്ങളും പണിമുടക്കുകളും അച്ചടക്കരാഹിത്യവും ഡെമോക്രസിയുടെ രോഗങ്ങളാണ്. കൂടാതെ രാഷ്ട്രീയ അജ്ഞത, സ്വാർത്ഥത, ദുരാഗ്രഹം, അഹങ്കാരം, അധികാരദുർമോഹം തുടങ്ങിയ ഒരുപിടി കാര്യങ്ങളും വേറെയുണ്ട്. അഴിമതിയുള്ള രാജ്യത്ത് ഡെമോക്രസി അപകടം വരുത്തിവയ്ക്കുകയേ ഉള്ളൂ. അധികാരത്തിൽനിന്നല്ല ജനസേവനത്തിൽനിന്നാണ് തൃപ്തികണ്ടെത്തേണ്ടത് എന്ന് ഇനിയും നേതാക്കന്മാർ തിരിച്ചറിയേണ്ടതുണ്ട്. ഇതിനാണ് ധാർമ്മിക കരുത്തും, ആത്മീയ ആയുധവും വേണ്ടിവരുന്നത്. ഈ ദർശനത്തിൽനിന്നുമാത്രമേ ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യവും വളർച്ചയും സംരക്ഷിക്കലാണ് ഡെമോക്രസി എന്നു നമുക്ക് തിരിച്ചറിയാനാവൂ. ഈ വീക്ഷണം നമ്മെ കൊണ്ടെത്തിക്കുന്നത് ഒരു അനശ്വരചിന്തയിലാണ്: "ജനാധിപത്യത്തിൽ അധികാരം ജനങ്ങൾക്കാണ്."

# കച്ചേരിക്കാര്യം

**1. നിയമനം**

ഫാ. സഖറിയാസ് കണിയാംപടി - ഇവമുഹമശി, ഇമ്യാലഹ ങലറശരമഹ ഇലിയ്യേല, ജമഹമ

**2. ബഹു. വൈദികരുടെ അട്ടപ്പാടി സെഹിയോൻ ധ്യാനം**

കഴിഞ്ഞ നാലു ബാച്ചുകളിലായി നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദികർ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന വൈദികധ്യാനത്തിൽ പങ്കെടുത്തിരുന്നു. നാലാമത്തെ ബാച്ചിൽ ഏകദേശം 35 വൈദികർക്ക് സ്ഥലപരിമിതി മൂലം പങ്കെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. അവർക്കും ഈ വൈദികധ്യാനത്തിൽ ഏതെങ്കിലും കാരണത്താൽ അവരവരുടെ ബാച്ചിൽ പങ്കെടുക്കാൻ കഴിയാത്തവർക്കും മെയ് മാസത്തിലെ ആദ്യ ആഴ്ചയിലെ (മെയ് 2-7) വൈദികധ്യാനത്തിൽ പങ്കെടുക്കാൻ കഴിയത്തക്കവിധത്തിൽ രൂപതാകേന്ദ്രത്തിൽ നിന്നും പൊതുവായി ഒരു തവണ കൂടി ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്.

ഈ ബാച്ചിൽ പോകുവാൻ ആഗ്രഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ 2010 ഏപ്രിൽ 20-ന് മുമ്പ് ബഹുമാനപ്പെട്ട വെച്ചൂരച്ചനെയോ ബഹുമാനപ്പെട്ട പിണക്കാട്ടച്ചനെയോ നേരിൽ അറിയിച്ച് ധ്യാനത്തിൽ പങ്കെടുക്കുന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്. മുൻകൂട്ടി അറിയിക്കാത്തവർക്ക് വാഹനസൗകര്യവും ധ്യാനകേന്ദ്രത്തിലെ ക്രമീകരണവും ചെയ്യുവാൻ കഴിയുന്നതല്ല എന്നുകൂടി അറിയിക്കുന്നു.

**3. ബഹു. വൈദികരുടെ വാർഷികധ്യാനം**

2010 വർഷത്തിലെ വൈദികരുടെ വാർഷികധ്യാനം രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു.

ബാച്ച് ഒന്ന്: ജൂലൈ 11 ഞായർ - 15 വ്യാഴം

ബാച്ച് രണ്ട്: ജൂലൈ 18 ഞായർ - 22 വ്യാഴം

അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവാണ് ധ്യാനം നയിക്കുന്നത്. വിശദാംശങ്ങൾ അടുത്ത ലക്കം ബുള്ളറ്റിനിൽ അറിയിക്കുന്നതാണ്.



**4. കുടുംബകൂട്ടായ്മകൾക്കായുള്ള പഠനലഘുലേഖകൾ**

ഫെബ്രുവരി ലക്കം ബുള്ളറ്റിനിൽ അറിയിച്ചിരുന്ന (സർക്കുലർ 82; പേജുകൾ 96 - 97) കുടുംബകൂട്ടായ്മകൾക്കുള്ള പഠനലഘുലേഖകൾ നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തണമെന്നും എല്ലാവരും അവ വായിച്ചിരിക്കണമെന്നുമാണ് അഭിവന്ദ്യ പിതാവ് സർക്കുലറിലൂടെ ഉദ്ദേശിച്ചത്. അതിനായി കൂടുതൽ കോപ്പികൾ മുൻകൂട്ടി ഓർഡർ ചെയ്യേണ്ടതുണ്ട്. ആവശ്യമെങ്കിൽ കോപ്പികൾ പള്ളിക്കാര്യത്തിൽ നിന്നു വാങ്ങിച്ചു നൽകുവാൻ ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്. ഓരോ ഇടവകയിലേക്കും വേണ്ട കോപ്പികളുടെ എണ്ണം കഴിവതും വേഗം ബഹുമാനപ്പെട്ട കുഴിഞ്ഞാലിലച്ചനെയോ ബഹുമാനപ്പെട്ട വെച്ചൂരച്ചനെയോ അറിയിക്കുമല്ലോ.

**5. പാരീഷ് സോഫ്ട് വെയർ പ്രോഗ്രാം**

ഇടവകയിലെ രജിസ്റ്ററുകളും കണക്കുകളും കംപ്യൂട്ടർ വത്കരിക്കുന്നത് സംബന്ധിച്ച് അഭിവന്ദ്യപിതാവ് നൽകിയിരുന്ന നിർദ്ദേശങ്ങൾ (സർക്കുലർ 69, സാന്ത്വനപ്രകാശം ജനുവരി 2009) ബഹു. വികാരിയച്ചന്മാർ ശ്രദ്ധിച്ച് കഴിവതും വേഗം വേണ്ടതു ചെയ്യുമല്ലോ. അവധിക്കാലമായതുകൊണ്ട് സെമിനാരിക്കാരുടെയും ഇടവകയിൽ കംപ്യൂട്ടർ പരിചയമുള്ളവരുടെയും സേവനങ്ങൾ ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. കംപ്യൂട്ടർവൽക്കരണം സംബന്ധിച്ച് ഏതാനും കാര്യങ്ങൾക്കൂടി ശ്രദ്ധയിൽപ്പെടുത്തട്ടെ.

(a) കംപ്യൂട്ടർവൽക്കരണം നമ്മുടെ ഇടവകയിൽ ആദ്യമായി ചെയ്യുന്നതുകൊണ്ട് അതിന്റേതായി ഉണ്ടാകുന്ന പ്രാരംഭബുദ്ധിമുട്ടുകൾ ഏവരും സദയം മനസ്സിലാക്കി കഴിയുന്നിടത്തോളം പൂർണ്ണമായി ഇത് നടപ്പിലാക്കുവാൻ ശ്രമിക്കുകയും സഹകരിക്കുകയും വേണം.

(b) വിവരങ്ങൾ ശേഖരിക്കുന്ന അവസരത്തിൽ കംപ്യൂട്ടർവത്കരിക്കുന്നതിന്റെ മെച്ചവും അജപാലനഉദ്ദേശലക്ഷ്യങ്ങളും ഇതിലെ വിവരങ്ങളുടെ സുരക്ഷിതത്വവും ഇടവകക്കാരെ പറഞ്ഞു ബോധ്യമാക്കുകയും വേണം. എന്നിട്ടും വിവരങ്ങൾ തരുവാൻ വിസമ്മതിക്കുന്നവരെ അതിനായി നിർബന്ധിക്കേണ്ടതില്ല. അതുപോലെ വളരെ പ്രായമായ

വരുടെ കണക്കുകൾ ലഭ്യമല്ലാതെ വരുമ്പോഴും അവരെയും നിർബ ന്ധിക്കേണ്ടതില്ല. വിവാഹം കഴിച്ചുവിട്ട പെൺമക്കളുടെയും, വിവാഹം കഴിച്ച് ഇടവകാതിർത്തിക്ക് വെളിയിൽ താമസിക്കുന്ന ആൺമക്കളു ടെയും വിവരങ്ങൾ തറവാട്‌വീടിന്റെ കണക്കുകളുടെ കൂട്ടത്തിൽ ചേർക്കുന്ന കാര്യത്തിലും നിർബന്ധം പിടിക്കേണ്ടതില്ല.

(c) സ്വന്തം ഇടവകയിൽനിന്നല്ലാതെ മറ്റു ഇടവകളിൽ നിന്നും ശേഖ രിച്ചുകൊണ്ടുവരുന്ന വിവരങ്ങൾ അതിന്റെ സർട്ടിഫിക്കറ്റുകൾ സഹിതം ശരിയാണെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തുകയും സർട്ടി ഫിക്കറ്റിലെ വിവരങ്ങൾ ഇപ്പോഴത്തെ ഇടവകപ്പള്ളിയുടെ ബന്ധപ്പെട്ട രജിസ്റ്ററിൽ / Special Register ൽ രേഖപ്പെടുത്തി ഒറിജിനൽ രേഖ പ്രത്യേകം ഫയലിൽ പള്ളിയുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാ ണ്. ഇപ്രകാരം ആധികാരികമെന്ന് ബോദ്ധ്യപ്പെട്ട എൻട്രികൾ കംപ്യൂ ട്ടറിൽ ചേർക്കുമ്പോൾ Reference എന്ന കോളത്തിൽ ടി. രജിസ്റ്റർ നമ്പ റും, പേജ് നമ്പരും, ക്രമനമ്പരും ചേർക്കേണ്ടതാണ്. ഇപ്രകാരം റഫ റൻസ് ഉള്ള എൻട്രികൾക്ക് മാത്രമേ ആധികാരികമായി സർട്ടിഫിക്ക റ്റുകൾ നല്കുവാൻ കഴിയുകയുള്ളൂ.

(d) ഇനിയും പ്രോഗ്രാം install ചെയ്യാത്ത 25 ഇടവകകൾ കൂടിയു ണ്ട്. ആ ഇടവകകളിലെ ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ പ്രത്യേകം ഒന്ന് ശ്രദ്ധിക്കുമല്ലോ.

(e) ഇടവകകളിലെ കംപ്യൂട്ടർവത്ക്കരണത്തിന് സഹായിക്കുവാൻ ഒരു Computer Assistant നെ യോഗനിശ്ചയപ്രകാരം നിശ്ചിതപ്രതിഫ ലത്തോടെ വയ്ക്കുവാനും അഭിവന്ദ്യപിതാവ് അനുവദിച്ചിട്ടുണ്ടെന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

**ബിഷപ്സ് ഹൗസ്**

**01-04-2010**

**ഫാ. ചാൻസലർ**



# വിയാനി ചിന്തകൾ - ൭



മാർ ജോസഫ് കല്ലറങ്ങാട്ട്

1. നമുക്കുവേണ്ടി സഹിക്കുവാൻ കൃപ കാണിച്ചുവനുവേണ്ടി നാം സഹി ക്കുവാൻ സന്നദ്ധരാകണം.

2. ദൈവത്തിൽ നിന്നു മാത്രം പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് ഓരോ രുത്തരും മറ്റുള്ളവർക്കുവേണ്ടി തനിക്കു ചെയ്യാൻ കഴിയുന്നിട ത്തോളം ചെയ്യണം.

3. ദൈവം പിതാവ് എന്ന നാമം സ്വീകരിച്ചുവെങ്കിൽ അത് നമുക്ക് അവനിൽ വളരെ വലിയ പ്രത്യാശ പ്രദാനം ചെയ്യാൻ വേണ്ടിയാ ണ്.

4. ഒരമ്മ തന്റെ കുഞ്ഞിനെ അഗ്നിയിൽനിന്നും രക്ഷിക്കുന്നതിനെക്കാൾ വേഗത്തിൽ ദൈവം പാപിയോട് ക്ഷമിക്കുന്നു.

5. ആർക്കാണോ എല്ലാ അധികാരവും നൽകപ്പെട്ടിരിക്കുന്നത് അവൻ അത് ഇതുവരെയും നഷ്ടപ്പെടുത്തിയിട്ടില്ല.

6. ദൈവത്തെ പ്രസാദിപ്പിക്കാനായി നാം ഏറ്റെടുക്കുന്ന ഒരു ഉദ്യമ ത്തിന് മൂന്നു വ്യവസ്ഥകൾ ഉണ്ടായിരിക്കണം. അത് ആത്മാർത്ഥത യുള്ളതും, നിസ്വാർത്ഥവും, സ്ഥിരതയുള്ളതുമായിരിക്കണം.

7. ദൈവകല്പനകൾ ലംഘിക്കാനുള്ള ക്ഷണം നിരസിച്ചില്ലായിരുന്നെ ങ്കിൽ രക്തസാക്ഷികൾ രക്തസാക്ഷികളാകുകയില്ലായിരുന്നു.

8. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ വളരെയധികം സ്നേഹിക്കാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു.

9. നാം പുറത്തു സഞ്ചരിക്കുമ്പോൾ നാം ഏകരല്ലന്നുള്ളത് എത്രയോ സന്തോഷപ്രദമായ കാര്യമാണ്.

10. ഈശോമിശിഹാ ചെയ്തതെല്ലാം നമുക്കുവേണ്ടിയാണ് – അവന്റെ പ്രാർത്ഥനകൾ, അവന്റെ കണ്ണുനീർ, അവന്റെ ജാഗ്രതകൾ, അവന്റെ ഉപവാസങ്ങൾ, അവന്റെ പ്രഘോഷണങ്ങൾ, അവന്റെ യാത്രകൾ, അവന്റെ സംഭാഷണങ്ങൾ, അവന്റെ അത്ഭുതങ്ങൾ – എല്ലാം നമുക്കുവേണ്ടിയായിരുന്നു.

11. നാം അലസരാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

12. ഓരോ സായാഹ്നത്തിലും ആ ദിവസം നീ ചെയ്ത എല്ലാക്കാര്യവും പരിശോധിക്കുക; ഓരോ മാസാവസാനവും ആ മാസത്തിൽ ചെയ്ത എല്ലാക്കാര്യങ്ങളും നിരീക്ഷിക്കുക; ഓരോ വർഷാവസാനവും ആ വർഷത്തിലെക്കാര്യങ്ങൾ വിശകലനം ചെയ്യുക. അങ്ങനെ ചെയ്താൽ നിന്നെത്തന്നെ തിരുത്തുവാൻ നീ പരാജയപ്പെടുകയില്ല; മാത്രമല്ല, മരണം വരുമ്പോൾ നീ സന്തോഷവാനും സ്വർഗ്ഗത്തിലേക്ക് പോകുവാൻ സന്നദ്ധനുമായിരിക്കും.

13. മനുഷ്യാത്മാവിനെ തൃപ്തിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ.

14. മൂങ്ങകൾക്ക് അസൗകര്യം ഉണ്ടാകുമെന്ന് ഭയപ്പെട്ട് സൂര്യൻ ഒരിക്കലും തന്റെ വെളിച്ചം മറയ്ക്കാറില്ല.

15. നമ്മുടെ കർത്താവ് തന്റെ കുരിശ് വഹിച്ചു. തീർച്ചയായും എനിക്ക് അവൻ ചെയ്തതുപോലെ ചെയ്യാൻ സാധിക്കും.

16. ദൈവത്തിന്റെ പരിപാലനയെ നിങ്ങൾ അവിശ്വസിക്കരുത്. നിങ്ങളുടെ ധാന്യമണികൾ വളരുവാൻ സഹായിച്ച നിങ്ങളുടെ ദൈവം തീർച്ചയായും അവ ശേഖരിക്കുവാനും നിങ്ങളെ സഹായിക്കും.

17. നാം വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നമ്മുടെ സന്തോഷവും ആനന്ദവുമാണ് നാം സ്വീകരിക്കുന്നത്.

18. പ്രഭാതപ്രാർത്ഥന ചൊല്ലാതെ ഒരു കാര്യവും ചെയ്യാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സാത്താൻ ഒരിക്കൽ ഇങ്ങനെ



പ്രഖ്യാപിച്ചു: “ഒരു ദിവസത്തിന്റെ ആദ്യനിമിഷങ്ങൾ എനിക്ക് ലഭിക്കുകയാണെങ്കിൽ ആ ദിവസത്തിന്റെ ബാക്കി നിമിഷങ്ങളും തീർച്ചയായും എന്റേതാണ്.”

19. ദൈവം എന്നോട് ഈ വലിയ കരുണ കാണിച്ചിരിക്കുന്നു. കാരണം എനിക്ക് എന്നിൽതന്നെ ആശ്രയിക്കത്തക്കവിധം പ്രത്യേക കഴിവുകളോ, വിജ്ഞാനമോ, അറിവോ, ശക്തിയോ, പുണ്യമോ ഒന്നുംതന്നെ തന്നിട്ടില്ല. നിരാശപ്പെടാനുള്ള പ്രലോഭനം ഉണ്ടാകുമ്പോൾ, ഒരു പട്ടിക്കുഞ്ഞ് തന്റെ യജമാനന്റെ കാൽചുവട്ടിൽക്കിടക്കുന്നതു പോലെ, ദിവ്യസക്രാരിയാണ് എന്റെ ഏക തുണ.

20. ദൈവത്തെ സ്വന്തമാക്കുക എന്നതാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം.

21. ഈശോയുടെ ശിഷ്യന്മാർ താബോർ മലയിൽ ഈശോയെ മാത്രം കണ്ടതുപോലെ ആന്തരികാത്മാക്കൾ അവരുടെ താബോറാകുന്ന ഹൃദയത്തിൽ നമ്മുടെ കർത്താവിനെ മാത്രം കാണുന്നു. ഒരിക്കലും പരസ്പരം മുഷിപ്പു തോന്നാത്ത രണ്ട് ആത്മാർത്ഥ സുഹൃത്തുക്കളാണ് അവർ.

22. ദൈവം മാത്രമാണ് മനുഷ്യന് പത്തു കല്പനകൾ നല്കിയിരിക്കുന്നത്. അവയിൽ ഒന്നിന്റെ ഏകവിഷയം ‘ദൈവനാമത്തിന് അർഹമായ ബഹുമാനം കൊടുക്കുക’ എന്നതാണ്. എന്നാൽ, ഈ കാലഘട്ടത്തിൽ പരിശുദ്ധ നാമത്തെക്കാൾ വിലകുറഞ്ഞ ഒന്നുമില്ല.

23. നീ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ എന്ന് ഞാൻ നിന്നോട് ചോദിച്ചാൽ നീ പറയുന്നു, ഞാൻ സ്നേഹിക്കുന്നു എന്ന്. എന്നാൽ അത് പോരാ. തീർച്ചയായും നീ അത് തെളിയിക്കണം.

24. പരിശുദ്ധാത്മാവായ ദൈവം നമ്മെ സന്ദർശിക്കുമ്പോഴാണ് നമുക്ക് നല്ല ചിന്തകൾ ലഭിക്കുന്നത്.

25. നമ്മൾ ഒരിക്കലും പാവപ്പെട്ടവരെ നിന്ദിക്കരുത്. കാരണം, ആ നിന്ദ ദൈവത്തിനെതിരായ നിന്ദയാണ്.

26. നമ്മുടെ അയൽക്കാരനോട് അസൂയ ഉണ്ടാകുമ്പോൾ അവനെ ഈ മനോഭാവം കാണിക്കരുതെന്ന് മാത്രമല്ല നമ്മുടെ കഴിവിനൊത്ത് അവനെ സഹായിച്ചുകൊണ്ട് അവനെ നമ്മുടെ യഥാർത്ഥ സുഹൃത്താക്കി മാറ്റണം.

27. സുഹൃത്തുക്കൾ പരസ്പരം കാണുകയും സംസാരിക്കുകയും ചെയ്യുന്നതുപോലെ വിശുദ്ധ കൊളെറ്റെ (Colette) നമ്മുടെ കർത്താവിനെ കാണുകയും സംസാരിക്കുകയും ചെയ്തു. എന്നാൽ നമ്മൾ പലപ്പോഴും എന്ത് ചെയ്യണം, എന്ത് പ്രാർത്ഥിക്കണം എന്നറിയാതെ ദൈവാലയത്തിൽ വരുകയും പോവുകയും ചെയ്യുന്നില്ലേ?

28. പരിശുദ്ധ കുർബാനയിലൂടെ നമ്മുടെ മദ്ധ്യേ വസിച്ചുകൊണ്ട് എന്തു മാത്രം അപമാനങ്ങൾക്കും നിന്ദനങ്ങൾക്കും നമ്മുടെ കർത്താവ് ഇരയാകുന്നു! അവിടുന്ന് അവിടെയായിരിക്കുന്നത് നമ്മെ ആശ്വസിപ്പിക്കാനായതുകൊണ്ട് നാം ബഹുമാനാദരവുകളോടെ അവിടുത്തെ സന്ദർശിക്കണം.

29. മറ്റുള്ളവരുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി സ്വന്തം താല്പര്യങ്ങളെ ബലികഴിക്കുവാൻ നാം എപ്പോഴും തയ്യാറാണ്. അവ ദൈവഹിതത്തിന് വിരുദ്ധമല്ലാത്തിടത്തോളം കാലം നമുക്ക് വളരെ ഉപകാരപ്രദമാണ്.

30. ദൈവത്തെ മാത്രം സ്നേഹിച്ച്, അവിടുത്തെ മാത്രം ആഗ്രഹിച്ച്, ചെയ്യുന്ന എല്ലാക്കാര്യങ്ങളിലും 'ദൈവത്തെ മാത്രം പ്രസാദിപ്പിച്ച്' നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം ജീവിച്ചതുപോലെ നമുക്കും ജീവിക്കാം.



# Collection List

| PARISH | JUSTICE SUNDAY | K.C.Y.M. | SABHA DINAM (SYRO MALABAR) | JESUS FRATERNITY | FAMILY AID FUND |
|---|---|---|---|---|---|
| ADIVARAM | 1500.00 | 1500.00 | 1000.00 | 1000.00 | 6020 |
| ADUKAM | 350.00 | 350.00 | 350.00 | 350.00 | 800 |
| AIMCOMBU | 606.00 | 510.00 | 432.00 | 450.00 | 4140 |
| ALPHONSAGIRI | 380.00 | 400.00 | 450.00 | 450.00 | |
| ALPHONSAPURAM | 410.00 | 260.00 | 440.00 | 360.00 | 3050 |
| AMPARANIRAPPEL | 750.00 | | 1000.00 | 1000.00 | 3200 |
| ANTHIALAM | 2000.00 | 1600.00 | 1550.00 | 935.00 | 13120 |
| ANTHINADU | 1000.00 | 800.00 | 2000.00 | | 12000 |
| ARAKULAM NEW | 4710.00 | 2500.00 | 2345.00 | | 16500 |
| ARAKULAM OLD | 1000.00 | 500.00 | 500.00 | 500.00 | 5000 |
| ARUNAPURAM | 500.00 | 500.00 | 500.00 | 500.00 | 8031 |
| ARUNOOTTIMANGALAM | 3370.00 | 5091.00 | 1882.00 | 2665.00 | 8360 |
| ARUVITHURA | 16556.00 | 10765.00 | 16530.00 | 13310.00 | 84543 |
| AYYAMPARA | | 1220.00 | 1000.00 | 600.00 | 4000 |
| BHARANANGANAM FORANE | | | 5495.00 | | 42000 |
| CHAKKAMPUZHA | 2840.00 | 605.00 | 801.00 | | 10966 |
| CHEMMALAMATTAM | 3425.00 | 2250 | 3510.00 | 3130.00 | 14640 |
| CHEMPILAVU | 1000.00 | 450.00 | 500.00 | 500.00 | 4000 |
| CHENNAD | | 300.00 | 350.00 | | |
| CHERPUMKAL FORANE | | | 9238.00 | 9152.00 | 56860 |
| CHETTUTHODU | | | 2260.00 | | 10220 |
| CHITTAR | 1150.00 | 1020.00 | 1025.00 | 830.00 | 10400 |
| CHOLATHADAM | | 1200.00 | 500.00 | | |
| CHOONDACHERY | | 500.00 | | | 6300 |
| EDADU | 505.00 | | 400.00 | | 2745 |
| EDAMARUKU | 1400.00 | 1400.00 | 1500.00 | 2100.00 | 10000 |
| EDAMATTAM | 945.00 | 990.00 | 860.00 | | 15000 |
| EDAPPADY | 1100.00 | | 1050.00 | | 3250 |
| ELAMTHOTTAM | | 1500.00 | 2000.00 | 1717.00 | 12082 |
| ELANJI FORANE | 4560.00 | 1125.00 | 3695.00 | | 22000 |
| EZHACHERRY | 664.00 | 1016.00 | 875.00 | | 6025 |
| FATHIMAPURAM | 1700.00 | | 2075.00 | 1350.00 | 10000 |
| GAGULTHA (MATTATHIPARA) | 900.00 | | 800.00 | | 2500 |
| GEOVALLY (ELIVALY) | 1600.00 | | 963.00 | | 12416 |
| JAIGIRI | 551.00 | | 556.00 | | 5001 |
| JOSE MOUNT (ILLIARY) | | | 390.00 | | 3385 |
| JOSEGIRI | 1100.00 | 500.00 | 1000.00 | 450.00 | |
| KADANAD | 3750.00 | | 3000.00 | 2600.00 | 27700 |

| | | | | | |
|---|---|---|---|---|---|
| KADAPLAMATTAM | | 1000.00 | 3500.00 | | 10000 |
| KADUTHURUTHY | 9011.00 | | 4432.00 | | |
| KAIPPALLY | 900.00 | 300.00 | 700.00 | | 635 |
| KAKKOOR | 1250.00 | 1312.00 | 1200.00 | | 8365 |
| KAKOMBU | 1000.00 | | 1000.00 | | |
| KALATHOOKADAVU | | | | 2020.00 | |
| KALATHOOR | | 975.00 | 1170.00 | | 7385 |
| KALIKAVU | 905.00 | | 1720.00 | 966.00 | 3215 |
| KANJIRAMATTAM | 3500.00 | 2001.00 | 3000.00 | 2500.00 | 25000 |
| KANJIRATHANAM | 2486.00 | | 3754.00 | 1775.00 | 23680 |
| KARIMPANY | 2000.00 | 2250.00 | | | 7000 |
| KAROOR | 2208.00 | 1350.00 | 1453.00 | 2436.00 | |
| KATTAMPAK | 1070.00 | 625.00 | 650.00 | 675.00 | 3000 |
| KAVALY | 1134.00 | 590.00 | 737.00 | 633.00 | 2400 |
| KAVEEKUNNU | 2561.00 | 1800.00 | 1542.00 | 1200.00 | 7000 |
| KAVUMKANDAM | 2000.00 | 1925.00 | 1500.00 | | 6700 |
| KEEZHOOR | 890.00 | 781.00 | 1485.00 | | 7500 |
| KIZHAPARAYAR | 860.00 | 920.00 | 760.00 | 840.00 | 6250 |
| KIZHATHADIYOOR | 2711.00 | 2300.00 | 2001.00 | | 24000 |
| KONDAD | 1340.00 | 1131.00 | 1174.00 | | 11900 |
| KOODALLOOR | 4200.00 | | 2100.00 | | 22000 |
| KOOTHATTUKULAM | 500.00 | 500.00 | 750.00 | 500.00 | 18750 |
| KOOTTIKAL | 2003.00 | 2100.00 | 1790.00 | 2079.00 | 7000 |
| KOTHANALLOOR | | 1000.00 | 3505.00 | | 26320 |
| KOZHUVANAL | | | 2300.00 | | 23500 |
| KUDAKKACHIRA | 2600.00 | | 1740.00 | | 12500 |
| KUDAYATHOOR | | | 1500.00 | | 15000 |
| KULAMAVU | | | 460.00 | | 5350 |
| KUNNONNI | 2405.00 | 1330.00 | 985.00 | 1360.00 | 8505 |
| KURAVILANGAD | | | 11465.00 | 9725.00 | |
| KURICHITHANAM | | 1220.00 | 750.00 | 1320.00 | 10500 |
| KURINJI | 2755.00 | | 2007.00 | | 12440 |
| KURUMANNU | 1700.00 | | 1100.00 | 1000.00 | 11260 |
| KURUVINAL | | 310.00 | 250.00 | | 12726 |
| LALAM NEW | 3500.00 | 6950.00 | 3200.00 | 3550.00 | 18650 |
| LALAM OLD | 6000.00 | 3500.00 | 3000.00 | 4000.00 | 35000 |
| LOURDES MOUNT | | 148.00 | 145.00 | 140.00 | 600 |
| MALAPURAM | 650.00 | 1350.00 | 800.00 | | 6240 |
| MALAYINCHIPARA | 1000.00 | 1000.00 | 900.00 | 950.00 | 4000 |
| MALLIKASSERY | 1500.00 | | 700.00 | | 9000 |
| MANALUMKAL | 2500.00 | | | | 10000 |
| MANATHOOR | 2350.00 | | 2000.00 | 1800.00 | 17250 |
| MANGALAGIRI | 356.00 | 261.00 | 280.00 | 377.00 | 2020 |
| MANGALARAM | 300.00 | 250.00 | 250.00 | 300.00 | 3000 |
| MANIAMKULAM | 1000.00 | 1200.00 | 1050.00 | | 6485 |
| MANIAMKUNNU | 1050.00 | 500.00 | 550.00 | 500.00 | 8600 |
| MANJAMATTAM | 1556.00 | 2542.00 | 1000.00 | | 6025 |



| | | | | | |
|---|---|---|---|---|---|
| MANNACKANAD | 1750.00 | 1000.00 | 1200.00 | | 12000 |
| MANNAR | 3070.00 | | 1750.00 | | 17080 |
| MANNARAPPARA | | 5150.00 | 2170.00 | 4345.00 | 49460 |
| MANVETTAM | 1806.00 | | 1275.00 | | 12500 |
| MARANGATTUPALLY | 1500.00 | | 1500.00 | 1001.00 | 11500 |
| MARANGOLY | 1500.00 | | 1052.00 | | 9000 |
| MARYLAND | 2915.00 | | 2295.00 | | 6860 |
| MATTAKKARA | 3162.00 | 650.00 | 1156.00 | | 9500 |
| MAVADY | | 200.00 | 400.00 | | 6000 |
| MEENACHIL | 1006.00 | 887.00 | 849.00 | 956.00 | |
| MELUKAVUMATTAM | | | 1994.00 | | 6818 |
| MEVIDA | 450.00 | 480.00 | 750.00 | 610.00 | 2780 |
| MONIPPALLY | 2535.00 | 1869.00 | 900.00 | 2201.00 | 21615 |
| MOOLAMATTAM | | | 5850.00 | | 22810 |
| MOONNANI | | 1000.00 | 1000.00 | | 7550 |
| MOONNILAVU | 1350.00 | | 1745.00 | | |
| MOOZHOOR | 3031.00 | | 2432.00 | | |
| MULAKULAM | 650.00 | 700.00 | 700.00 | 800.00 | 3120 |
| MUNDANKAL | 2200.00 | | 1505.00 | 2545.00 | 20575 |
| MUTHOLAPURAM | 4269.00 | | 1380.00 | 2637.00 | |
| MUTHOLY | 1400.00 | | 2300.00 | 950.00 | 10375 |
| MUTTUCHIRA FORANE | 8435.00 | 6786.00 | 6278.00 | | 42006 |
| NAMBIAKULAM | | 550.00 | 750.00 | | 1500 |
| NARIANGANAM | 900.00 | | 850.00 | | 6400 |
| NEELOOR | | | 1800.00 | | 14170 |
| NEERANTHANAM | 1711.00 | 891.00 | 1000.00 | | 9560 |
| NELLAPPARA | 200.00 | 200.00 | 200.00 | 200.00 | 3000 |
| NELLIANI | 300.00 | 300.00 | | | 5112 |
| PADUVA | | 1905.00 | 3000.00 | | 12640 |
| PAIKA | | | 2755.00 | | 20500 |
| PAINGULAM | 1900.00 | 1500.00 | 1200.00 | 1500.00 | 12000 |
| PALAI CATHEDRAL | | | 6067.00 | | 100001 |
| PALAKAD | 500.00 | 500.00 | 500.00 | 500.00 | 2000 |
| PALAKATTUMALA | 500.00 | 250.00 | 250.00 | 250.00 | 1000 |
| PALAYAM | 350.00 | 200.00 | 320.00 | 200.00 | 5460 |
| PARATHANAM | | | 1596.00 | | 6475 |
| PAYYANITHOTTAM | 515.00 | 565.00 | 290.00 | 472.00 | 5175 |
| PERIAPURAM | 1000.00 | 500.00 | 650.00 | 1000.00 | 5500 |
| PERINGULAM | 2400.00 | | 2400.00 | 1800.00 | 13500 |
| PERUMTHURUTH | 450.00 | 500.00 | 400.00 | 600.00 | 3500 |
| PIRAVOM | 2465.00 | | 1511.00 | 1200.00 | 4855 |
| PIUSMOUNT | 500.00 | 300.00 | 1300.00 | 300.00 | 8000 |
| PLASSANAL | | | | | 27035 |
| POONJAR | 2250.00 | 2020.00 | 3250.00 | | 21550 |
| POOVARANY | 4500.00 | 2800.00 | 2900.00 | 2500.00 | 25000 |
| POOVATHODU | 1400.00 | | 1300.00 | | 8500 |
| PRAVITHANAM | 3500.00 | | 5000.00 | 4500.00 | 40000 |

| | | | | | |
|---|---|---|---|---|---|
| RAMAPURAM | 10092.00 | | 9080.00 | | 40515 |
| RATNAGIRI | | | | | 15750 |
| SANTHIGIRI | | | | | 2845 |
| SANTHIPURAM | | | 785.00 | | 20005 |
| SIBIGIRI | 2000.00 | 3000.00 | 1500.00 | 1000.00 | 11100 |
| SLIVAPURAM | 500.00 | 700.00 | 550.00 | 500.00 | 4200 |
| TEEKOY | 5824.00 | 4443.00 | 2914.00 | | 33600 |
| THAKADI | | | | | 1200 |
| THIDANAD | 3141.00 | 729.00 | 900.00 | 1050.00 | 12000 |
| THIRUMARADY | 350.00 | 500.00 | 350.00 | 350.00 | 2700 |
| THODANAL | 2342.00 | 1987 | 1260.00 | 1868.00 | 9660 |
| THUDANGANAD FORANE | 2222.00 | 1001.00 | 2450.00 | | 13333 |
| UDAYAGIRI | 1218.00 | 1126.00 | 1108.00 | 1010.00 | 6710 |
| ULLANAD | 2680.00 | 1615.00 | 1800.00 | 3300.00 | 18130 |
| URULIKUNNAM | 1000.00 | | 800.00 | | 4250 |
| URUMPUKAVU | 2004.00 | 1177.00 | 2633.00 | | 10000 |
| VADAKARA | 1500.00 | | 1500.00 | | 26000 |
| VAGAMON | 250.00 | 200.00 | 320.00 | 225.00 | 6300 |
| VAKAKKAD | 2010.00 | 1556.00 | 1651.00 | 1665.00 | 10160 |
| VAKKAD | 385.00 | 275.00 | 360.00 | 260.00 | 1900 |
| VALACHIRA | 250.00 | 250.00 | 250.00 | | 1000 |
| VALAVOOR | 700.00 | 500.00 | 750.00 | 300.00 | 10000 |
| VARIANIKKAD | 1005.00 | | 602.00 | 940.00 | 3480 |
| VAYALA | 2735.00 | 1302.00 | 1105.00 | | 13340 |
| VEDAGIRI | 600.00 | | 750.00 | | 4000 |
| VELANILAM | 1200.00 | 1250.00 | 1200.00 | | 8175 |
| VELLIAMATTAM | | | 1350.00 | | |
| VELLIKULAM | 900.00 | 1000.00 | 850.00 | 850.00 | 9030 |
| VEZHAGANAM | 600.00 | 700.00 | 700.00 | 675.00 | 7400 |
| VILAKUMADAM | | | | | 19269 |
| VIMALAGIRI (CHAKKIKAVU) | 275.00 | 325.00 | 350.00 | | 3000 |
| XAVIERPURAM | | | 680.00 | | 4585 |
| YENTHAYAR | | | | | 12000 |
| KALLOORKULAM CHAPEL | | | 650.00 | | |
| VALAKKATTUKUNNU CH | 350.00 | 350.00 | 500.00 | 300.00 | |



ഫെബ്രുവരി 13-ാം തീയതി രാമപുരം, ഭരണങ്ങാനം, പാലാ ബിഷപ് ഹൗസ് ഇവ സന്ദർശിച്ച വൈദികർക്കുവേണ്ടിയുള്ള പൗരസ്ത്യതിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ ക്ലാവുദിയോ ഹ്യൂംസ് തന്റെ സന്ദർശനാന്തരം റോമിൽ നിന്നും അഭിവന്ദ്യ പിതാവിന് അയച്ച കത്ത്.

CONGREGATIO PRO CLERICIS

Your Excellency, 22 February 2010

Fraternal and cordial greetings from Rome,

After a comfortable flight which reached Rome on time, I am now back to my regular tasks in the congregation for the clergy. My experiences in both Tamil Nadu (Velankanni) and in Kerala were very positive indeed. This was my first trip to India, a country which I always wanted to visit. I was particularly impressed with the vitality of the church and the enthusiasm of the clergy and the faithful. I can see how the Church in India is substantially contributing to the Evanglization of the rest of the world and doing this in a wonderful manner. I hope and pray that the "Year of the Priest" , that we are now celebrating, will provide renowed missionary enthusiasm to the Church in India. The sacrifices, particularly the martyrdom of her priest, religious and faithful, will certainly strengthen your Church and give her the necessary inspiration and courage to face even the harsheet of the trials.

I would like to take this opportunity to thank Your Excellency for the wonderful welcome that the Diocese of Palai has accorded me and for the cordiality and brotherliness with which you and the Bishop emeritus, Mar Joseph Pallickaparampil, received me and accompanied me during my pilgrimage to the places associated with St. Alphonsa and Blessed Augustine Thevarparambil. Your Diocese is blessed with presence of these two holy persons and, I am sure, they always remain a source of missionary inspiration for the priests, religious and faithful, as well as a spring of divine consolation to all men and women who are afflicted in different ways in their lives, irrespective of cast and creed.

Once again I extend to Your Excellency and Mar Joseph Pallickaparampil, as well as to all of these priests, religious and laity of palai, my sincere thanks and cordial regards,

Yours fraternally in Our Lord

Claudio Card. HUMMES
Prefect

## കളത്തൂക്കടവ് വി. ജോൺ വിയാനി പള്ളി

ഇടവകവൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ 150-ാം മരണവാർഷികത്തോടനുബന്ധിച്ച് തിരുസ്സഭ 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ വൈദികവർഷമായി ആചരിക്കുകയാണല്ലോ. "ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹമായ പൗരോഹിത്യ" (വിയാനി) ത്തിന്റെ മഹനീയത മനസ്സിലാക്കി കൂടുതൽ വിശുദ്ധിയോടും തീക്ഷ്ണതയോടും കൂടെ വ്യാപരിക്കാനുള്ള ദൗത്യമാണ് ഈ വർഷം ഓരോ പുരോഹിതനും ഉള്ളത്. കൂടാതെ, നിത്യപുരോഹിതനായ ഈശോയുടെ ദാസരായ വൈദികരുടെ ശുശ്രൂഷകൾ കൂടുതൽ വിശുദ്ധിയോടും പവിത്രതയോടും കൂടെ നിർവ്വഹിക്കപ്പെടുവാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള കടമ ദൈവജനത്തിനുമുണ്ട്.

ഇടവകവൈദികർക്കെന്നും ഒരു ഉത്തമമാതൃകയാണ് വിയാനി പുണ്യവാൻ. തന്റെ അജഗണത്തെ പാപത്തിന്റെ മാർഗ്ഗത്തിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയിൽ എത്തിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. തന്നെ സമീപിക്കുന്നവർക്കെല്ലാം ആശ്വാസവും ആലംബവുമാകാൻ അദ്ദേഹം സ്വന്തം ജീവിതം സമർപ്പിച്ചു.

പാലാ രൂപതയിൽ വി. വിയാനിയുടെ നാമധേയത്തിലുള്ള ഏക പള്ളിയാണ് കളത്തൂക്കടവ് പള്ളി. ഒരു ഇടവകയുടെ മദ്ധ്യസ്ഥൻ ആ ഇടവകയ്ക്കും ഇടവകക്കാർക്കും മാത്രമല്ല, ആ ഇടവക സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്കും എന്നും ഒരു താങ്ങും തണലുമായിരിക്കും. ഈ വൈദികവർഷത്തിൽ വിയാനി പുണ്യവാന്റെ നാമധേയത്തിലുള്ള കളത്തൂക്കടവ് പള്ളി സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടുന്നതും അനുഗ്രഹപ്രദമായിരിക്കും. അതിനായി ഇടവകജനങ്ങളെ ഒരുക്കുവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിശുദ്ധന്റെ മാദ്ധ്യസ്ഥം വഴി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാ രൂപതയുടെ മെത്രാൻ**



## ദൈവവിളി ക്യാമ്പ്

ഈ വർഷം അർപ്പിതജീവിതത്തിലേക്കു പ്രവേശിക്കുവാൻ തയ്യാറെടുക്കുന്ന എസ്.എസ്.എൽ.സി., +2 പരീക്ഷ എഴുതിയിരിക്കുന്നവർക്കും എട്ടാംക്ലാസ് മുതലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവിധ ജീവിതാന്തസ്സുകളെക്കുറിച്ച് പഠിക്കുവാനും ചിന്തിക്കുവാനും വേണ്ടി ഒരു ജീവിതാന്തസ് ക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 14 ബുധനാഴ്ച രാവിലെ 9.30 ന് മുമ്പ് എത്തിച്ചേരുക. 15-ന് നാലുമണിക്ക് ക്യാമ്പ് സമാപിക്കും. ക്യാമ്പ് ഫീസ് 100 രൂപാ.

ഈ വർഷം പാലാ രൂപതയിൽ നിന്ന് മറ്റ് ഏതെങ്കിലും രൂപതകളിലോ സന്യാസസഭകളിലോ ചേരാൻ ആഗ്രഹിക്കുന്ന എല്ലാ ആൺകുട്ടികളും പെൺകുട്ടികളും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. വിവിധ വൊക്കേഷൻ പ്രൊമോട്ടർമാർക്ക് കുട്ടികളെ സന്ദർശിക്കാൻ ഏപ്രിൽ 15-ന് ഉച്ചകഴിഞ്ഞ് സമയം ലഭിക്കുന്നതാണ്.

ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കുകയും സൽസ്വഭാവികളായ കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുകയും ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

**വൊക്കേഷൻ പ്രൊമോട്ടർ, പാലാ രൂപത**

### വി. അൽഫോൻസാ ജന്മശതാബ്ദി
### അഖിലകേരള ഗാനമത്സരവും ക്വിസ്മത്സരവും

വി. അൽഫോൻസായുടെ ജന്മശതാബ്ദിയോടനുബന്ധിച്ച്, അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2010 മെയ് 14 വെള്ളിയാഴ്ച, ഭരണങ്ങാനം സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂളിൽ വച്ച് അഖിലകേരളാടിസ്ഥാനത്തിൽ ഗാനരചന-സംഗീതാലാപനമത്സരവും 2010 മെയ് 15 ശനിയാഴ്ച 'അൽഫോൻസാ ക്വിസ്' മത്സരവും സംഘടിപ്പിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് അൽഫോൻസാ തീർത്ഥാടനകേന്ദ്രവുമായി ബന്ധപ്പെടുക:
ഫോൺ : 04822 236244, 9446859852

ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്, തീർത്ഥാടനകേന്ദ്രത്തിനുവേണ്ടി,

ഫാ. ജോസഫ് തടത്തിൽ (റെക്ടർ)
ഫാ. തോമസ് ചില്ലക്കൽ (അസി. റെക്ടർ, കൺവീനർ)
ഫാ. മാത്യു അറയ്ക്കപ്പറമ്പിൽ (അസി. റെക്ടർ, കൺവീനർ)

# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

**ഫാ. മാത്യു വെള്ളാനിക്കൽ**

യൂദാസ് സ്ക്കറിയോത്ത പുറത്തുപോയതിനെ തുടർന്ന് ഈശോ തന്റെ ശിഷ്യരുമായി പങ്കിട്ട അന്ത്യത്താഴഭാഗമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഈശോയെ ഒറ്റിക്കൊടുക്കുവാനുള്ള തന്റെ തീരുമാനത്തിലുറപ്പിക്കപ്പെട്ട് യൂദാസ് പുറത്തുപോയതോടെ ഈശോയുടെ മരണം ഉറപ്പായി. ഈ സന്ദർഭത്തിൽ തന്റെ ശിഷ്യരോട് ആദ്യമായി പറഞ്ഞ വാക്കുകളാണിവ. ഈശോയുടെ പൗരോഹിത്യവ്യക്തിത്വത്തെക്കുറിച്ചും അവിടുത്തെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരുടെ പൗരോഹിത്യജീവിതത്തെക്കുറിച്ചും ഈ വാക്കുകളിലൂടെ വെളിപ്പെടുത്തുന്ന ചില മാനങ്ങൾ ഇപ്രാവശ്യം നമ്മുടെ വിചിന്തനത്തിനു വിഷയമാക്കാം.

## 1. പുരോഹിതൻ: ദൈവമഹത്വം തേടുന്നവൻ

*"അവൻ പുറത്തുപോയിക്കഴിഞ്ഞപ്പോൾ ഈശോ പറഞ്ഞു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. ദൈവം അവനിൽ മഹത്വപ്പെട്ടുവെങ്കിൽ ദൈവം അവനെ തന്നിൽ മഹത്വപ്പെടുത്തും. ഉടൻ തന്നെ മഹത്വപ്പെടുത്തും"* (യോഹ 13: 31-32).

ഈശോയുടെ മരണത്തേയും ഉത്ഥാനത്തേയും യോഹന്നാൻ കാണുന്നത് ഈശോയുടെ മഹത്വീകരണമായിട്ടാണ്. കാരണം മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് ഈശോ തന്റെ ദൈവപുത്രത്വത്തിനടുത്ത മഹത്വത്തിലേയ്ക്കു പ്രവേശിച്ചത്. പീഢാനുഭവം, മരണം, ഉത്ഥാനം എന്നീ മൂന്നു ഘട്ടങ്ങളും ഈശോയുടെ മഹത്വീകരണപ്രക്രിയയുടെ ഭാഗമാണ്. മരണമില്ലാതെ ഉത്ഥാനമില്ല; ഉത്ഥാനമില്ലാതെ മരണവുമില്ല. തന്റെ മരണോത്ഥാനങ്ങൾ മഹത്വീകരണമായി ഈശോ സ്വയം കരുതി എന്നു സൂചിപ്പിക്കുന്ന വാക്കുകൾ നമുക്ക് സുവിശേഷത്തിൽ കാണുവാൻ കഴിയും. "എന്റെ സമയം ഇനിയും ആയിട്ടില്ല" എന്നു ചില സന്ദർഭങ്ങളിൽ ഈശോയും (യോഹ 2: 4; 7: 6) മറ്റു ചില സന്ദർഭങ്ങളിൽ സുവിശേഷകനും (യോഹ 8:20) പറയുന്നത് ഇതിന്റെ വ്യക്തമായ സൂചനകളാണ്. "എന്റെ സമയം" എന്നു പറയുന്നത് ഈശോയുടെ മഹത്വീകരണത്തിന്റെ സമയമാണ്. ഗ്രീക്കു ഭാഷയിൽ കലണ്ടർ, സമയത്തിനുപയോഗിക്കുന്ന 'ക്രോണോസ്' എന്ന വാക്ക് ഉപയോഗിക്കാതെ, നിശ്ചിതസമയത്തെ സൂചിപ്പിക്കുന്ന 'കയ്റോസ്' എന്ന വാക്ക് ഈ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്.



ഈശോയുടെ മഹത്വീകരണം ദൈവമഹത്വത്തിനു കാരണമാകുമെന്നും ഇവിടെ വ്യക്തമാകുന്നുണ്ട്. 'ദൈവം മഹത്വപ്പെടുക' എന്നു പറഞ്ഞാൽ 'ദൈവം മനുഷ്യരുടെ മുമ്പിൽ മഹത്വപ്പെടുക' എന്നാണ് അർത്ഥം. ദൈവം മനുഷ്യരാൽ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ അവിടുന്ന് മനുഷ്യരിൽ മഹത്വപ്പെടുന്നു എന്നു പറയുവാൻ കഴിയും. ഈശോയുടെ ജീവിതം മുഴുവനും ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ജീവിതമായിരുന്നു. അവിടുത്തെ വാക്കുകളും പ്രവൃത്തികളും ജീവിതവും ദൈവത്തേയും ദൈവസ്നേഹത്തേയും മനുഷ്യർക്ക് വെളിപ്പെടുത്തുന്നവയായിരുന്നു. അവിടുത്തെ മരണം ഈ വെളിപ്പെടുത്തലിന്റെ പൂർത്തീകരണമായിരുന്നു. ഈശോയുടെ വാക്കുകൾതന്നെ ഇത് സൂചിപ്പിക്കുന്നുണ്ട്. തന്റെ അന്ത്യപ്രാർത്ഥനയിൽ അവിടുന്ന് പറയുന്നു: "പിതാവേ സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്വപ്പെടുത്തണമേ" (യോഹ 17:1). വീണ്ടും അവിടുന്ന് പറഞ്ഞു: "അവിടുന്ന് എന്നെ ഏൽപിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി. ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമേ" (യോഹ: 17:4-5).

തന്റെ മരണം ഉറപ്പായപ്പോൾ "ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു" എന്ന് ഈശോ പറഞ്ഞ വാക്കുകൾ തന്റെ ജീവിതാനുഭവങ്ങളെല്ലാം അവിടുന്ന് ദൈവമഹത്വത്തിന്റെ വെളിച്ചത്തിൽ കണ്ടിരുന്നു എന്നതിന്റെ സൂചനയാണ്. ദൈവമഹത്വമായിരിക്കണം പുരോഹിതന്റെ ജീവിതലക്ഷ്യമെന്നും ഇത് സൂചിപ്പിക്കുന്നു. പലപ്പോഴും പുരോഹിതശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ മനുഷ്യമഹത്വം തേടാനുള്ള പ്രവണത നമുക്കുണ്ടാവുക സ്വാഭാവികമാണ്. അതിനെ അതിലംഘിച്ച് ദൈവമഹത്വം ലക്ഷ്യമാക്കി എപ്പോഴും ജീവിക്കുവാനും ശുശ്രൂഷകൾ നിർവ്വഹിക്കുവാനും പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കണം.

## 2. പുരോഹിതൻ: ഹൃദയം തുറന്നു പങ്കുവയ്ക്കുന്നവൻ

*"എന്റെ കുഞ്ഞുങ്ങളേ, ഇനി അൽപസമയംകൂടി ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ ഞാൻ യഹൂദരോടു പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങളോടും പറയുന്നു. ഞാൻ പോകുന്നിടത്തേക്കുവരാൻ നിങ്ങൾക്കു കഴിയുകയില്ല"* (വാ. 33).

ഈശോ തന്റെ വേർപാട് ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ പ്രഖ്യാപിക്കുകയാണ്. മരണം ശാരീരികമായ, എന്നാൽ നിത്യമായ, ഒരു വേർപാടാണ്. അത് ഏറ്റം വേദനാജനകവുമാണ്. തനിക്ക് സ്വന്തമായി പിതാവു

നല്കിയവരും, താൻ സ്വന്തമായി കരുതി സ്നേഹിച്ചവരുമായ ശിഷ്യരെ വേർപിരിഞ്ഞുപോകുന്ന സമയം വന്നപ്പോൾ അവിടുത്തെ ഹൃദയം വിങ്ങിപ്പൊട്ടി. ഹൃദയവേദനകൾ തന്റെ സ്വന്തപ്പെട്ടവരുമായി അവിടുന്ന് പങ്കുവയ്ക്കുകയാണ്. "കുഞ്ഞുങ്ങളേ" എന്ന സംബോധന ശിഷ്യരുമായുള്ള ഈശോയുടെ ഉറ്റബന്ധം വെളിപ്പെടുത്തുന്നതാണ്. വേർപാടിന്റെ വേദന അവരുമായി ഈശോ പങ്കുവയ്ക്കുകയാണ്. യൂദാസിന്റെ സാന്നിദ്ധ്യത്തിൽ ഈശോ ഈ വേദന ശിഷ്യരുമായി പങ്കുവച്ചു: "ഈശോ ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (വാ. 21). ഇപ്പോൾ, യൂദാസ് പോയിക്കഴിഞ്ഞപ്പോൾ, വീണ്ടും ഈശോ തന്റെ ഹൃദയവേദന തുറന്നു പങ്കുവയ്ക്കുകയാണ്. പുരോഹിതകൂട്ടായ്മ, ഹൃദയംതുറന്നു പങ്കുവയ്ക്കുന്ന ഒരു കൂട്ടായ്മയായിരിക്കണം. ബ്രഹ്മചാരികളായ പുരോഹിതന്മാർക്ക് ഇത്തരത്തിലുള്ള ഒരു പൗരോഹിത്യ കൂട്ടായ്മ അനിവാര്യമാണ്.

ഈശോയുടെ ഈ പങ്കുവയ്ക്കലിന് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. തന്റെ കൂട്ടായ്മയിലുള്ള ശിഷ്യന്മാരെയെല്ലാം നന്മയ്ക്ക് പ്രചോദിപ്പിക്കുന്ന ഒരു പങ്കുവയ്ക്കലാണ് അവിടുന്നു നടത്തുന്നത്. തന്നെ ഒറ്റിക്കൊടുക്കുന്ന യൂദാസിന്റെ സാന്നിദ്ധ്യത്തിൽ അവന്റെ ഒറ്റിക്കൊടുക്കലിനെക്കുറിച്ച് ഈശോ പങ്കുവയ്ക്കുന്നത്, അവനു യാതൊരു ബുദ്ധിമുട്ടും സൃഷ്ടിക്കാതെയും അവനെ അങ്ങേയറ്റം വ്യക്തിപരമായി സ്നേഹിച്ചുകൊണ്ടുമാണ്. തന്നെ ഒറ്റിക്കൊടുക്കുന്നത് യൂദാസാണെന്ന് യോഹന്നാനൊഴിച്ച് മറ്റുള്ളവർക്ക് മനസ്സിലാകാത്ത വിധത്തിലും യൂദാസിന് പ്രത്യേകവിധം സ്നേഹത്തിന്റെ പങ്കുവയ്ക്കൽ നൽകിയുമാണ് ഈശോ ഈ കൃത്യം നിർവ്വഹിക്കുന്നത് (വാ.21-30). തന്റെ ജീവിതാനുഭവങ്ങളുടെ പിന്നിൽ പിതാവായ ദൈവമാണ് പ്രവർത്തിക്കുന്നതെന്ന വിശ്വാസത്താൽ നയിക്കപ്പെട്ടും, ദൈവത്തിന്റെ സ്നേഹത്തിൽ നിലനിന്നുകൊണ്ടുമാണ് ഈശോ ഈ സന്ദർഭത്തെ നേരിടുന്നത്. പൗരോഹിത്യകൂട്ടായ്മയിൽ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ അത് ദൈവപരിപാലനയിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിലും, ദൈവസ്നേഹത്തിന്റെ കൂട്ടായ്മയിലുമായിരിക്കണമെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു. അപ്പോൾ അത് പൗരോഹിത്യകൂട്ടായ്മയിലുള്ള എല്ലാവർക്കും വലിയ പ്രചോദനം നൽകുന്ന പങ്കുവയ്ക്കലായിരിക്കും.

**3. പുരോഹിതൻ: ഈശോയെപ്പോലെ സ്നേഹിക്കുന്നവൻ**

*"ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ"* (വാ. 34).



'പുതിയ കല്പന' എന്നാണ് ഈശോ സ്നേഹത്തിന്റെ കല്പനയെ വിശേഷിപ്പിക്കുന്നത്. പഴയ ഉടമ്പടിയുടെ സ്ഥാനത്ത് പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുന്നുവെന്നും പുതിയ ഉടമ്പടിയുടെ വ്യവസ്ഥ സ്നേഹത്തിന്റെ കല്പനയാണെന്നും ഇവിടെ സൂചനയുണ്ട്. പഴയ ഉടമ്പടിയുടെ വ്യവസ്ഥ അരുതുകളിൽ ഒതുങ്ങിനിന്ന കല്പനകളായിരുന്നുവെങ്കിൽ, പുതിയ ഉടമ്പടിയുടെ വ്യവസ്ഥ ആകേണ്ടതുകളിലേക്കു കടന്നുചെല്ലുന്നതും ഈശോയുടെ സ്നേഹത്താൽ പ്രചോദിതവുമായ പരസ്നേഹത്തിന്റെ കല്പനയാണ്. പുതിയ ഉടമ്പടി ജനതയാകുന്ന സഭയിലെ എല്ലാ അംഗങ്ങളും പ്രാവർത്തികമാക്കേണ്ട കല്പനയാണ് പരസ്നേഹത്തിന്റെ ഈ കല്പന. ഈ പരസ്നേഹജീവിതം സഭാസമൂഹത്തിന്റെ മുഖമുദ്രയുമാകണം. "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (വാ. 35). ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കണമെന്ന് ഇവിടെ പ്രത്യേകം എടുത്തുപറയുന്നുണ്ട്. 'പോലെ' എന്നുള്ള വാക്കിന് (ഗ്രീക്കിൽ 'കാഥോസ്') രണ്ട് അർത്ഥങ്ങളുണ്ട്. ഒന്ന്, 'മാതൃക', അതായത് ഈശോയുടെ സ്നേഹം നമുക്ക് മാതൃകയാകണം. രണ്ട്, 'ഉറവിടം', അതായത് ഈശോയുടെ സ്നേഹം നമ്മുടെ സ്നേഹത്തിന് ഉറവിടമാകണം. മറ്റു വാക്കുകളിൽ, നാം ഈശോയുടെ സ്നേഹത്തിൽ നിലനിന്നാലേ, ഈശോയെപ്പോലെ സ്നേഹിക്കാൻ നമുക്ക് കഴിയൂ. ഇതേപ്പറ്റി മറ്റൊരു സന്ദർഭത്തിൽ ഈശോ പറയുന്നതിങ്ങനെയാണ്: "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15: 19). ഈശോയുമായി നല്ല സ്നേഹബന്ധം പുലർത്തുന്നവർക്കേ ഈശോയെപ്പോലെ സ്നേഹിക്കാൻ കഴിയൂ.

പുരോഹിതന്റെ ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെടുന്ന സഭാമക്കളുടെയിടയിൽ ഈ സ്നേഹം പുലരണമെങ്കിൽ പുരോഹിതർ ഈ സ്നേഹം ജീവിക്കുകയും ജീവിക്കാൻ മറ്റു വിശ്വാസികളെ സഹായിക്കുകയും ചെയ്യണം. ഈശോ തന്റെ ശിഷ്യരുമായി പങ്കുവച്ച വിധത്തിലുള്ള ഒരു സ്നേഹകൂട്ടായ്മയാണ് പുരോഹിതരുടെയിടയിൽ പുലരേണ്ടത്. ഇത് പ്രായോഗികമാകണമെങ്കിൽ പുരോഹിതഗണത്തിൽപ്പെട്ട ഓരോ പുരോഹിതനും നിത്യപുരോഹിതനുമായി വ്യക്തിപരമായ ഒരു സ്നേഹബന്ധം സ്ഥാപിക്കുകയും ജീവിക്കുകയും വേണം. ഈശോയുടെ സ്നേഹജീവിതം തന്റെ ജീവിതമാതൃകയാക്കണം. വി. മരിയ വിയാനിയുടെ അജപാലനശൈലി ഇതിന് ഉത്തമമാതൃകയാണ്. ബലിപീഠത്തിൽനിന്നും കുമ്പസാരക്കൂട്ടിലേയ്ക്കും, കുമ്പസാരക്കൂട്ടിൽനിന്നും ബലിപീഠത്തിലേയ്ക്കുമുള്ള ഒരു നിരന്തരയാത്രയായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷാജീവിതം. ബലിപീഠത്തിൽനിന്നും ഈശോയുടെ ക്ഷമിക്കുന്ന, കരുണയുള്ള സ്നേഹം ഏറ്റുവാങ്ങി കുമ്പസാരക്കൂട്ടിൽ അനു

താപത്തോടെ വരുന്ന പാപികൾക്ക് കൈമാറുന്ന നിരന്തരമായ ഒരു സ്നേഹശുശ്രൂഷയായിരുന്ന അദ്ദേഹത്തിന്റെ ജീവിതം പുരോഹിതർക്ക് പ്രചോദനമാകണം. അതുപോലെ തങ്ങളുടെ അജപാലന ശുശ്രൂഷക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന സഭാസമൂഹങ്ങളെ ആദിമസഭാമാതൃകയിൽ, ഈശോയെപ്പോലെ പരസ്പരം സ്നേഹിക്കുന്ന സമൂഹങ്ങളായി കെട്ടിപ്പടുക്കുവാൻ അവർ നിരന്തരം പരിശ്രമിക്കുകയും വേണം.

### 4. പുരോഹിതൻ: ഈശോയെ അനുഗമിക്കുന്നവൻ

*"ശിമയോൻ പത്രോസ് ചോദിച്ചു: കർത്താവേ, നീ എവിടേയ്ക്കു പോകുന്നു? ഈശോ പ്രതിവചിച്ചു. ഞാൻ പോകുന്നിടത്തേയ്ക്ക് ഇപ്പോൾ എന്നെ അനുഗമിക്കുവാൻ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീട് നീ അനുഗമിക്കും"* (വാ. 36).

ക്രിസ്തുശിഷ്യത്വമാണ് ക്രൈസ്തവആദ്ധ്യാത്മികതയുടേയും പുരോഹിതആദ്ധ്യാത്മികതയുടേയും അടിസ്ഥാനം. ശിഷ്യത്വത്തിന്റെ മുഖമുദ്രയാണ് 'ഈശോയെ അനുഗമിക്കൽ'. 'ഈശോയെ അനുഗമിക്കുക' എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നതെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നുണ്ട്. രക്തസാക്ഷിത്വത്തിനു തുല്യമായ ഒരു ജീവിതമാണ് ക്രിസ്തുശിഷ്യത്വമെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. 'ഇപ്പോൾ എന്നെ അനുഗമിക്കുവാൻ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീട് നീ അനുഗമിക്കും' എന്നു പറഞ്ഞത് അന്വർത്ഥമാകുന്നത് പത്രോസിന്റെ ഗുരുനിഷേധത്തിലും (യോഹ 18: 17–18; 25–27) പിന്നീടുള്ള ഏറ്റുപറച്ചിലിലുമാണ് (യോഹ 21: 15–19). 'ഈശോയെ അനുഗമിക്കുക' എന്നു പറഞ്ഞാൽ 'ഈശോയെ മറ്റെല്ലാറ്റിലുമുപരി, സ്വന്തം ജീവനെക്കാളുമുപരി, സ്നേഹിക്കുക' എന്നതാണ്. അന്ത്യത്താഴസമയത്ത് പത്രോസ് ഇപ്രകാരമുള്ള ഒരു സ്നേഹത്തിലേയ്ക്ക് വളർന്നിട്ടില്ലായിരുന്നു. പിന്നീട് മിശിഹായുടെ ഉത്ഥാനത്തിനുശേഷമാണ്, എല്ലാറ്റിലുമുപരി ഈശോയെ സ്നേഹിക്കുന്നവനും, രക്തസാക്ഷിത്വത്തിലൂടെ ഈശോയെ മഹത്വപ്പെടുത്താൻ കഴിവുറ്റവനുമായി പത്രോസ് ശിഷ്യത്വം സ്വന്തമാക്കിയത്: "ഇത് അവൻ പറഞ്ഞത് ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനുശേഷം ഈശോ അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു" (യോഹ 21: 19).

ശിഷ്യത്വം ജീവിതപങ്കാളിത്വം ഉൾക്കൊള്ളുന്നതാണ്. മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധത്തോടാണ് ഈശോ ശിഷ്യരുമായുള്ള തന്റെ ബന്ധത്തെ ഉപമിക്കുന്നത്: "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" (യോഹ 15: 3). ഈശോയുമായുള്ള നിരന്തരസഹവാസമാണ് ശിഷ്യത്വത്തിന്റെ അന്തഃസത്ത. പ്രാർത്ഥനയിലും ശുശ്രൂഷയിലും നിര



ന്തരം ഈശോയോടൊത്ത് ആയിരിക്കുന്ന ഒരു ജീവിതപങ്കാളിത്തമാണ് ശിഷ്യത്വത്തിൽ നിലനിൽക്കുവാൻ നമ്മെ സഹായിക്കുന്നത്. ഈശോയോടൊത്തുള്ള പ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുവാൻ സാധിക്കാതിരുന്നത് പത്രോസിന് ഈ ജീവിതപങ്കാളിത്തം വേണ്ടവിധം ഉറപ്പിക്കുവാൻ സാധിച്ചില്ല എന്നതിന്റെ സൂചനയാണ് (ലൂക്കാ 22: 39–46). പുരോഹിതന് ഈശോയുമായുള്ള ജീവിതപങ്കാളിത്തത്തിൽ പ്രാർത്ഥനാജീവിതം നയിക്കുവാനും നിരന്തരം ശുശ്രൂഷ ചെയ്യുവാനും കഴിയണം. "തന്നോടുകൂടെ ആയിരിക്കുവാനും അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോ 3: 14–15) എന്നുള്ള സുവിശേഷകന്റെ പ്രസ്താവന ഇത് സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ ഈശോയെ അനുഗമിക്കുന്ന ഒരു ജീവിതമായിരിക്കണം പുരോഹിതന്റേത്.

### 5. പുരോഹിതൻ: വീഴ്ചകളിലൂടെ വളരുന്നവൻ

*"ഈശോ പ്രതിവചിച്ചു, നീ എനിക്കുവേണ്ടി ജീവൻ ത്യജിക്കുമെന്നോ? സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ എന്നെ മൂന്നുപ്രാവശ്യം തള്ളിപ്പറയുന്നതുവരെ കോഴി കൂവുകയില്ല"* (വാ. 38).

ഈശോയ്ക്കുവേണ്ടി തന്റെ ജീവൻ ത്യജിക്കും എന്നു പത്രോസ് ഉറപ്പിച്ചു പറഞ്ഞപ്പോൾ ഈശോ അതിനെ ചോദ്യം ചെയ്യുകയും പത്രോസ് തന്നെ മൂന്നുപ്രാവശ്യം നിഷേധിക്കുമെന്ന് പ്രവചിക്കുകയും ചെയ്തു. 'ഈശോയെ അനുഗമിക്കുക' എന്നു പറയുന്നത് സാവകാശം യാഥാർത്ഥ്യമാകേണ്ട ഒരു ജീവിതപ്രക്രിയയാണ്. നമ്മുടെ മാനുഷികത നമ്മോടൊപ്പമുള്ളിടത്തോളംകാലം ഈശോയുമായുള്ള സ്നേഹബന്ധത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുക സ്വാഭാവികമാണ്. വീഴ്ചകളും ഉണ്ടായെന്നു വരാം. അതുകൊണ്ട് ഈശോയോടുള്ള സ്നേഹബന്ധത്തിൽ നാം സാവകാശം വളരണം, ഉറപ്പിക്കപ്പെടണം. ഈശോയുടെ ഉത്ഥാനത്തിനുശേഷം ഈശോയുമായുള്ള സ്നേഹബന്ധത്തിൽ പത്രോസ് ഉറപ്പിക്കപ്പെടുന്ന രംഗം വിവരിക്കുന്നുണ്ട് (യോഹ 21:1–19). മൂന്നു പ്രാവശ്യം തന്നെ നിഷേധിച്ചു പറഞ്ഞ പത്രോസിനോട് മൂന്നു പ്രാവശ്യം "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന് ചോദിക്കുകയും, "ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ" എന്ന് പത്രോസിൽനിന്ന് മറുപടി സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ് ഈ ഉറപ്പിക്കപ്പെടൽ നടക്കുക.

മറ്റൊരു വസ്തുതകൂടെ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. വീഴ്ചകളിലൂടെ വളരുന്ന ഒരു പ്രക്രിയയാണ് ക്രിസ്തുശിഷ്യത്വം. സഭയുടെ നേതൃത്വത്തിലേയ്ക്ക് വിളിക്കപ്പെട്ട് ഈശോയുടെ ജീവിതാനുഭവത്തിൽ പ്രത്യേകം പങ്കാളിയാകുവാൻ ഭാഗ്യം സിദ്ധിച്ച പത്രോസാണ് ഈശോയെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞത്. എങ്കിലും ഈശോ തന്റെ ശിഷ്യത്വത്തിൽനിന്നും പത്രോസിനെ തള്ളിക്കളഞ്ഞില്ല. പത്രോസിന്റെ വീഴ്ചയിൽ അലിവുതോ

ന്നിയ ഈശോ പത്രോസിനെ വീണ്ടും തന്റെ സ്നേഹത്തിൽ ഉറപ്പിച്ച് തന്റെ ശുശ്രൂഷയിൽ സ്ഥിരപ്പെടുത്തുകയാണ് ചെയ്തത്. ഇത് നമ്മെ അനുസ്മ രിപ്പിക്കുന്നത് നമ്മുടെ വീഴ്ചകൾ നമ്മെ തളർത്തരുത് എന്നതാണ്. നമ്മുടെ വീഴ്ചകൾ നമ്മെ വളർത്തുന്ന ചവിട്ടുപടികളാവണം. ഇങ്ങനെ സംഭവിക്ക ണമെങ്കിൽ കർത്താവിന്റെ നിലയ്ക്കാത്ത സ്നേഹത്തിൽ വിശ്വസിക്കുകയും ജീവിതാനുഭവങ്ങളുടെ പിന്നിലുള്ള കർത്താവിന്റെ സ്നേഹത്തിലേയ്ക്ക് കണ്ണുതുറക്കുകയും ചെയ്യണം. ഇതിന് പ്രാർത്ഥനാജീവിതം നമ്മെ സഹാ യിക്കും. അനുദിന ജീവിതാനുഭവങ്ങളെ ദൈവസ്നേഹത്തിലുള്ള വിശ്വാ സത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി പ്രാർത്ഥിക്കുവാൻ നമുക്കു സാധി ക്കണം. അങ്ങനെയുള്ള ഒരു പ്രാർത്ഥനാജീവിതം നയിക്കുമ്പോൾ നമ്മുടെ വീഴ്ചകൾ നമ്മെ തളർത്താതെ ഈശോയുടെ സ്നേഹത്തിലേയ്ക്ക് നമ്മെ വളർത്തുന്ന ചവിട്ടുപടികളായി മാറും. സാവകാശം ഈശോയുടെ സ്നേഹ ത്തിൽ ഉറപ്പിക്കപ്പെട്ട് നാം അവിടുത്തെ ശിഷ്യരാവുകയും ചെയ്യും.

**ജീവിതസൂചിക**

1. ദൈവത്തേയും ദൈവസ്നേഹത്തേയും വെളിപ്പെടുത്തുന്നതും അങ്ങനെ ദൈവമഹത്വം തേടുന്നതുമായ ഒരു ജീവിതമാണോ എന്റേത്?
2. ഹൃദയം തുറന്നു പങ്കുവയ്ക്കുന്ന ഒരു കൂട്ടായ്മയായി പുരോഹിതകൂ ട്ടായ്മയെ രൂപപ്പെടുത്തുവാൻ എനിക്ക് എന്തുചെയ്യാൻ കഴിയും?
3. ഈശോയുടെ സ്നേഹം എന്റെ അജപാലനസ്നേഹത്തിന് മാതൃകയും ഉറവിടവുമാകുന്നുണ്ടോ?
4. പ്രാർത്ഥനാജീവിതത്തിലൂടെയും ശുശ്രൂഷാതീക്ഷ്ണതയിലൂടെയും ഈശോയുമായുള്ള ജീവിതപങ്കാളിത്തം ഞാൻ നിലനിർത്തുന്നുണ്ടോ?
5. എന്റെ വീഴ്ചകളെ ഈശോയുടെ സ്നേഹത്തിൽ എന്നെ വളർത്തുന്ന ചവിട്ടുപടികളാക്കാൻ ഞാൻ എന്തുചെയ്യണം?





# പാലാ മിഷൻ വാർത്തകൾ

**1. തിരുനാൾ**

കൊത്തഗൂഡം വില്ലേജ് ചാപ്പലിൽ വി. ഫ്രാൻസീസ് സേവ്യറിന്റെ തിരു നാൾ ഡിസംബർ 3-ന് ആഘോഷിച്ചു. റവ. ഫാ. ജോസഫ് മുളവരിക്കൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**2. സായാഹ്ന കൺവൻഷൻ**

മന്നഗൂഡം വില്ലേജിൽ ക്രിസ്മസിന് ഒരുക്കമായി ഡിസംബർ 12, 13 തീയ തികളിൽ വൈകുന്നേരം 6 മുതൽ 10 വരെ വചനപ്രഘോഷണം നടത്തി. ബെല്ലംപള്ളി പള്ളിയിലെ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ നേതൃത്വം നൽകി.

**3. ക്രിസ്മസ് ആഘോഷങ്ങൾ**

വെങ്കിട്ടപുരം സ്റ്റേഷനിൽ ഡിസംബർ 22, 23 തീയതികളിൽ കരോൾ നട ത്തി. 24-ന് കുട്ടികളുടെ കലാകായികമത്സരങ്ങൾ നടന്നു. രാത്രിയിൽ ക്രിസ്മസ് തിരുക്കർമ്മങ്ങൾ ഉണ്ടായിരുന്നു. എല്ലാവർക്കും കേക്ക് വിതരണം ചെയ്തു. 25-ന് വോളിബോൾ മത്സരം നടത്തി. 6 ടീമുകൾ പങ്കെടുത്തു. രാത്രിയിൽ കുട്ടികളുടെ കലാപരിപാടികൾ നടത്തി. മാറിഡിഘട്ട്-18, കൊത്തൂർ-19, കാസിപ്പള്ളി-20, മേട്ടുപ്പള്ളി-21 എന്നിവിടങ്ങളിൽ കരോളും ക്രിസ്മസ് തിരുക്കർമ്മങ്ങളും നടത്തി.

നെന്നൽ സ്റ്റേഷനിൽ 22, 23 തീയതികളിൽ കരോൾ നടത്തി. 24-ന് രാത്രി ക്രിസ്മസ് തിരുക്കർമ്മങ്ങളും കേക്ക് വിതരണവും നടന്നു. ഖർജി-23, കോനം പേട-24, കൊത്തഗൂഡം-25, കൊത്തപലനി-26, മന്നഗൂഡം-27 എന്നിവിടങ്ങ ളിൽ കരോൾ, ക്രിസ്മസ് തിരുക്കർമ്മങ്ങൾ എന്നിവ നടത്തി. ഗൊല്ലപ്പള്ളി സ്റ്റേഷനിൽ ഡിസംബർ 24-ന് കരോളും രാത്രി ക്രിസ്മസ് തിരുക്കർമ്മങ്ങളും കേക്കുവിതരണവും നടത്തി.

**4. പുതുവർഷം**

ഡിസംബർ 31 രാത്രി വർഷാവസാനപ്രാർത്ഥനയും ആരാധനയും നട ത്തി. ജനുവരി ഒന്നിന് വെങ്കിട്ടപുരം, നെന്നൽ, ഗൊല്ലപ്പള്ളി എന്നീ സ്റ്റേഷനു കളിൽ വർഷാരംഭപ്രാർത്ഥന, വി. കുർബാന എന്നിവ നടത്തി. പാലാ മിഷന്റെ കലണ്ടർ എല്ലാ ക്രൈസ്തവഭവനങ്ങളിലും നൽകി.

**5. യുവജനധ്യാനം**

ആദിലാബാദ് രൂപതാ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ഉട്നൂരിൽ നടന്ന ധ്യാനത്തിൽ പാലാ മിഷനിൽ നിന്നും 32 യുവജനങ്ങൾ പങ്കെടുത്തു.

### 6. യാത്രാമംഗളങ്ങൾ

2 വർഷം പാലാ മിഷനിലെ ഗൊല്ലപ്പള്ളി സ്റ്റേഷനിൽ സ്തുത്യർഹമായി ശുശ്രൂഷ ചെയ്തശേഷം പാലാ ഇളംതോട്ടം ഇടവകയിലേക്ക് സ്ഥലം മാറിപ്പോയ റവ. ഫാ. എമ്മാനുവേൽ പെരിയപ്പുറത്തിന് പാലാ മിഷനിലേയും അയൽ ഇടവകകളിലേയും അച്ചന്മാരും സിസ്റ്റേഴ്സും ചേർന്ന് യാത്രാമംഗളങ്ങൾ ആശംസിച്ചു.

### 7. മിഷൻ സന്ദർശനം

ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ പാലാ രൂപതാ ഇവാഞ്ചലൈസേഷൻ ടീമിലെ 11 പേർ ബഹു. കുര്യൻ മറ്റത്തിലച്ചന്റെ നേതൃത്വത്തിൽ പാലാ മിഷൻ സന്ദർശിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്തു. ഫെബ്രുവരി 5 മുതൽ 9 വരെ പാലാ രൂപതാ വികാരിജനറാൾ ബഹു. ജോർജ് ചൂരക്കാട്ടച്ചനും പ്രൊക്യുറേറ്റർ ബഹു. ജോസ് വള്ളോംപുരയിടത്തിലച്ചനും പാലാ മിഷൻ സന്ദർശിക്കുകയും, ആദിലാബാദ് രൂപതയുടെ പുനർനിർമ്മാണം ചെയ്ത കത്തീഡ്രലിന്റെ ആശീർവാദകർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു. ഫെബ്രുവരി 19 മുതൽ 22 വരെ റവ. ഫാ. മാത്യു കുഴിഞ്ഞാലിൽ പാലാ മിഷൻ സന്ദർശിച്ചു. മാർച്ച് 6, 7 തീയതികളിൽ പാലാ മിഷനിലെ മൈലാരം വില്ലേജിൽ മഠം ആരംഭിക്കുന്നതിനുവേണ്ടി L.A.R. കോൺഗ്രിഗേഷന്റെ മദർ ജനറാളും സിസ്റ്റേഴ്സും മൈലാരം വില്ലേജും പാലാ മിഷനും സന്ദർശിച്ചു. പാലാ മിഷൻ സന്ദർശിച്ച എല്ലാവർക്കും നന്ദി.

### 8. മിഷൻ അനുഭവം ഇടവകകളിലേയ്ക്ക്

ഭരണങ്ങാനം (ഫെബ്രുവരി-14), കീഴൂർ (മാർച്ച്-7), മുണ്ടാങ്കൽ, തീക്കോയി, കോതനല്ലൂർ (മാർച്ച്-14) എന്നീ പള്ളികളിൽ കുർബാനമദ്ധ്യേ പാലാ മിഷനെക്കുറിച്ച് പങ്കുവയ്ക്കുകയും കുട്ടികൾക്ക് ക്ലാസ് നയിക്കുകയും ചെയ്തു. ഫാ. മാത്യു പുതിയിടത്ത്, ഫാ. തോമസ് ഓലിക്കൽപുത്തൻപുര, ഫാ. മാത്യു അമ്മോട്ടുകുന്നേൽ എന്നിവർ നേതൃത്വം നൽകി.

### 9. അഭിനന്ദനങ്ങളും നന്ദിയും

പാലാ മിഷനിലെ ഓരോ സ്റ്റേഷനും ഏറ്റെടുത്ത് പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പള്ളികളിലെ ബഹു. വികാരിയച്ചന്മാർക്കും അസിസ്റ്റന്റ് അച്ചന്മാർക്കും ഇടവകാംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. അതുപോലെ പാലാ മിഷന്റെ വിദ്യാഭ്യാസസഹായനിധിയിലേക്ക് സംഭാവന നൽകിയ എല്ലാ അച്ചന്മാരെയും സിസ്റ്റേഴ്സിനേയും മിഷൻലീഗ് അംഗങ്ങളേയും അത്മായസഹോദരങ്ങളേയും പ്രാർത്ഥനാപൂർവ്വം ഓർമ്മിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

**സഹവൈദികർ**



## വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### 1. വിശ്വാസോത്സവം 2010

ഏപ്രിൽ 6 മുതൽ 11 വരെ ദിവസങ്ങളിലായി വിശ്വാസോത്സവം നടത്തപ്പെടുന്നു. വിവിധ ക്ലാസ്സുകളിലേയ്ക്കുള്ള വർക്കുബുക്കുകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. വിശ്വാസോത്സവത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ശ്ലീഹൂസായിൽ കൊടുത്തിട്ടുണ്ട്.

### 2. സ്കോളർഷിപ്പ് പരീക്ഷ

2010 മേയ് 22-ന് വിവിധ കേന്ദ്രങ്ങളിൽ വച്ച് സ്കോളർഷിപ്പ് പരീക്ഷ നടത്തപ്പെടും. സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള (IV മുതൽ XII വരെ) കുട്ടികളുടെ പേര്, ടേമിലി പരീക്ഷയുടെ മാർക്ക്, ഹാജർ, പരീക്ഷാകേന്ദ്രം, പഠിപ്പിച്ച അദ്ധ്യാപകന്റെ പേര് തുടങ്ങിയവ മേയ് 10 (തിങ്കൾ) നു മുമ്പായി രൂപതാ ഓഫീസിൽ ഏല്പിക്കുക. പാലാ, കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട് എന്നീ കേന്ദ്രങ്ങളിലായിരിക്കും പരീക്ഷ നടക്കുക.

### 3. ജീവിതാന്തസ് ക്യാമ്പ്

വിവിധ ജീവിതാന്തസ്സുകൾ തിരഞ്ഞെടുക്കുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് അവരെ സഹായിക്കുന്ന ഒരു ദൈവവിളിക്യാമ്പ് നടത്തുന്നു. ഏപ്രിൽ 14-ന് രാവിലെ ആരംഭിച്ച് 15-ന് വൈകിട്ട് അവസാനിക്കും. ആൺകുട്ടികളും പെൺകുട്ടികളുമുൾപ്പെടെ പരമാവധി നാലുപേരെ ഒരു ഇടവകയിൽ നിന്ന് അയയ്ക്കാം. ക്യാമ്പിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേര് മാർച്ച് 29-ാം തീയതിക്കകമായി രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്. ഇടവകകളിൽ നിന്നും സൽസ്വഭാവികളായ കുട്ടികളെ കണ്ടെത്തി ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുമല്ലോ.

### 4. പ്രഥമ ദിവ്യകാരുണ്യസ്വീകരണം

ഈ വർഷം നാലാംക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികളും പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് ഒരുങ്ങുന്നുണ്ടല്ലോ. ആദ്യകുർബാന സ്വീകരിച്ചവർക്കു മാത്രമേ അഞ്ചാം ക്ലാസ്സിലേക്കു പ്രമോഷൻ അനുവദിക്കുകയുള്ളൂ.

### 5. വിചിന്തനം ക്യാമ്പ്

2010-2011 വർഷങ്ങളിൽ പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള വിചിന്തനം ക്യാമ്പ് ഏപ്രിൽ മാസം 17-18, 24-25, മേയ് 8-9 തീയതികളിലായി നടക്കുന്നു. പങ്കെടുക്കേണ്ടവർ 160 രൂപാ ഫീസടച്ച് രജിസ്റ്റർ ചെയ്യുക.

### 6. പ്രത്യേക അറിയിപ്പ്

X, XII ക്ലാസ്സുകളിലെ വിശ്വാസോത്സവം വർക്കുബുക്ക് മാർക്ക്, ഹാജർ എന്നിവ ഏപ്രിൽ 13, 14 തീയതികളിൽ രൂപതാ വിശ്വാസപരിശീലനകേന്ദ്രം പാലാ ഓഫീസിൽ എത്തിക്കുക.

### 7. ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സംഗമം (ഏയ്ഞ്ചൽസ് മീറ്റ്) 2010 മേയ് 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ കത്തീഡ്രലിൽ നടത്തപ്പെടും.

### 8. തിരുബാലസഖ്യം - ആൽബം മത്സരം

വിശുദ്ധന്മാരുടെ പടങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കി ഏപ്രിൽ 30-നു മുമ്പ് രൂപതാ പരിശീലനകേന്ദ്രത്തിൽ ഏല്പിക്കുക. മത്സരം സംബന്ധിച്ച വിശദവിവരങ്ങൾ ജനുവരി 26 ന് നടന്ന പ്രഥമാദ്ധ്യാപകസമ്മേളനത്തിൽ നൽകിയിട്ടുണ്ട്.

### 9. രക്ഷാകരവേദകീർത്തനം ഓഡിയോ സി.ഡി.

അർണ്ണോസ് പാതിരി രചിച്ച പുത്തൻപാന പരമ്പരാഗത ശൈലിയിൽ പാലാ കമ്യൂണിക്കേഷൻസ് പുറത്തിറക്കി. പുത്തൻപാനയിലെ 10, 11, 12, 13, 14 പാദങ്ങളാണ് ഓഡിയോ സി.ഡി. യിൽ. അടുത്തവർഷം രൂപതാ മേഖലാ കലോത്സവങ്ങളിൽ (കുട്ടികൾക്കും പ്രായപരിധിയില്ലാതെ ഒരിടവകയ്ക്ക് ഒരു ടീം) രക്ഷാകര വേദകീർത്തനം മത്സരം ഉണ്ടായിരിക്കും. സി.ഡി. വാങ്ങി മുൻകൂട്ടി പരിശീലിപ്പിക്കാവുന്നതാണ്.

### 10. സൺഡേസ്കൂൾ സഹായനിധി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സൺഡേ സ്കൂളുകളെ സഹായിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ള കാർഡുകൾ, സമാഹരിച്ച തുക സഹിതം ഏപ്രിൽ 26 ന് (തിങ്കൾ) മുമ്പായി തിരിച്ചേൽപ്പിക്കുമല്ലോ.

### 11. ബൈബിൾ കുറഞ്ഞ നിരക്കിൽ

എല്ലാ കുട്ടികളും വിശുദ്ധഗ്രന്ഥം സ്വന്തമായി ഉപയോഗിച്ചു തുടങ്ങുമെന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമം കോപ്പി ഒന്നിന് 33 രൂപാ നിരക്കിൽ 2010 ജൂൺ 30 വരെ ഓഫീസിൽ ലഭിക്കുന്നതാണ്.

### 12. വിശ്വാസപരിശീലക ഡയറി

വിശ്വാസപരിശീലകർക്കും കുട്ടികൾക്കും ആവശ്യമായ 'വിശ്വാസപരിശീലകഡയറി' യും 'കലണ്ടറും' ഈ വർഷവും തയ്യാറാക്കുന്നുണ്ട്. ആവശ്യമായ കോപ്പികളുടെ എണ്ണം മുൻകൂട്ടി രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

### 13. മതദർശനം

മതദർശനം 2010 ജനുവരി ലക്കം 'സഭാപിതാക്കന്മാർ' പ്രസിദ്ധീകരിച്ചു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**



# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

**1. കരിസ്മാറ്റിക് സംഗമം**

കരിസ്മാറ്റിക് ശുശ്രൂഷകർ മാർച്ച് 6-ന് ഷലോം ഓഡിറ്റോറിയത്തിൽ ചേർന്ന് വചനപ്രഘോഷണം നടത്തി. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**2. ഒരുക്കശുശ്രൂഷ കരിമ്പാനി പള്ളിയിൽ**

കരിമ്പാനി ഇടവകയിലെ വചനദീപ്തി ധ്യാനത്തിന് മുന്നോടിയായുള്ള ആരാധന ശുശ്രൂഷയും ഭവനസന്ദർശനവും മാർച്ച് മാസം 2, 3 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോർജ് കരിന്തോളിൽ തുടങ്ങിയവർ ശുശ്രൂഷകൾ നയിച്ചു.

**3. വചനദീപ്തി ധ്യാനം കരിമ്പാനി പള്ളിയിൽ**

കരിമ്പാനി ഇടവകയിൽ വച്ച് മാർച്ച് മാസം 7 മുതൽ 11 വരെ വചനദീപ്തി ധ്യാനം നടത്തി. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനിൽ കോതമംഗലം, ഔതച്ചൻ കരോട്ട്, സാബു കോഴിക്കോട്ട്, ബാബു തട്ടാംപറമ്പിൽ, സണ്ണി പള്ളിവാതുക്കൽ, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഫാ. ജോർജ് കരിന്തോളിൽ എം.സി.ബി.എസ്., ഫാ. റോയി മുളക്കുപാടം എം.സി.ബി.എസ്. എന്നിവർ സമാപനശുശ്രൂഷകൾ നടത്തി.

**4. ഒരുക്ക ശുശ്രൂഷ ചൂണ്ടച്ചേരി പള്ളിയിൽ**

ചൂണ്ടച്ചേരി ഇടവകയിലെ വചനദീപ്തി ധ്യാനത്തിന് മുന്നോടിയായുള്ള ആരാധനശുശ്രൂഷയും ഭവനസന്ദർശനവും മാർച്ച് 16, 17 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. തോമസ് കിഴക്കേൽ തുടങ്ങിയവർ ശുശ്രൂഷകൾ നയിച്ചു.

**5. വചനദീപ്തി ധ്യാനം ചൂണ്ടച്ചേരി പള്ളിയിൽ**

ചൂണ്ടച്ചേരി ഇടവകയിൽ വച്ച് മാർച്ച് മാസം 21 മുതൽ 25 വരെ വചനദീപ്തി ധ്യാനം നടത്തി. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്ര. ജോയി തെക്കുംചേരിക്കുന്നേൽ, സാബു കോഴിക്കോട്ട്, ബാബു തട്ടാംപറമ്പിൽ, സണ്ണി പള്ളിവാതുക്കൽ, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഫാ. തോമസ് കിഴക്കേൽ സമാപനശുശ്രൂഷകൾ നടത്തി.

**6. മാർച്ചുമാസം വചനദീപ്തി തുടർച്ചാധ്യാനങ്ങൾ**

5-ാം തീയതി വെള്ളിയാഴ്ച വാഗമൺ പള്ളിയിൽ വച്ച് 3 മുതൽ 6 വരെ നടത്തി. ബ്ര. ജോർഡി ഭരണങ്ങാനം ക്ലാസ്സുകൾ നയിച്ചു.

5-ാം തീയതി കവീക്കുന്ന് പള്ളിയിൽ വച്ച് 2.30 മുതൽ 6 വരെ നടത്തി. ബ്ര. ജോൺസൺ കണ്ടത്തിൽ നയിച്ചു.

6-ാം തീയതി കടപ്ലാമറ്റം പള്ളിയിൽ വച്ച് 1.30 മുതൽ 4.30 വരെ നടത്തി. ബ്ര. ജോൺസൺ കണ്ടത്തിൽ നയിച്ചു.

13-ാം തീയതി പൂഞ്ഞാർ പള്ളിയിൽ വച്ച് 1.30 മുതൽ 4.30 വരെ ധ്യാനം നടത്തി. ബ്ര. ബാബു തട്ടാംപറമ്പിൽ നയിച്ചു.

13-ാം തീയതി പാദുവാ പള്ളിയിൽ വച്ച് 1.30 മുതൽ 4.30 വരെ ധ്യാനം നടത്തി. ബ്ര. മാത്യു കല്ലേപ്ലാക്കൽ നയിച്ചു.

# സുവിശേഷവത്കരണം

### 1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന

മാർച്ചുമാസം 5, 12, 19 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 മണി വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സിസ്റ്റർ സാൽവിയാ സി.എം.സി. (മുരിങ്ങൂർ) ബ്ര. ജോർജ് (കാഞ്ഞിരപ്പള്ളി), ബ്ര. ബേബി തട്ടേക്കാട്ട് (മുരിങ്ങൂർ), റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിയ്ക്കൽ, മാത്യു കല്ലേപ്ലാക്കൽ, ജയിംസ് കുറുവാച്ചിറ, ജോയി നെല്ലിയേക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നല്കി.

### 2. കുടുംബകൂട്ടായ്മ റിസോഴ്സ് ടീം

മാർച്ചുമാസം 9-ാം തീയതി കുടുംബകൂട്ടായ്മ റിസോഴ്സ് ടീം ഷലോമിൽകൂടി മെയ് മാസം നടത്തുവാനിരിക്കുന്ന സംഗമത്തിന്റെ വിവിധ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും തിരഞ്ഞെടുത്ത 10 പള്ളികളിലെ റിപ്പോർട്ട് മേടിക്കുവാനും, പോയി പരിശോധിക്കുവാനും തീരുമാനിക്കുകയും ചെയ്തു. ഫാ. തോമസ് മണ്ണൂർ, ഇ.എം. ദേവസ്യാ ഈരൂരിക്കൽ, തോമ്മാച്ചൻ വടക്കേൽ, കെ.ജെ. ജോസഫ് കുരിശുങ്കൽപറമ്പിൽ, ജോസഫ് മറ്റക്കരോട്ട്, സി. ജോസ് മേരി തുടങ്ങിയവർ നേതൃത്വം നല്കി.

### 3. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ

മാർച്ചുമാസം 20-ാം തീയതി രൂപതയിൽ പ്രവർത്തിക്കുന്ന ഇവാഞ്ചലൈസേഷൻ മിനിസ്ട്രികളായ കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, ഗുഡ്സമരിറ്റൻ, മദ്ധ്യസ്ഥ പ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ഷലോമിൽ ഒരുമിച്ചുകൂടി, കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും, ഈ മാസം പ്രവർത്തിക്കേണ്ട കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. എല്ലാ മിനിസ്ട്രികളിലും പ്രവർത്തിക്കുന്നവർ ആത്മാർത്ഥമായി ദൈവത്തിനുവേണ്ടി എന്ന പോലെ പ്രവർത്തിക്കണമെന്ന് ഡയറക്ടർ ഫാ. തോമസ് മണ്ണൂർ ഉദ്ബോധിപ്പിച്ചു. റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

### 4. ജയിൽ മിനിസ്ട്രി

ഇവാഞ്ചലൈസേഷന്റെ ഭാഗമായ ജയിൽ മിനിസ്ട്രി അംഗങ്ങൾ, പാലാ അഡോർട്ടുമായി ചേർന്ന് മാർച്ചുമാസം 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ സബ്ജയിൽ



സന്ദർശിച്ചു പ്രാർത്ഥിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു. ഫാ. ജോർജ് വെട്ടുകല്ലേൽ വചനം പങ്കുവയ്ക്കുകയും പാലാ എസ്.എച്ച്. കോൺവെന്റിലെ കുട്ടികൾ വിവിധയിനം കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, സാലി മേത്താനത്ത് തുടങ്ങിയവർ നേതൃത്വം നല്കി.

### 5. തിടനാട് പള്ളിയിൽ അർദ്ധദിന ബോധവൽക്കരണ സെമിനാർ

കഴിഞ്ഞ മാസം 14-ാം തീയതി ഞായറാഴ്ച തിടനാട് ഇടവകയിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി രൂപതാ റിസോഴ്സ് ടീം ബോധവത്കരണസെമിനാർ നടത്തി. ക്ലാസ്സിന് ബഹു. വികാരി ജോർജ് വഞ്ചിപ്പുരയ്ക്കലച്ചനും അസി. വികാരി ബഹു. ജോസഫ് മേയിക്കലച്ചനും നേതൃത്വം നല്കി. രൂപതാ കോർഡിനേറ്റർ തോമ്മാച്ചൻ വടക്കേൽ, രൂപതാ സെക്രട്ടറി കെ.ജെ. ജോസഫ് കുരിശുങ്കൽപറമ്പിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു.

### 6. ദമ്പതീധ്യാനം ഫെബ്രുവരി - മാർച്ച് 31 വരെ

കോതനല്ലൂർ ഫൊറോനാപള്ളിയിൽ മാർച്ച് 12, 13, 14 തീയതികളിൽ 4.30 pm മുതൽ 9.00 pm വരെ നടന്ന ദമ്പതീധ്യാനം റവ. ഫാ. തോമസ് മണ്ണൂർ, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സിസ്റ്റർ ബെന്നി, ഷേർളി പാളിയിൽ, സണ്ണി, ജെസി വാഴയിൽ, റ്റി.ഡി. ജോർജ്, ലിസിക്കുട്ടി തെക്കുംചേരിക്കുന്നേൽ എന്നിവർ നയിച്ചു.

a. മണ്ണാറപ്പാറ പള്ളിയിൽ 11-02-2010 ൽ റ്റി.ഡി. ജോർജ്, ലിസിക്കുട്ടി തെക്കുംചേരിക്കുന്നേൽ എന്നിവർ 2 മണി മുതൽ 4 മണി വരെ ധ്യാനിപ്പിച്ചു.

b. ഉള്ളനാട് ഇടവകയിൽ ഫെബ്രുവരി 28-ാം തീയതി ബെന്നി പാളിയിൽ 11 മുതൽ 1.30 വരെ ധ്യാനിപ്പിച്ചു.

c. കാഞ്ഞിരമറ്റം ഇടവകയിൽ മാർച്ച് 14-ാം തീയതി കെ. പി. ജോസഫ് കൂവയിൽ 1.30 മുതൽ 4 മണിവരെ ധ്യാനിപ്പിച്ചു.

d. കാളികാവ് ഇടവകയിൽ ഫെബ്രുവരി 7-ാം തീയതി ബെന്നി പാളിയിൽ 2 മുതൽ 4 വരെ ധ്യാനിപ്പിച്ചു.

e. കുറിഞ്ഞി ഇടവകയിൽ മാർച്ച് 6-ാം തീയതി സെബാസ്റ്റ്യൻ നടുവിലേക്കുറ്റ് 2 മുതൽ 4 വരെ ധ്യാനിപ്പിച്ചു.

f. കവീക്കുന്ന് ഇടവകയിൽ മാർച്ച് 14-ാം തീയതി ജയിംസ് വെട്ടുകാട്ടിൽ 2 മുതൽ 4 വരെ ധ്യാനിപ്പിച്ചു.

g. ഉരുളികുന്നം ഇടവകയിൽ ഫെബ്രുവരി 28-ാം തീയതി ബെന്നി പാളിയിലും, റ്റി. ഡി. ജോർജ് തെക്കുംചേരിക്കുന്നേലും 4 മുതൽ 6.30 വരെ ധ്യാനിപ്പിച്ചു.

h. മീനച്ചിൽ ഇടവകയിൽ മാർച്ച് 21-ാം തീയതി ജെയിംസ് വെട്ടുകാട്ടിൽ 10.45 മുതൽ 1 മണി വരെ ധ്യാനിപ്പിച്ചു.

i. കടനാട് ഇടവകയിൽ മാർച്ച് 21-ാം തീയതി റ്റി.ഡി. ജോർജ്, ലിസിക്കുട്ടി തെക്കുംചേരിക്കുന്നേൽ എന്നിവർ 2 മുതൽ 4 വരെ ധ്യാനിപ്പിച്ചു.

# ജീസസ് യൂത്ത്

### 1. സർവ്വീസ് ടീം കൂട്ടായ്മ

മാർച്ചുമാസം 7–ാം തീയതി സർവ്വീസ് ടീം അംഗങ്ങൾ എല്ലാവരും ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുകയും ജീസസ് യൂത്ത് സംഘടനയുടെ 25–ാം വാർഷികത്തോട് അനുബന്ധിച്ചുള്ള രൂപതാതല ആഘോഷങ്ങളെപ്പറ്റി ചർച്ച ചെയ്തു.

### 2. രണ്ടാം ഞായർ കൂട്ടായ്മ

മാർച്ച് മാസം 14–ാം തീയതി സെന്റ് തോമസ് കോളജിൽ രാവിലെ 9.30 മുതൽ 3.30 വരെ രണ്ടാം ഞായർ കൂട്ടായ്മ നടന്നു.

### 3. ഇന്റർനാഷണൽ കോർഡിനേറ്റർ വിസിറ്റിംഗ്

മാർച്ച്മാസം 16–ാം തീയതി ഇന്റർനാഷണൽ കോർഡിനേറ്റർ ജോർജ് ദേവസി, നാഷണൽ കോർഡിനേറ്റർ ലിജോ കട്ടപ്പന തുടങ്ങിയവർ പാലാ സോൺ സന്ദർശിച്ചു. അഭിവന്ദ്യ കല്ലറങ്ങാട്ടുപിതാവിനെ സന്ദർശിച്ച് അനുഗ്രഹം വാങ്ങുകയും പാലാ സോണിലെ മുൻ ജീസസ് യൂത്ത് അംഗങ്ങളെയും ഇപ്പോഴുള്ള അംഗങ്ങളെയും വിവിധ സ്കൂളുകളിലെ ജീസസ് യൂത്ത് ആനിമേറ്റേഴ്സിനെയും കണ്ട് സംസാരിച്ചു. ബഹു. തോമസ് മണ്ണൂരച്ചൻ, ബഹു. കുര്യൻ മറ്റത്തിലച്ചൻ, ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

### 4. മൂന്നാം ശനി കൂട്ടായ്മ

ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് മാർച്ച് 20–ാം തീയതി (ശനിയാഴ്ച) വൈകുന്നേരം 5 മുതൽ 21–ാം തീയതി ഞായറാഴ്ച രാവിലെ 8 വരെ '3–ാം ശനിയാഴ്ച കൂട്ടായ്മ' നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജോർജുകുട്ടി എടേട്ട് എന്നിവർ നേതൃത്വം നൽകി.

### 5. രാത്രി ആരാധന

മാർച്ച് 20–ാം തീയതി നടന്ന രാത്രി ആരാധനയിൽ ജീസസ് യൂത്ത് വിദ്യാർത്ഥികൾക്കായി പ്രത്യേകം പ്രാർത്ഥിച്ചു. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബാബു തട്ടാംപറമ്പിൽ തുടങ്ങിയവർ നേതൃത്വം നല്കി.

### 6. നൈറ്റ് വിജിൽ

മാർച്ച് 5, 12, 19, 26 വെള്ളിയാഴ്ചകളിൽ സെന്റ് തോമസ് കോളജിൽ വച്ച് നൈറ്റ് വിജിൽ പ്രാർത്ഥന വൈകുന്നേരം 7 മുതൽ 12 വരെ നടത്തപ്പെട്ടു.

**ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങമാക്കൽ (ഡയറക്ടേഴ്സ്)**



# കെ.സി.വൈ.എം.

### 1. അഭിനന്ദനങ്ങൾ

കെ.സി.വൈ.എം. പാലാ രൂപതയുടെ 2009 വർഷത്തെ മികച്ച മേഖലകളായി തെരഞ്ഞെടുക്കപ്പെട്ട കുറവിലങ്ങാട്, അരുവിത്തുറ മേഖലകൾക്കും മികച്ച യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെട്ട അരുവിത്തുറ, കുറവിലങ്ങാട് യൂണിറ്റുകൾക്കും മികച്ച രണ്ടാമത്തെ യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട കാഞ്ഞിരത്താനം യൂണിറ്റിനും മികച്ച ബി യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട ചെമ്മലമറ്റം ബി യൂണിറ്റിനും മികച്ച രണ്ടാമത്തെ ബി യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട കോതനല്ലൂർ യൂണിറ്റിനും കെ.സി.വൈ.എം. പാലാ രൂപതയുടെ അഭിനന്ദനങ്ങൾ!!!

### 2. 'സീനിയേഴ്സ് മീറ്റ് 2010'

കാലത്തിന്റെ ചരിത്രത്താളുകളിൽ കെ.സി.വൈ.എമ്മിന് സമുന്നതമായ ഇടം നേടിക്കൊടുക്കുവാൻ യത്നിച്ച പ്രസ്ഥാനത്തിന്റെ മുൻകാലനേതാക്കളുടെ സംഗമം 'സീനിയേഴ്സ് മീറ്റ് 2010' എന്ന പേരിൽ ഏപ്രിൽ മാസം 14–ാം തീയതി നടത്തപ്പെടും.

### 3. കൗൺസിൽ

2010 മാർച്ച് 7–ാം തീയതി രൂപതാ കൗൺസിൽ നടത്തപ്പെട്ടു. രൂപതാ കൗൺസിലിൽ വച്ച് കെ.സി.വൈ.എം. പാലാ രൂപതയുടെ 2010 പ്രവർത്തനവർഷത്തെ കർമ്മപരിപാടികൾ രൂപതാ പാസ്റ്ററൽ കോ–ഓർഡിനേറ്റർ വെരി. റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ ഉദ്ഘാടനം ചെയ്തു. മികച്ച യൂണിറ്റുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുകയും മുൻകാല ഭാരവാഹികൾക്ക് മെമന്റോ നൽകുകയും ചെയ്തു.

### 4. മേഖലാ പ്രവർത്തനോദ്ഘാടനം

കെ.സി.വൈ.എം. 2010 മേഖലാപ്രവർത്തനോദ്ഘാടനങ്ങൾ തീക്കോയി, കുറവിലങ്ങാട്, പൂഞ്ഞാർ, ഇലഞ്ഞി, അരുവിത്തുറ മേഖലകളിൽ നടന്നു.

### 5. കർമ്മവീഥി പ്രകാശനവും മേഖല യൂണിറ്റ് ഭാരവാഹികളുടെ സംഗമവും

കെ.സി.വൈ.എം. പാലാ രൂപതാസമിതിയുടെ കീഴിലുള്ള മേഖലാ യൂണിറ്റ് ഭാരവാഹികളുടെ സംഗമവും കർമ്മവീഥി പ്രകാശനവും 2010 മാർച്ച് 28–ാം തീയതി നടന്നു.

### 6. YATP 18–ാം ബാച്ച് ആരംഭം

സമർപ്പിതരും പ്രേഷിതചൈതന്യം തുളുമ്പുന്നവരുമായ നേതൃത്വവാസനയുള്ള യുവജനങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന YATP 18–ാം ബാച്ച് ഏപ്രിൽ 23–ന് ആരംഭിക്കുന്നതും 2010 ഡിസംബറിൽ പൂർത്തിയാക്കുന്നതുമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമായിരിക്കും പ്രവേശനം ലഭിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി ഏപ്രിൽ 10 ശനിയാഴ്ച 4 p.m. അപേക്ഷാഫോ

മിനും രജിസ്ട്രേഷനും രൂപതാഓഫീസുമായി ബന്ധപ്പെടുക.

**7. മെഡിക്കൽ ക്യാമ്പുകൾ**

ആയുർവ്വേദം, ഹോമിയോ, അലോപ്പതി എന്നീ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ താൽപര്യമുള്ള യൂണിറ്റുകൾ രൂപതയുമായി ബന്ധപ്പെടുക.

**8. റിസോഴ്സ് ടീം**

വിവിധ തലങ്ങളിൽ ക്ലാസ്സുകൾ എടുക്കുന്നതിനും ക്യാമ്പ് സംഘടിപ്പിക്കുന്നതിനും പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനുവേണ്ടി കെ.സി.വൈ.എം. റിസോഴ്സ് ടീം രൂപീകരിക്കുന്നു.

**9. റീജിയണൽ സെക്രട്ടറിമാരെ തെരഞ്ഞെടുത്തു**

റോയി കട്ടങ്കകുളത്തിൽ (അറക്കുളം), പ്രദീപ് കുര്യാക്കോസ് (ചേർപ്പുങ്കൽ), റിജോഷ് പുല്ലപ്പള്ളിൽ (മാൻവെട്ടം) എന്നിവരെ റീജിയണൽ സെക്രട്ടറിമാരായി തെരഞ്ഞെടുത്തു.

**10. തീർത്ഥാടനപദയാത്ര**

മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി കാൽവരിയിൽ ജീവാർപ്പണം ചെയ്ത യേശുനാഥന്റെ പീഡാനുഭവയാത്ര അനുസ്മരിച്ചുകൊണ്ട് ആത്മീയതയുടെ നിറവിൽ യുവജനകൂട്ടായ്മയ്ക്ക് ശക്തി സംഭരിക്കുവാൻ മാർച്ച് 26-ാം തീയതി നാൽപതാം വെള്ളിയാഴ്ച കെ.സി.വൈ.എം. പാലാ രൂപത തീർത്ഥാടന പദയാത്ര സംഘടിപ്പിച്ചു.

**ഫാ. ജോസഫ് ആലഞ്ചേരി (ഡയറക്ടർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

**1. വിശുദ്ധനാട് സന്ദർശനം**

വൈദികവർഷം പ്രമാണിച്ച് പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് രൂപതയിലെ ബഹു. വൈദികർക്ക് മാത്രമായി ഒരു വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുന്ന വിവരം അറിഞ്ഞുകാണുമല്ലോ. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ എത്രയുംവേഗം അറിയിക്കുമല്ലോ.

**2. ബൈബിൾ ക്ലാസ്**

ബൈബിൾ അപ്പോസ്തലേറ്റ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ദ്വിവത്സരബൈബിൾ ക്ലാസ്സിന്റെ മാർച്ച് മാസത്തിലെ ക്ലാസ് ഡോ. അബ്രാഹം പേഴുംകാട്ടിൽ നയിച്ചു. അടുത്ത ക്ലാസ് ഏപ്രിൽ 10-ാം തീയതി ശനിയാഴ്ച നടക്കും.

**ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ (ഡയറക്ടർ)**



# സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. വനിതാദിനം ആഘോഷിച്ചു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ 13 സോൺ പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ ഫൊറോനാതലത്തിൽ വിപുലമായ പരിപാടികളോടെ വനിതാദിനം ആഘോഷിച്ചു.

**2. നിയമബോധവൽക്കരണക്ലാസ്**

ഗ്രാമീണജനങ്ങൾക്ക് നിയമസഹായം ലഭ്യമാക്കാനുതകുംവിധം പി.എസ്.ഡബ്ല്യു.എസ്. ആവിഷ്കരിച്ചിരിക്കുന്ന നിയമബോധവൽക്കരണപരിപാടിയുടെ ഭാഗമായി വിവിധ സ്വാശ്രയസംഘങ്ങളിൽ നിയമബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.

**3. കൊയ്ത്തുൽസവം**

പി.എസ്.ഡബ്ല്യു.എസ്., എസ്.എച്ച്.ജി. കളുടെ സംഘാതകാർഷികപരിപാടിയുടെ ഭാഗമായുള്ള നെൽകൃഷിയുടെ വിളവെടുപ്പ് - കൊയ്ത്തുൽസവം - മുളക്കുളം, രാമപുരം, നീറന്താനം തുടങ്ങി വിവിധ സ്ഥലങ്ങളിൽ നടന്നു.

**4. ടാങ്ക് വിതരണം**

മേൽത്തരം സിന്റാ വാട്ടർ ടാങ്കുകൾ വിവിധ സ്വാശ്രയസംഘങ്ങളിൽ വിതരണം ചെയ്തു.

**5. മുയൽ വിതരണം**

'മുയലും വീടും' പദ്ധതിയുടെ ഭാഗമായി മുട്ടുചിറ റീജിയണിലെ കോതനല്ലൂർ, മണ്ണാറപ്പാറ, ശാന്തിപുരം, തിരുമാറാടി, കൂത്താട്ടുകുളം, വാലാച്ചിറ, കടുത്തുരുത്തി, ഫാത്തിമാപുരം, രത്നഗിരി, കുറവിലങ്ങാട് തുടങ്ങി വിവിധ സംഘങ്ങളിൽ മുയൽക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**6. അടുക്കളത്തോട്ടം : അവാർഡുകൾ സമ്മാനിച്ചു**

"ഹരിതഭവനം" പദ്ധതിയുടെ ഭാഗമായി പി.എസ്.ഡബ്ല്യു.എസ്. സംഘടിപ്പിച്ച അടുക്കളത്തോട്ടമത്സരത്തിലെ സമ്മാനിതർക്ക് സോണൽ തലത്തിൽ അവാർഡുകൾ വിതരണം ചെയ്തു.

**7. ബത്തേരിയിലേക്ക് പഠനയാത്ര**

സാമൂഹികപ്രവർത്തനരംഗത്തെ പുത്തൻ വികസനതന്ത്രങ്ങൾ പരിചയപ്പെടുവാൻ ലക്ഷ്യം വച്ചുകൊണ്ട് ഡയറക്ടർ ഫാ. തോമസ് വാലുമ്മേലിന്റെ നേതൃത്വത്തിൽ പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫംഗങ്ങൾ വയനാട്ടിലേക്ക് പഠനയാത്ര നടത്തി. സുൽത്താൻ ബത്തേരി രൂപതയുടെ സാമൂഹ്യപ്രവർത്തനകേന്ദ്രമായ ശ്രേയസ് സന്ദർശിച്ച് ആശയവിനിമയം നടത്തിയ സംഘം മീനങ്ങാടി, കുളകപ്പാറ, മീരാൽ തുടങ്ങി വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ച് പഠനം നടത്തി.

**8. ജലദിനം ആചരിച്ചു**

അന്താരാഷ്ട്ര ജലദിനത്തോടനുബന്ധിച്ച് പി.എസ്.ഡബ്ല്യു.എസ്. ജലവിഭവശില്പശാല സംഘടിപ്പിച്ചു. ഷലോമിൽ വെച്ചു നടന്ന ശില്പശാലയുടെ ഉദ്ഘാടനം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ നിർവ്വഹിച്ചു.

**9. കൂവപ്പൊടി: വിപണനം ആരംഭിച്ചു**

പി.എസ്.ഡബ്ല്യു.എസിന്റെ സഹോദരസംരംഭമായ സിയോൻ ആരോ റൂട്ട് യൂണിറ്റ് ഉൽപ്പാദിപ്പിച്ച മേൽത്തരം കൂവപ്പൊടിയുടെ വിപണനം ആരംഭിച്ചു. കൂവപ്പൊടി മൊത്തമായോ ചില്ലറയായോ ആവശ്യമുള്ളവർ പി.എസ്.ഡബ്ല്യു.എസ്. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

## പാലാ കമ്മ്യൂണിക്കേഷൻസ്

**1. 'ശലഭക്കാഴ്ചകൾ' അരങ്ങിലേക്ക്**

പാലാ സാന്ത്വന കൗൺസലിംഗ് സെന്ററിന്റെ സഹകരണത്തോടെ പാലാ കമ്മ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന 'ശലഭക്കാഴ്ചകൾ' 2010 ഏപ്രിൽ 5-ാം തീയതി വൈകുന്നേരം 5 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പാരീഷ് ഹാളിൽ അരങ്ങേറുന്നു. പതിവുനാടകരീതികളിൽ നിന്നും വ്യത്യസ്തമായ ഈ ഒരു മണിക്കൂർ നാടകത്തിൽ പ്രധാനമായും കുട്ടികളാണ് അഭിനയിക്കുന്നത്. കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള ഈ നാടകത്തിനുശേഷം മനശാസ്ത്രവിദഗ്ധരായ റവ. ഫാ. മാത്യു പന്തലാനി, റവ. ഫാ. കുര്യൻ ആനിത്താനം, സി. ഡോ. പ്രശാന്തി സി.എം.സി., മിസ്. ഏയ്ഞ്ചൽ തോമസ് എന്നിവർ. നാടകം നൽകുന്ന സന്ദേശത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിക്കുന്നതാണ്.

**2. "പുത്തൻപാന" പുറത്തിറങ്ങി**

അർണ്ണോസ് പാതിരി രചിച്ച 'പുത്തൻപാന' യുടെ പ്രധാന ഭാഗമായ 10, 11, 12 പാദങ്ങൾ ഇതാദ്യമായി സി.ഡി. രൂപത്തിൽ പുറത്തിറങ്ങി. ഗാഗുൽ ജോസഫ്, ബാബു പൈക, മെലിൻ എന്നിവരാണ് ഗായകർ. സുറിയാനി സംഗീതത്തെ അടിസ്ഥാനപ്പെടുത്തി, പരമ്പരാഗതമായി ആലപിച്ചുവരുന്ന ഈണങ്ങളിലാണ് ഈ പാദങ്ങൾ ആലപിച്ചിരിക്കുന്നു. വില 50/- രൂപ.

**3. Palai.com ന്യൂസ് പോർട്ടൽ**

പാലായുടെ സ്പന്ദനം ലോകം അറിയട്ടെ. പാലായുടെ ശബ്ദം ലോകമെമ്പാടും അറിയിച്ച palai.com ഇന്റർനെറ്റിൽ വാർത്താവിതരണത്തിലേക്കും കാൽവയ്ക്കുന്നു. പാലായുടെ വാർത്തകൾ ഉടനടി ലോകം മുഴുവൻ എത്തിക്കുന്ന ന്യൂസ് പോർട്ടൽ പാലാ കമ്മ്യൂണിക്കേഷൻസ് ഉടൻ ആരംഭിക്കുന്നു. കാത്തിരിക്കുക.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**



## ഫാമിലി അപ്പോസ്തോലേറ്റ്

### മാതൃജ്യോതി

**1. അറക്കുളം**

മാതൃജ്യോതിയുടെ യൂണിറ്റ് ബഹു. നെല്ലിക്കത്തെരുവിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ നടുത്തടത്തിലച്ചൻ ഉദ്ഘാടനം ചെയ്തു. റവ. സി. ജോസി മരിയ, മേരി പോൾ എന്നിവർ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

**2. വെള്ളിയാമറ്റം**

ബഹു. പുല്ലാട്ടച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മാതൃജ്യോതിയുടെ യൂണിറ്റ് രൂപതാ ഡയറക്ടർ ബഹു. നടുത്തടത്തിലച്ചൻ ഉദ്ഘാടനം ചെയ്തു. റവ. സി. ജോസി മരിയ, മേരി പോൾ, സിസിലി സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സെടുത്തു.

**3. ഫീസ്റ്റാശംസകൾ**

മാർച്ച് 19-ന് രൂപതാ സമിതി അംഗങ്ങൾ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ബിഷപ് ഹൗസിലെത്തി അഭിവന്ദ്യപിതാക്കന്മാർക്ക് ഫീസ്റ്റ് മംഗളങ്ങൾ ആശംസിച്ചു.

**4. മാതൃജ്യോതി പതിമൂന്നാമതു മേഖല**

പാലാ രൂപത മാതൃജ്യോതിയുടെ പ്രവർത്തനമികവിന് പൊൻതൂവൽ ചാർത്തിക്കൊണ്ട്, മാർച്ച് 20-ന് ശനിയാഴ്ച മൂലമറ്റം മേഖല രൂപംകൊണ്ടു. അങ്ങനെ രൂപതയിലെ 13 ഫൊറോനാകളിലും മാതൃജ്യോതി പ്രവർത്തനം സജീവമായി. പെരി. ബഹു. അലക്സ് മൂലക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം മൂലമറ്റം മേഖല ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് എം.സി. ഏലിക്കുട്ടി പുല്ലാട്ട് മേഖലാ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ജോ. ഡയറക്ടർ സി. ജോസി മരിയാ, രൂപതാ വൈസ് പ്രസിഡന്റ് മേരി പോൾ, ട്രഷറർ സിസിലി സെബാസ്റ്റ്യൻ, യൂണിറ്റ് ജോ. ഡയറക്ടർ എന്നിവർ ആശംസകൾ നേർന്നു.

**5. വിവാഹഒരുക്ക സെമിനാർ**

പാലാ രൂപതാ ഫാമിലി സെന്റർ വഴി എല്ലാ മാസവും നടത്തിവരുന്ന വിവാഹഒരുക്ക സെമിനാർ മാർച്ചുമാസത്തിൽ 9 - 11; 22 - 25 എന്നീ തീയതികളിലായി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുകയുണ്ടായി. 257 പേർ രണ്ട് കോഴ്സുകളിലുമായി സംബന്ധിക്കുകയും സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു.

ഏപ്രിൽ മാസത്തെ വിവാഹഒരുക്ക സെമിനാർ 5 - 8, 19 - 22 എന്നീ തീയതികളിലായി നടക്കുന്നതാണ്.

**6. സാന്ത്വന കൗൺസലിംഗ്**

സാന്ത്വനകൗൺസിലിംഗിന് സെന്റർ വഴി മാർച്ചുമാസത്തിൽ 49 പേർക്ക് കൗൺസിലിംഗിനുള്ള സൗകര്യം ലഭിക്കുകയുണ്ടായി.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

# ഏ.കെ.സി.സി.

## 1. ലീഡേഴ്സ് മീറ്റ്

എ.കെ.സി.സി. പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്ത ലീഡേഴ്സ് മീറ്റ് മാർച്ച് 28-ന് മുണ്ടാങ്കൽ പാരീഷ് ഹാളിൽ നടന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് എം.എം. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. സാജു അലക്സ്, ജോയി മുത്തോലി എന്നിവർ സംസാരിച്ചു.

കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനായി നടന്ന ചർച്ചകളിൽ ജോൺ കച്ചിറമറ്റം, രാജീവ് കൊച്ചുപറമ്പിൽ, ജോൺ മിറ്റത്താനി, അഡ്വ. പ്രിൻസോ കല്ലങ്കാവുങ്കൽ, മാഗി ജോസ്, സെബാസ്റ്റ്യൻ മാളിയേക്കൽ, തോമസ് മാഞ്ഞൂരാൻ, പ്രൊഫ. റെജി മേക്കാടൻ, പി.സി. ജോസഫ്, ബേബി ആലുങ്കൽ, പ്രൊഫ. കെ.എം. മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

## 2. നവവൈദികർക്ക് സ്വീകരണം

ഈ വർഷം രൂപതയിൽ അഭിഷിക്തരായ വൈദികർക്ക് രൂപതാസമിതി സ്വീകരണം നൽകി. ബിഷപ് ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉപഹാരങ്ങൾ സമ്മാനിച്ചു.

## 3. സ്വീകരണം നൽകി

മികച്ച സൺഡേ സ്കൂൾ അധ്യാപകനുള്ള എ.കെ.സി.സി. സംസ്ഥാന അവാർഡും, പാലാ രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അവാർഡും നേടിയ ഇലഞ്ഞി മേഖലാ സെക്രട്ടറി ബേബി ആലുങ്കലിനും പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റ് നേടിയ അരുവിത്തുറ മേഖലാ പ്രസിഡന്റ് പ്രൊഫ. റെജി മേക്കാടനും രൂപതാ സമിതി സ്വീകരണം നൽകി.

## 4. മേവിടയിൽ സെമിനാർ

ഈ വർഷത്തെ പഠനവിഷയമായ 'സാമുദായിക ശാക്തീകരണം എ.കെ.സി.സി. യിലൂടെ' എന്ന വിഷയത്തിൽ സെമിനാർ മാർച്ച് 27-ന് നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. ഡാന്റീസ് കൂനാനിക്കൽ, സണ്ണി നായിപുരയിടം എന്നിവർ സംസാരിച്ചു.

## 5. വയോജനദിനം

മുണ്ടാങ്കൽ ഇടവകയിൽ എ.കെ.സി.സി. യുടെയും മറ്റ് സംഘടനകളുടെയും സംയുക്തആഭിമുഖ്യത്തിൽ വയോജനദിനം ആഘോഷിച്ചു. 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കായി ദിവ്യബലിയും സെമിനാറും നടന്നു. 50 വയസ്സിൽ താഴെയുള്ള നാല് മക്കളിൽ കൂടുതലുള്ള ദമ്പതികളെ യോഗത്തിൽ ആദരിച്ചു.

## 6. വാരിയാനിക്കാട് യൂണിറ്റ് രൂപീകരണം

വാരിയാനിക്കാട് ഇടവകയിൽ യൂണിറ്റ് രൂപീകരണ സെമിനാർ നടന്നു. ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ, ഫാ. ജോസഫ് തറപ്പേൽ, സാജു അലക്സ്, ജോർജ് ഓടയ്ക്കൽ എന്നിവർ സംസാരിച്ചു.

**സാജു അലക്സ് (ജനറൽ സെക്രട്ടറി)**



# ഉന്നത വിദ്യാഭ്യാസത്തിന്റെ പടവുകൾ തേടി!! വിജ്ഞാന വിസ്ഫോടനം!!

**ഭാവിയിൽ സിവിൽ സർവ്വീസ്, മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകൾ നമ്മുടെ കുട്ടികളുടെ കൈകളിലും ഭദ്രമാക്കേണ്ടേ?**

*ഇതിനായി തുടർപരിശീലനപരിപാടികൾ ഇതാ...*

1. 2010 ഏപ്രിൽ 11, 12, 13 തീയതികളിൽ യു.പി. സ്കൂൾ കുട്ടികൾക്കായി സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം.
2. ഏപ്രിൽ 13-ാം തീയതി 4.00 pm മുതൽ 15-ാം തീയതി 2. pm വരെ എച്ച്. എസ്. കുട്ടികൾക്കായി ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം.
3. തദവസരത്തിൽ പ്രഗല്ഭരായ സിസ്റ്റേഴ്സ് കുട്ടികൾക്കായി കൗൺസലിംഗ് നൽകുന്നു.
4. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുടെ രക്തപരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങളും മരുന്നുകളും സൗജന്യമായി നൽകുന്നു.
5. X, XII ക്ലാസിലെ കുട്ടികൾക്കായി ഏപ്രിൽ 20, 21 തീയതികളിൽ വിവിധ സേവനമേഖലകളിൽ നിന്നുള്ള പ്രഗല്ഭരായ വ്യക്തികൾ നയിക്കുന്ന കരിയർ ഗൈഡൻസ് ക്യാമ്പ്. ക്യാമ്പ് 20-ാം തീയതി രാവിലെ 9.00 മണിക്ക് ആരംഭിക്കുന്നു. ക്യാമ്പ് അംഗങ്ങളെ എറണാകുളത്തുള്ള ഇൻഫോ പാർക്കിലേയ്ക്ക് ടൂർ കൊണ്ടുപോകുന്നതാണ്.
6. റിസോഴ്സ് ടീം ക്യാമ്പ് പൂർത്തിയാക്കിയവർക്കായി 2010 മെയ് 24 മുതൽ 29 വരെ സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നൽകുന്നു (സംസാരമാദ്ധ്യമം : ഇംഗ്ലീഷ്)
7. 2010 ജൂൺ മുതൽ യുവതീയുവാക്കൾക്കായുള്ള റിസോഴ്സ് ടീം ട്രെയിനിംഗ് ആരംഭിക്കുന്നു. XII-ാം ക്ലാസ് പഠനം പൂർത്തിയാക്കിയ 35 വയസ്സിൽ കവിയാത്തവർക്ക് ഇതിൽ ചേരാവുന്നതാണ്.

8 മാസം നീളുന്ന ഈ ത്രിദിന ക്യാമ്പുകൾ എല്ലാ രണ്ടാം ശനിയാഴ്ചയുടെയും തലേ വെള്ളിയാഴ്ച 6.30 ന് ആരംഭിച്ച് ഞായറാഴ്ച 1.00 pm ന് സമാപിക്കുന്നു.

8. മുതിർന്നവർക്കായുള്ള ലീഡേഴ്സ് ക്യാമ്പ് പാലാ, മുട്ടുചിറ റീജിയൺ തിരിച്ച് എല്ലാ മാസവും 3-4 (ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നു.
9. 2009 ഒക്ടോബർ മാസം നടന്ന അർദ്ധവാർഷികപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ മുതൽ, ബി ഗ്രേഡ് വരെ ലഭിച്ച ക്യാമ്പിൽ സംബന്ധിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് പ്രത്യേക ക്യാഷ് അവാർഡ് നൽകുന്നു.
10. വിവിധ പഠനരംഗങ്ങളിൽ സെക്കൻഡ് ക്ലാസ്സിൽ കുറയാത്ത മാർക്ക് ലഭിച്ച കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകി വരുന്നു.
11. കരിയർ ഗൈഡൻസ് ക്യാമ്പിൽ സംബന്ധിച്ച +2 ന് ഏറ്റവും കൂടുതൽ മാർക്കു ലഭിച്ച വിദ്യാർത്ഥിക്ക് 5000 രൂപയുടെ കുറവിലങ്ങാട് പുലിയള്ളി മലയിൽ മെമ്മോറിയൽ ട്രസ്റ്റ് സ്കോളർഷിപ്പ് സംഘടന വഴി നല്കപ്പെടുന്നു.

പ്രഗത്ഭരായ അദ്ധ്യാപകർ നയിക്കുന്ന ക്ലാസ്സുകളും പരിശീലനപരിപാടികളും മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. മാത്യു കിഴക്കെഅരഞ്ഞാണിയിൽ (ഡയറക്ടർ)**

# നിര്യാതയായി

### 1. സി. ഫൗസ്തീന

തീക്കോയി ഇടവക നെല്ലിക്കുന്നേൽ ദേവസ്യാ-മറിയം ദമ്പതികളുടെ അഞ്ച് മക്കളിൽ മൂന്നാമത്തെ പുത്രിയായി 1921 സെപ്റ്റംബർ 14-ാം തീയതി ഫൗസ്തീനാമ്മ ഭൂജാതയായി. മാമ്മോദീസായിൽ ബ്രിജീറ്റ് എന്ന പേര് നൽകപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മുട്ടുചിറ മഠത്തിൽ അർത്ഥിനിയായി ചേർന്ന് സി. ഫൗസ്തീന എന്ന പേര് സ്വീകരിച്ചു. 09-05-1955 ൽ ആദ്യവ്രതവും 19-05-1958 ൽ നിത്യവ്രതവും അനുഷ്ഠിച്ച അമ്മ തന്റെ സന്യാസജീവിതത്തിന്റെ ഭൂരിഭാഗവും മുട്ടുചിറ മഠത്തിലാണ് ചെലവഴിച്ചത്. പ്രൊവിൻഷ്യൽ ഹൗസ്, മുത്തോലി, റാണിഗിരി എന്നീ മഠങ്ങളിലും അമ്മ തന്റെ നിസ്വാർത്ഥസേവനം കാഴ്ചവച്ചിട്ടുണ്ട്. 2005 മേയ് മാസത്തിൽ അമ്മയ്ക്ക് വ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും ലഭിച്ചു. നിശബ്ദമായ സഹനം, ദൈവാശ്രയത്വം, അധികാരികളോടുള്ള വിധേയത്വം, പരസ്നേഹം എന്നീ സുകൃതങ്ങൾ ഫൗസ്തീനാമ്മയിൽ വിളങ്ങി ശോഭിച്ചിരുന്നു. ഈശോയുടെ മാതൃകയനുസരിച്ച് അവസാനംവരെ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്ത ഫൗസ്തീനാമ്മ അന്ത്യദിനങ്ങളിൽ മറ്റുള്ളവരുടെ ശുശ്രൂഷ നന്ദിയോടെ സ്വീകരിച്ചു. 05-03-2010-ന് പ്രഭാതഭക്ഷണത്തിനുശേഷം ശാന്തമായി കിടക്കയെ അഭയം ഗമിച്ച അമ്മ സമൂഹാംഗങ്ങളുടെ സാന്നിധ്യത്തിൽ തന്റെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. പിറ്റേദിവസം രാവിലെ വെരി. റവ. ഫാ. അബ്രാഹം പൊതിയിട്ടേൽ മഠം ചാപ്പലിൽ ദിവ്യബലി അർപ്പിക്കുകയും തുടർന്ന് കുടുംബാംഗമായ റവ. ഫാ. തോമസ് പുല്ലാട്ട് സംസ്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ബഹു. വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മുട്ടുചിറ ഫൊറോനാപള്ളി സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

### 2. സി. എൽസീന മണക്കാട്ടുമറ്റം എസ്.എം.സി.

അമനകര സെന്റ് മർത്താസ് മഠാംഗമായിരുന്ന സി. എൽസീന മണക്കാട്ടുമറ്റം എസ്.എം.സി. (80 വയസ്സ്) 30-01-2010 ശനിയാഴ്ച രാവിലെ



9.30 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 31-01-2010 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് അമനകര മഠം ചാപ്പലിൽ റവ. ഡോ. ജോസഫ് കുഴിഞ്ഞാലിലും റവ. ഡോ. ഡൊമിനിക് വെച്ചൂരും മറ്റു വൈദികരും ചേർന്ന് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് മൃതദേഹം രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപള്ളി സിമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

ദൈവസ്നേഹം കൊണ്ടു ജ്വലിക്കുന്നതും, പ്രാർത്ഥനയും ത്യാഗവും പരസ്നേഹവും നിറഞ്ഞുനിന്നതുമായ ധന്യജീവിതത്തിന്റെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

### 3. സി. എയ്ഞ്ചൽ മേരി (എഫ്.സി.സി.)

ളാലം ക്ലാരമഠാംഗമായിരുന്ന സി. എയ്ഞ്ചൽ മേരി പുളിക്കത്തടത്തിൽ (85 വയസ്സ്) 23-02-2010 ചൊവ്വാഴ്ച 7.30 pm ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 24-ാം തീയതി ബുധനാഴ്ച 2.30 pm ന് റവ. ഫാ. മാത്യു ചീരാംകുഴിയുടെ മുഖ്യകാർമ്മികത്വത്തിൽ മഠം ചാപ്പലിൽ അർപ്പിച്ച ദിവ്യബലിയെത്തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പ്രധാനകാർമ്മികത്വത്തിൽ ളാലം പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

പാലാ സെന്റ് മേരീസ്, ചെമ്മലമറ്റം എന്നീ സ്കൂളുകളിൽ 20 വർഷം അദ്ധ്യാപികയായും 10 വർഷം ഹെഡ്മിസ്ട്രസായും സി. എയ്ഞ്ചൽ മേരി നിസ്തുലസേവനം ചെയ്തു. ലാളിത്യം നിറഞ്ഞ സമർപ്പണജീവിതം നയിച്ച് അദ്ധ്യാപനത്തിലൂടെയും ഇടവകസേവനത്തിലൂടെയും ദൈവത്തെയും ദൈവജനത്തെയും സ്നേഹിച്ച് ശുശ്രൂഷിച്ച് സ്വയാർപ്പണം ചെയ്ത ബഹു. എയ്ഞ്ചൽ മേരിയമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.



# PRAYER DAY (REF. VOL. XXXV NO.1)

## (2010 April. 13 - 2010 May. 11)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Vazhacharickal Thomas | April.13 |
| 2. | Vazhakkapara Mathew | 14 |
| 3. | Vechoor Dominic | 15 |
| 4. | Vedikunnel Thomas | 16 |
| 5. | Vekathanam Scaria | 17 |
| 6. | Vellachalil Kuriakose | 18 |
| 7. | Vellamaruthumkal Jacob | 19 |
| 8. | Velamparambil Joseph | 20 |
| 9. | Velamparambil Cyrus | 21 |
| 10 | Vellamkal James | 22 |
| 11. | Vellaplackil George | 23 |
| 12. | Vellaramkuzhy Augustine | 24 |
| 13. | Vellaringatt Kurian | 25 |
| 14. | Vellaringatt Jacob | 26 |
| 15. | Velliamthadam Mani | 27 |
| 16. | Velooparambil George | 28 |
| 17. | Vengathanam Andrews | 29 |
| 18. | Vennaippillil James | 30 |
| 19. | Vethanath Sebastian | May. 1 |
| 20. | Vettathel Joseph | 2 |
| 21. | Vettickal Thomas | 3 |
| 22. | Vettoonickal Joseph | 4 |
| 23. | Vettikuzhichalil Xavier | 5 |
| 24. | Vettukallel Sebastian | 6 |
| 25. | Vettukallel Mathew | 7 |
| 26. | Vettukallel George | 8 |
| 27. | Vettukallel James | 9 |
| 28. | Vettukattil Thomas | 10 |
| 29. | Vilakunnel Joseph | 11 |



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

ഫെബ്രുവരി 22 - മാർച്ച് 8

ഗോഹട്ടിയിൽ വച്ചു നടന്ന സി.ബി.സി.ഐ. സമ്മേളനത്തിൽ പങ്കെടുത്തു.

മാർച്ച് 9

സന്ദർശകരെ സ്വീകരിച്ചു.

6.00 pm കത്തീഡ്രലിൽ വച്ചു നടന്ന ഹോസ്പിറ്റലിനുവേണ്ടി മുറി സ്പോൺസർ ചെയ്യുവാൻ സന്നദ്ധരായ 35 ഓളം ആളുകളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

മാർച്ച് 10

10.00 am കാക്കൊമ്പ് പള്ളിയിൽ ബഹു. തോമസ് ഓലിക്കലച്ചന്റെ പൗരോഹിത്യജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

5.00 pm ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ മൂന്നാം വർഷ വിദ്യാർത്ഥികളെ കണ്ട് സംസാരിച്ചു.

മാർച്ച്11

9.00 am പുത്തൻ പള്ളിക്കുന്ന് മാർ അപ്രേം ഫോർമേഷൻ സെന്ററിൽ വൈദികവിദ്യാർത്ഥികളെ കണ്ട് സംസാരിച്ചു.

11.30 am അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവാഹഒരുക്ക സെമിനാറിൽ സന്ദേശം നല്കി.

മാർച്ച്12

സന്ദർശകരെ സ്വീകരിച്ചു.

മാർച്ച് 13

8.30 am തിരുവനന്തപുരത്ത് മലങ്കര കത്തോലിക്കാ സഭയിലെ 4 അഭിവന്ദ്യ പിതാക്കന്മാരുടെ മെത്രാഭിഷേകചടങ്ങുകളിൽ സംബന്ധിച്ചു.

മാർച്ച് 15

11.00 am മൂലമറ്റത്ത് കല്ലറങ്ങാട്ട് അന്നമ്മ ജോസഫിന്റെ ചരമവാർഷികത്തിന് വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

2.00 pm കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡ് മീറ്റിംഗിൽ സംബന്ധിച്ചു.

മാർച്ച് 16

6.00 pm അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നോവീസസിന്റെ തിയോളജി ഇന്റൻസീവ് കോഴ്സിന്റെ കൊൺവൊക്കേഷനിൽ സംബന്ധിച്ച് സന്ദേശം നല്കി.

മാർച്ച് 17

8.30 am ബിഷപ്പ്സ് ഹൗസിൽ കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ മീറ്റിംഗിൽ സംബന്ധിച്ചു.

11.30 am ഭരണങ്ങാനത്ത് എൽഡേഴ്സ് അസോസിയേഷൻ മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നല്കി.

3.00 pm ബിഷപ്പ്സ് ഹൗസിൽ പി.ഡി.എം.ഇ.റ്റി. യുടെ മീറ്റിംഗിൽ സംബന്ധിച്ചു.



7.00 pm വാഗമൺ കുരിശുമല ആശ്രമത്തിൽ ധ്യാനിക്കുന്ന അഭി. പിതാക്കന്മാർക്ക് സന്ദേശം നൽകി.

മാർച്ച് 18-19

സന്ദർശകരെ സ്വീകരിച്ചു.

മാർച്ച് 19

5.15 pm അന്തീനാട് പള്ളിയുടെ തറക്കല്ലിടീൽ കർമ്മം നടത്തി സന്ദേശം നല്കി.

മാർച്ച് 20

11.00 am രാമപുരം മാർ ആഗസ്തീനോസ് കോളജിൽ അവാർഡ് ഡേയോടനുബന്ധിച്ചുള്ള മീറ്റിംഗിൽ സന്ദേശം നല്കുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

5.00 pm തുരുത്തിപ്പള്ളി ഇടവകയിൽ പുതുതായി നിർമ്മിച്ച പാരീഷ് ഹാളിന്റേയും ഗ്രോട്ടോയുടെയും വെഞ്ചിരിപ്പ് കർമ്മം നടത്തുകയും തുടർന്ന് നടന്ന മീറ്റിംഗിൽ സന്ദേശം നൽകുകയും ചെയ്തു.

മാർച്ച് 20-21

പാലയ്ക്കാട്ടുമല ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

മാർച്ച് 21

3.30 pm മുണ്ടാങ്കൽ ഇടവകയിൽ കാനാട്ട് സിറിയക് അച്ചന്റെ സഹോദരൻ കെ.ജെ. അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

മാർച്ച് 22

3.00 pm എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

6.00 pm സെന്റ് തോമസ് കോളജിൽ വച്ചു നടന്ന Annual get together-ൽ സംബന്ധിച്ചു.

മാർച്ച് 23

സന്ദർശകരെ സ്വീകരിച്ചു.

03.00 pm ബിഷപ്സ് ഹൗസിൽ വച്ചു നടന്ന ബൈബിൾ കൺവൻഷൻ മീറ്റിംഗിൽ സംബന്ധിച്ചു

5.30 pm കൊട്ടുകാപ്പള്ളി മെമ്മോറിയൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

07.30 pm മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു.

മാർച്ച് 24

4.00 pm എറണാകുളം ലിസി ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന തോമസ് ഐരമന അച്ചനെ സന്ദർശിച്ചു.

6.00 pm കടുത്തുരുത്തി, പൂഴിക്കോലിൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ദേവാലയം സന്ദർശിച്ചു.

മാർച്ച് 25

11.00 am അൽഫോൻസാ കോളജിൽ വച്ച് നടന്ന ഈ വർഷം റിട്ടയർ ചെയ്യുന്ന ടീച്ചേഴ്സിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

03.00 pm മുട്ടുചിറ നേഴ്സിംഗ് സ്കൂളിൽ വച്ചു നടന്ന graduation Ceremony-യിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.



മാർച്ച് 26

10.00 am നാൽപതാം വെള്ളിയാഴ്ചയോടനുബന്ധിച്ച് അറുന്നൂറ്റിമംഗലം പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

03.00 pm പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടന്ന അക്കാഡമിക് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച് ഈ വർഷം റിട്ടയർ ചെയ്യുന്ന അധ്യാപകർക്ക് ആശംസകളർപ്പിച്ച് സംസാരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

06.00 pm ബിഷപ്സ് ഹൗസിൽ വച്ചു നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു.

മാർച്ച് 27

09.30 am മൈനർ സെമിനാരിയിൽ വച്ചു നടന്ന സെമിനാരി ഫോർമേറ്റേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

11.45 am കത്തീഡ്രൽ പള്ളിയിൽ 40 മണി ആരാധനയുടെ സമാപന ആശീർവാദകർമ്മം നിർവ്വഹിച്ചു.

മാർച്ച് 28

06.45 am ഓശാനഞായറോടനുബന്ധിച്ച് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

02.30 pm മുണ്ടാങ്കൽ വച്ചു നടന്ന എ.കെ.സി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

മാർച്ച് 29

07.00 am പാലാ രൂപതക്കാരായ 3-ാം വർഷ ദൈവശാസ്ത്രവിദ്യാർത്ഥികളായ 4 പേർക്ക് മ്ശംശാനാ പട്ടം നല്കി.

11.00 am ന് ബിഷപ്സ് ഹൗസിൽ ഫൊറോനാവികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

03.00 pm മേലുകാവുമറ്റം ഇടവകയിൽ ത്രേസ്യാമ്മ ചാക്കോ താഴത്തേലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

മാർച്ച് 31

05.45 pm ന് ഭരണങ്ങാനത്ത് അൽഫോൻസാമ്മ തീർത്ഥാടനകേന്ദ്രത്തിലെ ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

ഏപ്രിൽ 1

03.00 pm കത്തീഡ്രലിൽ വി. കുർബാനയർപ്പിക്കുകയും പെസഹാവ്യാഴതിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

ഏപ്രിൽ 2

02.00 pm കത്തീഡ്രൽ പള്ളിയിൽ ദു:ഖവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

ഏപ്രിൽ 4

03.00 am കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് ഉയിർപ്പുതിരുനാൾ സന്ദേശം നല്കി



# Bishop's Engagements

## Mar Joseph Kallarangatt

April

| | | | |
|---|---|---|---|
| 1 | 03.00 | pm | Maundy Thursday: Cathedral: Holy Qurbana |
| 2 | 02.00 | pm | Good Friday: Cathedral |
| 3 | | | Engaged |
| 4 | 03.00 | am | Easter : Cathedral : Holy Qurbana |
| 5 | 11.30 | am | Marangoly: Blessing |
| | 05.00 | pm | Lalam Old |
| 6 | | | Visitors' Day |
| | 12.00 | noon | Aimcombu |
| 7 | 02.00 | pm | Mandya : Episcopal Ordination - Msgr. George Njaralakatt |
| 8 | 02.00 | pm | Pullorampara:Episcopal Ordination - Msgr. Remigios Inchananiyil |
| 9 | 06.00 | pm | Jose Mount : Blessing |
| 10 | 05.00 | pm | Thrissur : Episcopal Ordination - Msgr. Raphel Thattil |
| 11 | 02.00 | pm | Ramanadhapuram:Episcopal Ordination - Msgr. Paul Alappatt |
| 12 | 02.30 | pm | Chemmalamattam : Ordination - Dn. Joseph Kalakkal CMF |
| 13 | 03.00 | pm | K.C.Y.M. Mekhala Directors Meeting |
| | 05.00 | pm | Muttuchira : Parish Hall Blessing |
| 14 | 07.30 | am | Nelliyani : Holy Qurbana |
| | 11.00 | am | Poovathodu : Meeting |
| | 12.00 | Noon | Plassanal : Meeting |
| | 02.30 | pm | Kuravilangad : Deepika Mekhala Convention |
| 15 | 09.30 | am | Kalikavu : Ordination - Dn. Issac Kuppakkara |
| | 11.30 | am | Pala St. Vincent : Meeting |
| | 12.15 | pm | Ezhachery : Meeting |

| | | | |
|---|---|---|---|
| | 02.30 | pm | Edamaruku : Holy Qurbana |
| 16 | | | Visitors' Day |
| | 08.30 | am | Minor Seminary |
| | 06.00 | pm | Nambiakulam : Blessing |
| 17 | 03.30 | pm | Meenachil |
| 18 | 02.00 | pm | Irinjalakuda : Episcopal Ordination - Msgr. Pauly Kannookadan |
| 19 | 09.30 | am | Changanacherry : Inter Diocesan Meeting |
| 20 | 12.15 | pm | Cathedral |
| 21 | | | Engaged |
| 22 | 07.00 | am | Kayyoor : Holy Qurbana |
| | 10.30 | am | Kozhuvanal : Meeting |
| | 05.00 | pm | Cholathadam : Blessing |
| 23 | 10.00 | am | Aruvithura : Holy Qurbana |
| 24 -29 | | | Bangalore : CBCI Standing Committee Meeting |
| 29 | 02 .30 | pm | Cathedral : C.M.C. Vestition |
| 30 | | | Visitors' Day |
| May | | | |
| 1 | 06.45 | am | Holy Qurbana , Confirmation |
| 1 - 2 | | | Bharanganam : Pastoral Visit |
| 3 | 09.30 | am | Ramapuram : Ordination - Dn. Augustine Pulikkiyil SVD |
| | 02.30 | pm | Moolamattam: Jyothi Bhavan : Vestition & Final Profession |
| 4 | | | Visitor s' Day |
| | 06.30 | pm | Kuravilangad : St. Vincent : Holy Qurbana |
| 5 | 02.30 | pm | DST Generalate : Final Profession |
| | 06.30 | pm | Kalathookadavu : Monthly Recollection |